Date of publication: 9 മാർച്ച് 2017
വോള്യം 13 / ലക്കം 3 / വില 20₹
ISSN 2319 – 9741

അന്വേഷി പ്രസിദ്ധീകരണം

# സംഘടിത



# സ്വാതന്ത്ര്യം

# സ്വാതന്ത്ര്യം

സംഘടിത

സംഘടിത|മാർച്ച് 2017 |വോള്യം 13 |ലക്കം 3



മതവിശ്വാസത്തിന്റെ (അ)സ്വാതന്ത്ര്യമാനങ്ങൾ **ഗീതാനസീർ** 6

17 ചലച്ചിത്രലോകത്തെ സ്ത്രീസ്വാതന്ത്ര്യ ചിന്തകൾ **ശ്രീബാല മേനോൻ**

ദളിത് വിദ്യാർത്ഥിയുടെ സ്വാതന്ത്ര്യാവകാശങ്ങൾ **മായ** 17

21 ഞാൻ കുലീനയല്ല, നിലീനയാണ് **നിലീന അത്തോളി**

സ്വതന്ത്ര ക്യാമ്പസ്സുകൾക്കായി, പ്രതിരോധങ്ങളുണ്ടാവട്ടെ **ഐശ്വര്യ കെ.കെ.** 36

25 ശാസ്ത്രവും സാങ്കേതികവിദ്യയും സ്ത്രീ സ്വാതന്ത്ര്യത്തിന്റെ മറുപുറവും **കെ.ജി. താര**

39 സ്ത്രീകളും സഞ്ചാരസ്വാതന്ത്ര്യവും **ഗീതാഞ്ജലി കൃഷ്ണൻ**

ആലീസിന്റെ മഴവിൽഭൂമികൾ! **ഇഞ്ചിപ്പെണ്ണ്** 42

സ്വാതന്ത്ര്യത്തിന്റെ മഴവിൽ വഴികൾ **വൈഖരി ആര്യാട്ട്** 29

46 സൈബറിടം സ്ത്രീക്കു നൽകുന്ന സ്വാതന്ത്ര്യവും കരുത്തും **സുനിത ദേവദാസ്**



## ഫോട്ടോ ഫീച്ചർ : സ്വാതന്ത്ര്യത്തിലേക്കുള്ള പോരാട്ടമുഹൂർത്തങ്ങൾ

കേസ് ഡയറി സ്മിത കെ.ബി. 53

തിണർപ്പ് സതി അങ്കമാലി 57

പെൺപക്ഷം കെ. അജിത 45

54 വാസ്തവം ഡോ.ജാൻസി ജോസ്

58 പുസ്തകയാത്രകൾ എം.ഡി.രാധിക

55 വായനാനുഭവം ധന്യ പി.ഡി.

21 കവിത സീന എൻ.

50 ഉപ്പും മുളകും ഗീത

ശാസ്ത്രം സീമ ശ്രീലയം 62



**എഡിറ്റർ**:ഡോ. ഷീബ കെ.എം. **മാനേജിംഗ് എഡിറ്റർ**:കെ.അജിത **എക്സി.എഡിറ്റർ**:ഡോ. ജാൻസി ജോസ്, ഗസ്റ്റ് എഡിറ്റർ : **കെ.എ.ബീന**, **പത്രാധിപ സമിതി**: രാജലക്ഷ്മി കെ.എം., ജ്യോതി നാരായണൻ, ഡോ. മിനി പ്രസാദ്, ഡോ. പി. ഗീത, ഡോ.ഖദീജ മുംതാസ്, ഡോ. സുനീത ടി.വി., അഡ്വ.കെ.കെ. പ്രീത, ഷീബാ ദിവാകരൻ, ഡോ. ഷംഷാദ് ഹുസൈൻ, സുൽഫത്ത്, ചാരുലത എ.എസ്., അമീറ വി.യു, ഡോ.ഷർമ്മിള.ആർ, സോണിയ ജോർജ്, മിനി സുകുമാർ **ഉപദേശകസമിതി** : സുഗതകുമാരി, പ്രൊഫ. എം. ലീലാവതി, ഡോ. ശാരദാമണി, ഡോ. മല്ലികാസാരാഭായ്, ഡോ. ബീനാപോൾ **ലേഔട്ട് & കവർ** :സുവിജ കെ., **വെബ്സൈറ്റ്** : വസന്ത പി. **പ്രിന്റിംഗ്** : ഏ-വൺ ഓഫ്സെറ്റ് പ്രിന്റ്സ്, 0495 2441934, 2442934

**സംഘടിത മാസിക**

അന്വേഷി വിമൻസ് കൗൺസലിംഗ് സെന്റർ, കോട്ടൂളി, കുതിരവട്ടം പി.ഒ., കോഴിക്കോട്, ഫോൺ: 0495 2744370

sanghadithacalicut@gmail.com, anweshicalicut@gmail.com www.anweshi.org www.sanghaditha.com

# മുഖപ്രസംഗം



ഷീബ കെ.എം.

ഫെബ്രുവരി മാസം പ്രണയമാഘോഷിക്കാനുള്ളതാണെന്ന് പറയപ്പെടുന്നു. വലിയ വിപ്ലവങ്ങൾപോലും വിഭാവനം ചെയ്യാൻ പ്രണയം അനിവാര്യമെന്ന് ചെ ഗുവേര. മനുഷ്യമനസ്സിനെ അപാരമായ സ്നേഹഗുണങ്ങളിൽ വിന്യസിക്കാൻ ശേഷിയുള്ള ഒരു വികാരം അത്യന്തം ഹിംസാത്മകമായ മാനങ്ങൾ കൈവരിക്കുന്നതെങ്ങനെ? മനസ്സും ശരീരവും തമ്മിലുള്ള ഉൾച്ചേരലുകൾക്കപ്പുറം വ്യക്തികളുടെ മേലുള്ള ഉടമസ്ഥാവകാശം സ്ഥാപിക്കാനുള്ളതായിപ്പോകുന്നുണ്ട് പലപ്പോഴും 'പ്രണയ'ബന്ധങ്ങൾ. ഈ സമവാക്യത്തിൽ കുടുങ്ങി തന്റെതാവുന്നില്ലെങ്കിൽപ്പിന്നെ ഭൂമുഖത്തുനിന്നുതന്നെ തുടച്ചു നീക്കിക്കളയാം എന്ന് വിചാരിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നത് എന്തുമാത്രം നീചമാണ്. ആസിഡ് കൊണ്ടാക്രമിച്ചും കുത്തിക്കൊലപ്പെടുത്തിയുമൊക്കെ 'പ്രണയാ'വിഷ്ക്കാരം നടത്തുന്ന മാതൃക സഗൗരവം പൊളിച്ചെഴുതേണ്ടതുണ്ട്.

പ്രണയത്തിന്റെ പേരിൽ വേട്ടയാടപ്പെട്ട ഒരു യുവാവ് സ്വയം ജീവനെടുക്കേണ്ടി വന്ന മാസം കൂടിയാണ് കഴിഞ്ഞു പോയത്. സ്ത്രീപുരുഷബന്ധങ്ങളെ അസഹിഷ്ണുതയോടെ സമീപിച്ച് കൂടുതൽക്കൂടുതൽ ഇടുങ്ങിയ നിർവചനങ്ങൾക്കകത്ത് ശ്വാസം മുട്ടിച്ച് നിർത്തുകയാണ് 'സദാചാര'സംരക്ഷണം നടത്താനൊരുമ്പെടുന്നവർ. മലയാളിയുടെ ആരോഗ്യകരമായ ലൈംഗിക ജീവിതത്തിന് കടുത്ത വിഘാതങ്ങൾ തന്നെയാണ് ഇത്തരം പ്രവണതകൾ.

ആര് ആരുടെ കൂടെ കൂട്ടുകൂടുമെന്നത് വ്യക്തികളുടെ സ്വകാര്യതീരുമാനങ്ങളാണ്.പല അധികാരങ്ങളിലും ഇരിക്കുന്നവർ അതിൽ കായികമായും തെറിവിളിച്ചും ഇടപെടുന്നത് ഫാഷിസം തന്നെയാണ്. സദാചാരം സ്വയം നിർണ്ണയിക്കാൻ ശ്രമിക്കുന്ന ആൾക്കൂട്ടങ്ങൾ ഒരു സമൂഹത്തിന്റെ ജനാധിപത്യ നടത്തിപ്പിനുതന്നെ ഭീഷണിയാണ്. പുതുചിന്തയ്ക്കും നവീകരണത്തിനും വേദിയാകേണ്ടുന്ന ക്യാമ്പസ്സുകൾ ഈ വിധം സ്ത്രീകൾക്ക് മനുഷ്യാവകാശങ്ങളും ആത്മസാക്ഷാരവും നിഷേധിക്കുന്ന ഇടങ്ങളാവുന്നത് അത്യന്തം അപലപനീയമാണ്. തിരുത്താനുള്ള പരിശ്രമങ്ങൾ ഇനിയും വൈകിക്കൂടാ.

നടിയുടെ നേരെയുണ്ടായ ആക്രമണവും അനന്തര സംവാദങ്ങളും കെട്ടടങ്ങിയെങ്കിലും അതുയർത്തിയ ചോദ്യങ്ങൾ പ്രസക്തമായി നിലനിൽക്കുന്നു. തിരക്കഥ മാറ്റിയെഴുതി സ്ത്രീപക്ഷമാക്കുന്നതിൽ ഒതുങ്ങുന്നില്ല പ്രശ്നപരിഹാരം. ഒരു വ്യവസായം എന്ന നിലയ്ക്ക് നിർമ്മാണം, സംവിധാനം, സാങ്കേതിതഘടകങ്ങൾ, ക്യാമറയുടെ ദൃഷ്ടിപഥങ്ങൾ, വേതനം, വസ്ത്രാലങ്കാരം, ശബ്ദം നൽകൽ , സഞ്ചാരങ്ങൾ, സെറ്റിലെ പെരുമാറ്റ രീതികൾ, ശരീരത്തിനുമേൽ നടക്കുന്ന കൈയേറ്റങ്ങൾ എന്നിങ്ങനെ അനേകമനേകം ഘടകങ്ങളിലായി ഉറപ്പിച്ചെടുക്കുന്ന സ്ത്രീവിരുദ്ധത തകർക്കുന്നതിനായി സമഗ്രമായ ഒരു പൊളിച്ചെഴുത്ത് തന്നെ ആവശ്യമാണ് സിനിമയിൽ.

സ്ത്രീവാദപ്രസ്ഥാനവും മനുഷ്യാവകാശപ്രവർത്തകരും ദശകങ്ങളായി ഉയർത്തിയിട്ടുള്ള പ്രശ്നമാണ് ബാലലൈംഗികപീഡനത്തിന്റേത്. ഉറ്റബന്ധുക്കളോ മതപുരോഹിതരോ മറ്റെന്തെങ്കിലും അധികാരം കൈയാളുന്നവരോ ആണ് കുറ്റക്കാർ എന്നുള്ള കാരണത്താൽ പുറത്തുപറയാൻ പാടില്ലാത്ത രഹസ്യമായി ഇത് തുടർന്നു പോന്നു. നിസ്സഹായതയുടെ നിശ്ശബ്ദതകൊണ്ട് എണ്ണമറ്റ കുരുന്നു ജീവിതങ്ങളാണ് തകർന്നുകൊണ്ടിരിക്കുന്നത്. കുറ്റവാളികൾ കരുത്തരാവുകയും ചെയ്യുന്നു.മതമേലധികാരികളും കുടുംബത്തിലിരിക്കുന്നവരും വിദ്യാഭ്യാസസ്ഥാപനങ്ങളുടെ നടത്തിപ്പുകാരും നീതിന്യായ സംവിധാനങ്ങളും ഒന്നിച്ച് ജാഗ്രത കാണിക്കേണ്ടുന്ന സന്ദർഭമാണിതെന്ന് ഓർമ്മിപ്പിക്കട്ടെ.

വിലക്കയറ്റം ആപൽക്കരമാം വിധം നിത്യജീവിതത്തെ ദുസ്സഹമാക്കിക്കൊണ്ടിരിക്കുന്നു. അരി വില എക്കാലത്തെയും ഉയരത്തിലായി. വറുതിയുടെ കാലങ്ങൾ വിദൂരമല്ല. കുടിവെള്ളം വെറും മരീചികയായി ഭവിച്ചേക്കാവുന്ന സൂചനകളാണ് അനുദിനം കേട്ടുകൊണ്ടിരിക്കുന്നത്. അതിനിടെ വികസനത്തിന്റെ പേരിൽ അതിരപ്പള്ളി പദ്ധതിക്കു വേണ്ടിയുള്ള വ്യഗ്രതകൾ.ഭരണകൂടത്തിന്റെ വികസന അജണ്ടകൾ ജനപക്ഷമല്ലെന്നുള്ള അപായസൂചനകളാണ് നമുക്ക് ചുറ്റിലും. ഇടതു വലതു വ്യത്യാസങ്ങളില്ലാതെ ഓരോ ബഡ്ജറ്റും തരുന്ന മൂലധനപ്രധാനമായ സന്ദേശങ്ങൾ ഇത്തരത്തിലാണ്.

'സ്വാതന്ത്ര്യം' എന്ന വാക്ക് നമ്മളോരോരുത്തർക്കും പ്രിയപ്പെട്ടതാണ്. വാക്കിന്റെ വിവക്ഷയിലുള്ള കാലാന്തര വ്യത്യാസങ്ങളുൾക്കൊണ്ടു തന്നെ സ്വാതന്ത്ര്യം എന്ന വാക്കിനും അനുഭവത്തിനും പിന്നിൽ അധികാരങ്ങൾക്കെതിരെയുള്ള വലിയ പോരാട്ടങ്ങളുടെ ചരിത്രം തെളിഞ്ഞു നിൽക്കുന്നതു കാണാം. ഓരോ തരി മണ്ണിനുവേണ്ടിയും തങ്ങളുടേതായ ഓരോ ചെറിയ ഇടങ്ങൾക്കുവേണ്ടിയും പൊരുതേണ്ടി വന്ന ചരിത്രമാണ് മനുഷ്യരാശിയുടെ. മതാധികാരത്തിനും, വർണ്ണവെറിക്കും, അടിമത്തത്തിനും, പുരുഷാധിപത്യത്തിനും, ജാതീയതക്കും, സ്ത്രീപുരുഷേതരലൈംഗികവെറിക്കും( ഹോമോഫോബിയ), കുടിയൊഴിപ്പിക്കലിനും, വംശീയഹത്യക്കും,യുദ്ധക്കൊതിക്കും, ഫാഷിസത്തിനുമൊക്കെയെതിരെ നടന്ന വൻ പോരാട്ടങ്ങൾ സ്വാതന്ത്ര്യത്തിന്റെ പുതുനിർവ്വചനങ്ങളിൽ സമൂഹത്തെ പുനർനിർമ്മിച്ചു. ഈ സാമൂഹ്യ സന്ദർഭങ്ങളിലെല്ലാം സ്ത്രീകൾ എങ്ങനെയാണ് സ്വാതന്ത്ര്യം എന്ന ആശയത്തെ അനുഭവിച്ചിട്ടുള്ളത്? മരിയ മൈസ് എഴുതുമ്പോലെ അവസാനത്തെ അധിനിവേശ ഇടം (ദ് ലാസ്റ്റ് കോളനി) ആയ സ്ത്രീജീവിതങ്ങൾ പൊതു ജനാധിപത്യപ്രക്രിയകളുടെ ഗുണഭോക്താക്കളാവുന്നുണ്ടോ? സ്വാതന്ത്ര്യം വിഷയമാക്കി കെ.എ. ബീന അതിഥിപത്രാധിപയായ മാർച്ച് മാസത്തെ സംഘടിത അന്താരാഷ്ട്ര വനിതാ ദിനത്തിന്റെ വിപ്ലവാഭിവാദ്യങ്ങളോടെ വായനക്കാർക്ക് സമർപ്പിക്കുന്നു.

# അതിഥിപത്രാധിപക്കുറിപ്പ്



കെ.എ.ബീന

ഇത്തവണ സ്വാതന്ത്ര്യത്തെക്കുറിച്ചാണ് ചിന്തിക്കുന്നത്. പുതിയ കാലത്ത് മറ്റെന്തിനെക്കുറിച്ചാണ് ചിന്തിക്കാൻ കഴിയുക.

സ്വാതന്ത്ര്യത്തേക്കാൾ വലിയൊരു വാക്ക് ഇന്നെന്നല്ല ഒരു കാലത്തും ഉണ്ടായിട്ടുണ്ടെന്ന് തോന്നുന്നില്ല. മാറി മറിയുന്ന പുതിയ കാലത്ത് ഈ ഒരൊറ്റ വാക്കിന്റെ മാനങ്ങൾ പലതായി തീരുന്നു. സ്വാതന്ത്ര്യം ഇന്ന് മനുഷ്യജീവിതത്തിന്റെ ഗുണനിലവാരം നിശ്ചയിക്കുന്ന സൂചികയാണെന്ന് പറയുന്നതിൽ തെറ്റില്ല.

ചിന്തിക്കാനും പ്രവർത്തിക്കാനും സഞ്ചരിക്കാനും സംസാരിക്കാനും എന്നു വേണ്ട സ്വാതന്ത്ര്യത്തെക്കുറിച്ച് ബന്ധിപ്പിക്കാതെ ഒന്നിനെക്കുറിച്ചും പറയുക വയ്യ.മനുഷ്യസമൂഹം വളരുകയാണ്, സാങ്കേതികതയ്ക്കൊപ്പം, ശാസ്ത്രത്തിനൊപ്പം. ആകാശങ്ങൾ അതിരുകളില്ലാതായിട്ട് കാലം കുറച്ചായി. അനുനിമിഷമാണ് മാനവജീവിതം മാറിമറിയുന്നത്. മനുഷ്യനും മനുഷ്യനും തമ്മിലുള്ള അകലം എത്ര വേഗത്തിലാണ് ശാസ്ത്രം ഇല്ലാതാക്കുന്നത് .
പുരോഗമനത്തിന്റെ ഉച്ചകോടിയിലെത്തുന്ന ഇക്കാലത്ത് മനുഷ്യസ്വാതന്ത്ര്യത്തിന് എന്തു സംഭവിക്കുന്നു എന്നത് ലോകമെങ്ങും ആകുലത ഉയർത്തുന്നു. സ്വാതന്ത്ര്യത്തിന്റെ ആകാശങ്ങളിൽ അതിരുകൾ സൃഷ്ടിക്കുന്നവരുടെ സംഖ്യ ഏറിവരുന്നു. രാഷ്ട്രീയവും, മതവും, ജാതിയുമെന്നു വേണ്ട, മനുഷ്യബന്ധങ്ങൾ വരെ ആരൊക്കെയോ സൃഷ്ടിക്കുന്ന അളവുകോലുകളിൽ പെട്ട് ഞെരിയുന്ന കാലം – മനുഷ്യന് മനുഷ്യനായിരിക്കാനുള്ള സാഹചര്യമാണ് സ്വാതന്ത്ര്യം ഒരുക്കേണ്ടത്. ഓരോ മനുഷ്യജീവിക്കും സ്വയം അറിയാനും ഉൾക്കൊള്ളാനും അംഗീകരിക്കാനും ജീവിതം അനുഭവിക്കാനുമുള്ളതാണ് സ്വാതന്ത്ര്യം. അത് പക്ഷേ മറ്റൊരു മനുഷ്യജീവിയെ ശല്യപ്പെടുത്തുന്നതോ ബുദ്ധിമുട്ടിക്കുന്നതോ ആകുകയും അരുത്. ആധുനിക കാലത്ത് സ്വാതന്ത്ര്യം ഏറ്റവും വിലപ്പെട്ടവാക്കാകുന്നത് ഇക്കാരണങ്ങളാലാണ്. വ്യക്തിയുടെയും സമൂഹത്തിന്റെയും രാജ്യത്തിന്റെയും സ്വാതന്ത്ര്യദാഹങ്ങൾക്ക് മേൽ നടക്കുന്ന കടന്നുകയറ്റങ്ങൾ മനുഷ്യസമൂഹത്തെയാകെ ഞെരിപിരികൊള്ളിക്കുമ്പോൾ എന്നും എക്കാലവും പാരതന്ത്ര്യത്തിന്റെ രുചിയറിഞ്ഞിട്ടുള്ള സ്ത്രീകളുടെ സ്ഥിതി മെച്ചമാകാൻ തരമില്ല. യുദ്ധവും പ്രകൃതിദുരന്തങ്ങളുമെന്നു വേണ്ട ലോകമാസകലം ഉയർന്നു വരുന്ന ഏകാധിപത്യ സാമ്രാജ്യത്വ മത തീവ്രവാദ നിലപാടുകൾ സ്ത്രീജീവിതങ്ങളുടെ മേലും ആധിപത്യം ഉറപ്പിക്കുന്നു. ലോകഭൂപടങ്ങളിൽ ആശയങ്ങളും അധികാരങ്ങളും തമ്മിൽ വടംവലി നടക്കുമ്പോൾ സ്ത്രീകളുടെ മുന്നോട്ടുള്ള പ്രയാണങ്ങളുടെ മേലും ചങ്ങലകൾ വീഴുന്നു. മനുഷ്യാവകാശങ്ങൾ മാത്രമല്ല നിയമം പോലും ചവുട്ടി മെതിക്കപ്പെട്ട് തുല്യനീതിയെന്ന സ്വപ്നത്തെ സ്വാതന്ത്ര്യദാഹത്തെ തകർക്കുന്നു; ലംഘിക്കപ്പെടുന്ന സമാധാന ഉടമ്പടികൾ മാത്രമല്ല പരാജിതരും പരിത്യക്തരും അഭയാർത്ഥികളായി മാറുന്ന കാലത്ത് എവിടെയാണ് സ്ത്രീക്ക് സ്വാതന്ത്ര്യം?

കേരളത്തിനുള്ളിൽ സ്ത്രീയായിരിക്കുന്നത് ഓരോ നിമിഷവും അസ്വസ്ഥജനകമായി മാറുകയാണ്. ഇവിടെ 'സ്വാതന്ത്ര്യം' സ്ത്രീയെക്കുറിച്ച് വിവക്ഷിക്കുന്ന വാക്കല്ലാതാക്കാൻ ബോധപൂർവ്വം തന്നെ ശ്രമങ്ങൾ നടക്കുന്നു. സ്വാതന്ത്ര്യത്തിന്റെ ആകാശങ്ങൾ തേടിയുള്ള സ്ത്രീസഞ്ചാരത്തെ മതത്തിന്റെയും മാമൂലുകളുടെയും കപടസദാചാരത്തിന്റെയുമൊക്കെ കെട്ടുപാടുകളിലേക്ക് നയിക്കുന്ന കാഴ്ച വേദനാജനകമാണ്. വേഷം പോലും സ്ത്രീക്ക് സ്വന്തമായി തീരുമാനിക്കാവുന്നതല്ലാതാവുന്നു. ഇതിനെയൊക്കെ അതിജീവിക്കുന്ന സ്ത്രീ സമൂഹത്തിന്റെ ചിന്തകളെയാണ് 'സ്വാതന്ത്ര്യം' എന്ന വിഷയത്തിന് കീഴിൽ ഇത്തവണ ക്രോഡീകരിക്കുന്നത്. കേരളത്തിലെ സ്ത്രീകളുടെ ചിന്തകൾ സ്വാതന്ത്ര്യത്തെക്കുറിച്ചാവുമ്പോൾ വിഷയങ്ങൾക്കും വൈവിധ്യമേറുന്നു. രാഷ്ട്രീയത്തിൽ, മതത്തിൽ, ശാസ്ത്രത്തിൽ, യാത്രയിൽ, സിനിമയിൽ ഒക്കെ സ്ത്രീയുടെ സ്വാതന്ത്ര്യമെന്താണെന്ന് ആ രംഗത്തുള്ളവർ തുറന്നു ചിന്തിക്കുന്നു. ആ ചിന്തകൾ പുതിയൊരു കാലത്തിലേക്ക്, ലോകത്തിലേക്കുള്ള വഴിയൊരുക്കലായി നമുക്ക് കാണാനാവുന്നു. ഗീതാനസീർ, ശ്രീബാലമേനോൻ, നിലീന അത്തോളി, സുനിതാദേവദാസ്, കെ.ജി.താര, മായാ പ്രമോദ്, ഐശ്വര്യ, വൈഖരി ആര്യാട്ട്, ഗീതാഞ്ജലി കൃഷ്ണൻ ,ഇഞ്ചിപ്പെണ്ണ് തുടങ്ങിയവർ ഈ ലക്കത്തിൽ സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള ചിന്തകൾ പങ്കുവെക്കുന്നു.

ചുറ്റുമുയരുന്നത് സ്വാതന്ത്ര്യത്തിന്റെ വാതിലുകൾ കൊട്ടിയടക്കുന്ന ശബ്ദങ്ങളാണ്, അപകടസൂചനകളാണ്. മനുഷ്യനെന്ന നിലയ്ക്ക് നമുക്കുവേണ്ടി മാത്രമല്ല നാം ജാഗരൂകരാകേണ്ടത്. ചുറ്റുപാടുമുള്ള പക്ഷിമൃഗജാലങ്ങൾക്കു വേണ്ടി, പുല്ലിനും പുഴുവിനും വേണ്ടി പൂക്കൾക്കും മരങ്ങൾക്കും വേണ്ടി എല്ലാത്തിനുമുപരി ഈ പ്രപഞ്ചത്തിനു വേണ്ടി സ്വാതന്ത്ര്യത്തിന്റെ അവകാശങ്ങൾ സംരക്ഷിക്കുക തന്നെ വേണം.



ഗീതാനസീര്‍



**ക്ഷേത്രപ്രവേശനം, ക്ഷേത്രാചാരങ്ങള്‍, പള്ളി പ്രവേശനം, വസ്ത്രധാരണം തുടങ്ങി ചില പ്രത്യേക വിഷയങ്ങളില്‍ ഒതുക്കിയാണ് ഇതുസംബന്ധിച്ച ചര്‍ച്ചകളും സംവാദങ്ങളും നടക്കുന്നത് എന്ന് മാത്രം. ഈ സംവാദങ്ങളുടെ കേന്ദ്രബിന്ദു സ്ത്രീയാകുന്നതുകൊണ്ട് തന്നെ ജനസംഖ്യയില്‍ 50 ശതമാനം വരുന്ന സ്ത്രീസമൂഹം ഇക്കാര്യത്തില്‍ തുറന്ന ചര്‍ച്ചയ്ക്ക് തയ്യാറാവേണ്ടതുണ്ട്, ഒപ്പം ഇതിലേക്ക് നയിക്കുന്ന പൊതുവായ സാമൂഹ്യാവസ്ഥയും പഠനവിഷയമാക്കണം.**

# മതവിശ്വാസത്തിന്റെ (അ)സ്വാതന്ത്ര്യമാനങ്ങള്‍

വിശ്വാസികളുടെ ലോകത്ത് അവിശ്വസനീയമായ പലതും നടക്കുന്നുണ്ടിന്ന്. ക്ഷേത്രപ്രവേശനം, ക്ഷേത്രാചാരങ്ങള്‍, പള്ളി പ്രവേശനം, വസ്ത്രധാരണം തുടങ്ങി ചില പ്രത്യേക വിഷയങ്ങളില്‍ ഒതുക്കിയാണ് ഇതുസംബന്ധിച്ച ചര്‍ച്ചകളും സംവാദങ്ങളും നടക്കുന്നത് എന്ന് മാത്രം. ഈ സംവാദങ്ങളുടെ കേന്ദ്രബിന്ദു സ്ത്രീയാകുന്നതുകൊണ്ട് തന്നെ ജനസംഖ്യയില്‍ 50 ശതമാനം വരുന്ന സ്ത്രീസമൂഹം ഇക്കാര്യത്തില്‍ തുറന്ന ചര്‍ച്ചയ്ക്ക് തയ്യാറാവേണ്ടതുണ്ട്, ഒപ്പം ഇതിലേക്ക് നയിക്കുന്ന പൊതുവായ സാമൂഹ്യാവസ്ഥയും പഠനവിഷയമാക്കണം.

പുതിയ വിശ്വാസതര്‍ക്കങ്ങളാണ് ഇന്ന് സാമൂഹ്യമാധ്യമങ്ങളിലും പൊതുസമൂഹത്തിലും സജീവമായി നില്‍ക്കുന്നത്. മനുഷ്യജാതിയില്‍ വിള്ളലുണ്ടാക്കുന്നതരത്തില്‍ തികച്ചും അപകടകരമായ പ്രവണതകളാണ് ഈ തര്‍ക്കങ്ങളൊക്കെ ഉയര്‍ത്തിക്കൊണ്ടുവരുന്നത്.

സ്ത്രീ-പുരുഷന്‍, ഭിന്നലിംഗക്കാര്‍ എന്നിവരട



ങ്ങിയ മനുഷ്യകുലത്തിന്റെ നിസ്സഹായാവസ്ഥയ്ക്ക് ജാതിമതസ്ഥാപനങ്ങൾ മുന്നോട്ടുവയ്ക്കുന്ന ആശ്വാസമരുന്നെന്ന നിലയിൽ ഇന്ന് വിശ്വാസികളുടെ എണ്ണം പെരുകിവരുന്നുണ്ട്. നിസ്സഹായനായ മനുഷ്യന്റെ ഏറ്റവും അവസാനത്തെ അവലംബമാണ് ഈശ്വര വിശ്വാസമെന്ന് മഹാദാർശനികനായ വിവേകാനന്ദൻ പറഞ്ഞിട്ടുണ്ട്.

എന്നാൽ ആ വിശ്വാസത്തെ ചൂഷണോപകരണമാക്കുന്ന പൗരോഹിത്യത്തിന്റെ രാഷ്ട്രീയ കച്ചവട അജൻഡകളാണ് ഇന്ന് വിശ്വാസലോകത്ത് മേൽക്കൈ നേടിവരുന്നത്. വിശക്കുന്നവന് വിഗ്രഹമോ, മതഗ്രന്ഥങ്ങളോ, കുരിശടയാളങ്ങളോ നൽകിയാൽ അവന്റെ വിശപ്പ് മാറില്ല. രാജ്യത്ത് വിളവുകൾ വർധിക്കണം, അവയുടെ വിതരണം നീതിയുക്തമാകണം, ഇവയ്ക്ക് പാകമായ സാമ്പത്തിക പാരിസ്ഥിതിക നയങ്ങൾ നടപ്പിലാക്കുന്ന ഒരു ഭരണകൂടം വേണം. ഇതിന് പാകമായ വ്യവസ്ഥിതി വരണമെങ്കിൽ തുല്യതയും അവസരസമത്വവും സൃഷ്ടിക്കണം. ഉള്ളവനും ഇല്ലാത്തവനും ആൺ-പെൺ വ്യത്യാസങ്ങളും ഇന്ന്  ലോകത്ത് സൃഷ്ടിക്കുന്ന സംഘർഷങ്ങളും വൈരുദ്ധ്യങ്ങളും ഇല്ലാതാക്കുക കൂടി സാമൂഹ്യവ്യവസ്ഥിതിയുടെ മുന്നുപാധികളിൽ സുപ്രധാനമാണ്. ലിംഗനീതി എന്നത് ലക്ഷ്യമിടുമ്പോൾ ചില മേഖലകളിൽ അത് പാടില്ലെന്നും ചിലയിടങ്ങളിൽ ഔദാര്യമായി അത് നൽകാമെന്നും മറ്റു ചിലയിടങ്ങളിൽ അതൊരിക്കലും നൽകിക്കൂടെന്നും കൽപിക്കാനുള്ള അവകാശം ആരും ആർക്കും നൽകിയിട്ടില്ലെങ്കിലും ചിലരത് സ്വയം ഏറ്റെടുക്കുന്നു. സ്ത്രീയെ സുരക്ഷിതമാക്കാൻ എന്ന പേരിൽ ഉയർന്നുവന്ന ഈ സിദ്ധാന്തത്തിന്റെ പൊരുൾ ഇന്ത്യൻ കാലാവസ്ഥയിൽ ഉരുത്തിരിഞ്ഞു വന്നത് മനുസ്മൃതിയിലൂടെയാണ്. മുസ്‌ലിം വ്യക്തിനിയ

മവും ശരിഅത്ത് നിയമങ്ങളും മനുസ്മൃതിയുടെ മറ്റൊരു മതപ്പതിപ്പാണ്. ഇക്കഴിഞ്ഞ കുറച്ചു ദിവസങ്ങളായി സൗദി അറേബ്യയിൽ സ്ത്രീകൾ ആരംഭിച്ച ഒരു ചെറുത്തുനിൽപ് സമരം ഇതിന്റെ ഏറ്റവും നല്ല ഉദാഹരണമാണ്. # To End Male Guardianship എന്ന ഹാഷ്ടാഗിൽ ട്വിറ്ററിൽക്കൂടി സൗദിയിലെ സ്ത്രീകൾ ആവശ്യപ്പെടുന്നത്, രക്ഷാകർതൃനിയമം പിൻവലിക്കണമെന്നാണ്. പഠിക്കാൻ, പാസ്പോർട്ട് എടുക്കാൻ, ബാങ്ക് അക്കൗണ്ട് തുടങ്ങാൻ, വസ്തുവാങ്ങാൻ, സഞ്ചരിക്കാൻ തുടങ്ങി എല്ലാ സ്ത്രീചലനങ്ങൾക്കും പുരുഷന്റെ അനുമതി നിർബന്ധമാണിവിടെ. ഒന്നുകിൽ പിതാവ്, അല്ലെങ്കിൽ ഭർത്താവ്, സഹോദരൻ, മകൻ ആരുടെയെങ്കിലും അനുമതിയില്ലാതെ നിയമപരമായി ഒന്നും സ്ത്രീക്ക് ചെയ്യാനാകില്ല. ഇത് സൃഷ്ടിക്കുന്ന വ്യക്തിസംഘർഷങ്ങൾ കാരണം ജീവിതം മുരടിച്ച സ്ത്രീകൾ സഹികെട്ടാണ് നിയമത്തിനെതിരെ ഇപ്പോൾ തിരിഞ്ഞിരിക്കുന്നത്. മുത്തലാക്ക് നിയമത്തെ ശരിവെച്ചുകൊണ്ട് മുസ്‌ലിം വ്യക്തിനിയമ ബോർഡ് പരമോന്നത നീതിപീഠത്തിനു മുൻപിൽ നൽകിയ വിശദീകരണവും തികച്ചും സ്ത്രീവിരുദ്ധമാണ്. തലാക്കെന്ന് മൂന്നു തവണ ഫോൺവഴി പോലും ചൊല്ലി സ്ത്രീയെ മൊഴി ചൊല്ലാമെന്നുള്ളത് വിവാഹമോചനം കുറയ്ക്കുമെന്നും സ്ത്രീകൾ മര്യാദക്കാരായി അടിമകളെപ്പോലെ കഴിഞ്ഞോളുമെന്നുമുള്ള ധാർഷ്ട്യമാണ് ഈ പുരോഹിതന്മാർ ഇതിലൂടെ പ്രകടിപ്പിക്കുന്നത്.

ഹിന്ദുമത നിയമങ്ങൾ സെമിറ്റിക് മതങ്ങളായ മുസ്‌ലിം-ക്രിസ്ത്യൻ നിയമങ്ങളിൽ നിന്നും വിഭിന്നമാണ്. അത് കുറേക്കൂടി അയഞ്ഞതും വൈവിധ്യമേറിയതുമാണ്. ഏകദൈവ സങ്കൽപവും പ്രത്യേക മതഗ്രന്ഥവും ഇല്ലെന്നതുകൊണ്ടുതന്നെ ഹിന്ദുമതാചാരങ്ങൾക്കും വിശ്വാസങ്ങൾക്കും സങ്കൽപ്പങ്ങൾക്കും ഏകീകൃത രൂപമില്ല. നിരവധി ദർശനങ്ങളുടെ സങ്കരഭൂമിയായി ഇന്ത്യ മാറിയതിന്റെ ചരിത്രവഴികൾ ഈ വസ്തുത സാക്ഷ്യപ്പെടുത്തുന്നു. അതുകൊണ്ടുതന്നെ മറ്റ് മതങ്ങളുമായി ഒരു താരതമ്യവിശകലനം പൗരോഹിത്യഭാഷയിൽ നടത്തുന്നതിൽ ഒരു യുക്തിയുമില്ല. സെമിറ്റിക് മതങ്ങൾ ആ മതചട്ടക്കൂടിനുള്ളിൽ വികസിച്ച് മരണമടയുന്ന ഒരു തത്വസംഹിതയാണ്. ഇതിൽ ക്രിസ്ത്യൻ മതം കുറേക്കൂടി തുറന്ന ചർച്ചയ്ക്ക് വഴങ്ങുന്നതായി വത്തിക്കാനിലെ പുതിയ മാർപ്പാപ്പയുടെ നിലപാടുകൾ സൂചിപ്പിക്കുന്നു.

**ഹിന്ദുമത നിയമങ്ങൾ സെമിറ്റിക് മതങ്ങളായ മുസ്‌ലിം-ക്രിസ്ത്യൻ നിയമങ്ങളിൽ നിന്നും വിഭിന്നമാണ്. അത് കുറേക്കൂടി അയഞ്ഞതും വൈവിധ്യമേറിയതുമാണ്. ഏകദൈവ സങ്കൽപവും പ്രത്യേക മതഗ്രന്ഥവും ഇല്ലെന്നതുകൊണ്ടുതന്നെ ഹിന്ദുമതാചാരങ്ങൾക്കും വിശ്വാസങ്ങൾക്കും സങ്കൽപ്പങ്ങൾക്കും ഏകീകൃത രൂപമില്ല. നിരവധി ദർശനങ്ങളുടെ സങ്കരഭൂമിയായി ഇന്ത്യ മാറിയതിന്റെ ചരിത്രവഴികൾ ഈ വസ്തുത സാക്ഷ്യപ്പെടുത്തുന്നു. അതുകൊണ്ടുതന്നെ മറ്റ് മതങ്ങളുമായി ഒരു താരതമ്യവിശകലനം പൗരോഹിത്യഭാഷയിൽ നടത്തുന്നതിൽ ഒരു യുക്തിയുമില്ല.**



ഹിന്ദു എന്ന വാക്ക് വിദേശസംഭാവനയാണ്. ഗോത്രവർഗ്ഗ സമൂഹങ്ങൾ യഥാർത്ഥ അവകാശികളായിരുന്ന സിന്ധുനദീതട, ദ്രാവിഡ പ്രദേശങ്ങളാണ് പിന്നീട് പല വഴികൾ കടന്ന് ഇന്ത്യയായി

മാറുന്നത്. ഹിന്ദുക്കുഷ് മലനിരകൾ കടന്ന് ആര്യന്മാർ ഈ പ്രദേശങ്ങളെ കീഴ്പ്പെടുത്തുന്നതോടെയാണ് ഇവിടെ നില നിന്ന തനത് ജനസമൂഹം പ്രതിസന്ധി നേരിടാൻ തുടങ്ങിയ ത്. അൽഹിന്ദ് എന്നാണ് ഇന്ത്യയെ ആദ്യമായി വിളിച്ചത്. സുപ്രസിദ്ധമായ ആർക്കേമിനിഡ് ലിഖിതത്തിലാണിത്. സിന്ധുനദിയെ ആസ്പദമാക്കി പേർഷ്യൻ ഭാഷയിലാണ് 'അൽഹിന്ദ്' പ്രയോഗം ആദ്യമുണ്ടായത്. പിന്നീട് ഗ്രീക്ക് ചരിത്രകാരൻ ഹെറഡോട്ടസ് അത് ഇന്തു എന്നാക്കി. പാശ്ചാത്യർ അത് ഹിന്ദ് എന്നാക്കി. അതാണ് ഹിന്ദു എന്ന വാക്കിന്റെ ചരിത്രപരമായ ഉറവിടം. ഇതിൽ നിന്നാണ് ഇന്ത്യയും ഉടലെടുക്കുന്നത്.

കീഴടക്കിയ ആര്യ മതവിശ്വാസങ്ങളും ഇവിടെ നിലനിന്ന തനത് സംസ്കാരവും തമ്മിലുള്ള വൈരുധ്യം ഇന്ന് ചർച്ച ചെയ്യപ്പെടുന്ന പല പ്രശ്നങ്ങളുടെയും അടിസ്ഥാന ശില യാണ്. ഇന്ത്യയിലെ വിവിധ ദർശനങ്ങളിൽ സവർണ്ണ ഹൈന്ദവ മാമൂലുകൾ മേൽക്കൈ നേടുന്നതുകൊണ്ട് അവർണസമൂഹത്തിന് നീതിക്കും അവകാശങ്ങൾക്കും



വേണ്ടി പോരടിക്കേണ്ടിവരുന്നു. മാത്രമല്ല, സവർണ ഹിന്ദുത്വ ആചാരങ്ങളാണ് ഹിന്ദുമതത്തിന്റെ അംഗീകൃത സ്വഭാവമെന്ന ഒരു പൊതുധാരണ ഇവിടെ സൃഷ്ടിക്കുകയു ണ്ടായി. ആരാധന, ക്ഷേത്ര പ്രവേശനം, വഴിനടക്കൽ, വിവാ ഹം, കുടുംബം, സ്വത്ത് തുടങ്ങി എല്ലാ മനുഷ്യ വ്യവഹാര ങ്ങളിലും ഈ സവർണ്ണ അധീശത്വം അടിച്ചേൽപ്പിക്കപ്പെട്ടു.

മുൻകാലങ്ങളിൽ അധികാരം ക്ഷേത്രങ്ങൾ കേന്ദ്രീകരി ച്ചാണ് നിലനിന്നതെന്നതും അവിടെ പുരുഷാധികാരം ഊട്ടി ഉറപ്പിക്കുന്നതിന്റെ ഭാഗമായി സ്ത്രീക്ക് തൊട്ടുകൂടായ്മയും തീണ്ടാരിയും നടപ്പാക്കി എന്നതും ചരിത്രം. ആര്യവംശത്തിന്റെ പണ്ഡിതകുലപതി യാജ്ഞ്യവൽക്യനോട് സംവാദത്തിലേർപ്പെട്ട് പ്രപഞ്ചസത്യങ്ങളെക്കുറിച്ചും ആത്മാവിനെ ക്കുറിച്ചും ചടുലമായ തർക്കങ്ങൾ ഉയർത്തിയ ഗാർഗിയേയും മൈത്രേയി യേയും ലോപയേയും മറവിയുടെ മഹാ ഗർത്തത്തിലേയ്ക്ക് തള്ളിയിട്ടുകൊണ്ടാണ് വേദാന്തകാരന്മാർ മുന്നേറിയത്. സ്ത്രീത്വ ത്തോട് ചെയ്ത ഈ ചതി തന്നെയാണ് ക്ഷേത്രാചാരങ്ങളിലും പൗരോഹിത്യ ത്തിലും തുടർന്നുവന്നത്. അതുകൊണ്ടുത ന്നെയാണ് ഹിന്ദുമതത്തിന് സ്ത്രീപുരോഹി തകൾ ഇല്ലാതെ പോയതും.

നൂറ്റാണ്ടിന് മുമ്പ് സ്ത്രീകൾ ഭർത്താ വിന്റെ ചിതയിൽ ചാടി സതി അനുഷ്ഠിക്ക ണമെന്നും അവർണ്ണ സ്ത്രീകൾ സവർണ്ണ പുരുഷന്മാരുടെ മുന്നിൽ മാറ് പ്രദർശിപ്പിക്ക ണമെന്നും ഇന്ത്യൻ സ്ത്രീകളോട് കൽപ്പി ച്ചത് ഈ പറയുന്ന ഹിന്ദുമത പൗരോ ഹിത്യം തന്നെയാണ്. അവർണ്ണർക്ക് ക്ഷേത്ര

**മുൻകാലങ്ങളിൽ അധികാരം ക്ഷേത്രങ്ങൾ കേന്ദ്രീകരിച്ചാണ് നില നിന്നതെന്നതും അവിടെ പുരുഷാധി കാരം ഊട്ടി ഉറപ്പിക്കുന്നതിന്റെ ഭാഗ മായി സ്ത്രീക്ക് തൊട്ടുകൂടായ്മയും തീണ്ടാരിയും നടപ്പാക്കി എന്നതും ചരിത്രം. ആര്യവംശത്തിന്റെ പണ്ഡി തകുലപതി യാജ്ഞ്യവൽക്യനോട് സംവാദത്തിലേർപ്പെട്ട് പ്രപഞ്ചസത്യ ങ്ങളെക്കുറിച്ചും ആത്മാവിനെക്കു റിച്ചും ചടുലമായ തർക്കങ്ങൾ ഉയർത്തിയ ഗാർഗിയേയും മൈത്രേയിയേയും ലോപയേയും മറവിയുടെ മഹാഗർത്തത്തിലേയ്ക്ക് തള്ളിയിട്ടുകൊണ്ടാണ് വേദാന്തകാര ന്മാർ മുന്നേറിയത്.**

പ്രവേശനവും പൊതുവഴിയും നിഷേധിച്ചതുപോലെ ഈ അനീതിയും ശക്തമായ എതിർപ്പുകൾ നേരിട്ടു. അവ തിരുത്താൻ ഹിന്ദുത്വം നിർബന്ധിതമായി.

ഇന്ന് മറ്റുചില വിശ്വാസപ്രശ്നങ്ങളാണ് ഉയർന്നു വരുന്നത്. ശബരിമല പ്രവേശനനിഷേധം സംബന്ധിച്ച് ഉന്നയിക്കപ്പെടുന്ന വാദം സ്ത്രീയുടെ അവകാശത്തിന്റെ മേലുള്ള കടന്നുകയറ്റമാണെന്നതിൽ തർക്കമില്ല. ക്ഷേത്രാചാരങ്ങൾ നിർമ്മിച്ച പുരുഷ പൗരോഹിത്യം സ്ത്രീയുടെ ജൈവപരമായ അവസ്ഥകളുടെ മറവിൽ അവൾ എവിടെ എപ്പോൾ എങ്ങനെ പ്രവേശിക്കണമെന്ന് ശഠിക്കുകയും കൽപ്പിക്കുകയും ചെയ്യുന്നത് അനീതിയാണ്. അതേസമയം ആരാധനാലയങ്ങൾ കേന്ദ്രീകരിച്ച് സംഭവിക്കുന്ന കച്ചവടവും പാരിസ്ഥിതിക അട്ടിമറിയും ചർച്ച ചെയ്യാൻ പൗരോഹിത്യം തയ്യാറാകുന്നില്ല. അധികാരപ്രയോഗം സ്ത്രീയുടെ നേരെ നടത്തുന്നതിന്റെ ഭാഗമായാണ് ആചാരങ്ങളുടെ തോക്കുചൂണ്ടിയുള്ള കൽപ്പനകൾ. ഇതേ ഹിന്ദു പുരോഹിതന്മാരാണ് സതി അനുഷ്ഠിക്കാനും മാറ് പ്രദർശിപ്പിക്കാനും സ്ത്രീയോട് കൽപ്പിച്ചതെന്നതുകൊണ്ട് കാലക്രമത്തിൽ ഇത്തരം സ്ത്രീവിരുദ്ധതകളും നിലം പരിശാകുകതന്നെ ചെയ്യും.

മറ്റുചില മതനിബന്ധനകൾ കൂടി ഇത്തരുണത്തിൽ പരിശോധിക്കേണ്ടതുണ്ട്. ഏതാണ്ട് പത്തിരുപതു വർഷം മുമ്പുവരെ സാധാരണക്കാരെപ്പോലെ വസ്ത്രം ധരിച്ചു ജീവിച്ചിരുന്ന മുസ്‌ലിം സ്ത്രീകളെ ഇന്ന് പെട്ടെന്ന് പർദ്ദയ്ക്കുള്ളിലാക്കുകയുണ്ടായി. ഇതൊരു മതാനുഷ്ഠാനമാണെന്ന നിലയിൽ സ്ത്രീയുടെ പുറത്ത് അടിച്ചേൽപ്പിക്കുന്നതിലെ അയുക്തി വ്യക്തമാണ്. സ്ത്രീയുടെ ശരീരം കണ്ട് നിയന്ത്രണം വിടുന്ന പുരുഷനിൽ നിന്നും സ്ത്രീയെ സംരക്ഷിക്കുകയാണ് എന്ന മതന്യായീകരണവാദം തികച്ചും സ്ത്രീവിരുദ്ധമാണ്. സ്ത്രീ കേവലം ശരീരമോ ഒരുൽപ്പന്നമോ ആകുന്ന ആഗോളവൽക്കരണ ഉപഭോക്തൃ സംസ്കാര കാലഘട്ടത്തിൽ ഇത്തരം തിട്ടൂരങ്ങൾ മതങ്ങൾ പുറത്തെടുക്കാറുണ്ട്. സ്ത്രീയുടെ വസ്ത്രധാരണ ശീലങ്ങളിൽ മതങ്ങൾ പൊതുവെ സ്വീകരിക്കുന്ന യാഥാസ്ഥിതിക സമീപനത്തിന്റെ വേരുകൾ ഇവിടെയാണ് ഉറപ്പിക്കപ്പെട്ടിട്ടുള്ളത്. മാറു മറയ്ക്കാൻ കേരളത്തിൽ സ്ത്രീ നടത്തിയ അവകാശസമരങ്ങൾ ഇതിന്റെ ദൃഷ്ടാന്തം തന്നെ.

**ഏതാണ്ട് പത്തിരുപതു വർഷം മുമ്പുവരെ സാധാരണക്കാരെപ്പോലെ വസ്ത്രം ധരിച്ചു ജീവിച്ചിരുന്ന മുസ്‌ലിം സ്ത്രീകളെ ഇന്ന് പെട്ടെന്ന് പർദ്ദയ്ക്കുള്ളിലാക്കുകയുണ്ടായി. ഇതൊരു മതാനുഷ്ഠാനമാണെന്ന നിലയിൽ സ്ത്രീയുടെ പുറത്ത് അടിച്ചേൽപ്പിക്കുന്നതിലെ അയുക്തി വ്യക്തമാണ്. സ്ത്രീയുടെ ശരീരം കണ്ട് നിയന്ത്രണം വിടുന്ന പുരുഷനിൽ നിന്നും സ്ത്രീയെ സംരക്ഷിക്കുകയാണ് എന്ന മതന്യായീകരണവാദം തികച്ചും സ്ത്രീവിരുദ്ധമാണ്.**



ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട് ഇന്ന് കാണിക്കുന്ന പലതും ഏത് ആചാരനുഷ്ഠാനമനുസരിച്ചാണെന്ന് ചോദിച്ചാൽ അവയുടെ പുറകിലെ കച്ചവടലക്ഷ്യം മനസിലാക്കാവുന്നതാണ്. പർദ്ദ ഹൗസുകളും ഷോപ്പുകളും പൊങ്ങിയതുപോലെ ഇവയുമായും ബന്ധപ്പെട്ട് കച്ചവട സാമ്രാജ്യം ഇന്നാട്ടിൽ തളിർത്ത് ശക്തിപ്പെടുന്നുണ്ട്. പൊങ്കാല എന്ന് പറയുന്ന ഏർപ്പാട് കേരളത്തിൽ കുറച്ചുകാലമായി

**പൊങ്കാല എന്ന് പറയുന്ന ഏർപ്പാട് കേരളത്തിൽ കുറച്ചുകാലമായി പൊട്ടി മുളച്ച ഒരു ഭക്തിരീതിയാണ്. ഒന്നോ രണ്ടോ ക്ഷേത്രങ്ങളിൽ നിലനിന്ന ആചാരം മുക്കുകൾ തോറും പടർന്നത് നിസ്സാരകാര്യമല്ല. അടുപ്പുകൾ നിരത്തി കത്തിച്ച് പരിസരവും അന്തരീക്ഷവും മലിനീകരിക്കുക മാത്രമല്ല, ഇതിനെ ചുറ്റിപ്പറ്റി ഇഷ്ടിക വ്യാപാരമടക്കം വലിയൊരു ഭക്തി ബിസിനസ് നടക്കുന്നുണ്ട്. ഇതിന്റെ ഇരകളാണ് ഇന്ന് കേരളത്തിലെ സ്ത്രീകൾ.**



പൊട്ടിമുളച്ച ഒരു ഭക്തിരീതിയാണ്. ഒന്നോ രണ്ടോ ക്ഷേത്രങ്ങളിൽ നിലനിന്ന ആചാരം മുക്കുകൾ തോറും പടർന്നത് നിസ്സാരകാര്യമല്ല. അടുപ്പുകൾ നിരത്തി കത്തിച്ച് പരിസരവും അന്തരീക്ഷവും മലിനീകരിക്കുക മാത്രമല്ല, ഇതിനെ ചുറ്റിപ്പറ്റി ഇഷ്ടിക വ്യാപാരമടക്കം വലിയൊരു ഭക്തി ബിസിനസ് നടക്കുന്നുണ്ട്. ഇതിന്റെ ഇരകളാണ് ഇന്ന് കേരളത്തിലെ സ്ത്രീകൾ. വിശ്വാസത്തിന്റെ പേരിൽ മനുഷ്യൻ മുടക്കുന്ന പണം സംസ്ഥാന ഖജനാവിന് സമാന്തരമായൊരു സാമ്പത്തിക സ്രോതസാകുമ്പോൾ ആ പണം ആരുടെ പോക്കറ്റിലാണ് പോകുന്നതെന്നും ഓഡിറ്റ് ചെയ്യേണ്ടതല്ലേ?

ഇത്തരം യുക്തിരഹിതമായ ആചാരങ്ങളുടെ പേരിൽ സ്ത്രീകളെ ചൂഷണം ചെയ്യുന്നു എന്നത് അടിയന്തര ശ്രദ്ധ പതിക്കേണ്ട വിഷയമാണ്. രാഷ്ട്രീയാധികാരം സ്ത്രീകളോട് കാണിക്കുന്ന അതേ അനീതിയാണ് മതാധികാരം സ്ത്രീകളോട് ചെയ്യുന്നത്.

സമൂഹത്തിൽ നിലനിൽക്കുന്ന സാമ്പത്തിക അസമത്വത്തിന്റെയും ആശയറ്റ ജീവിതത്തിന്റെയും ഇരകളാക്കപ്പെടുന്ന സ്ത്രീജീവിതങ്ങളെ നിസ്സഹായനായ മനുഷ്യന്റെ അവസാനത്തെ അവലംബമെന്ന നിലയിൽ ദൈവവിശ്വാസം കീഴ്പ്പെടുത്തുമ്പോൾ അവിടെ പൗരോഹിത്യം നടത്തുന്ന ചൂഷണം സ്ത്രീകൾ തിരിച്ചറിയേണ്ടതുണ്ട്. തൂണിലും തുരുമ്പിലും നിറഞ്ഞു നിൽക്കുന്നു ഈശ്വരനെന്ന ഹിന്ദു വിശ്വാസവാദം അംഗീകരിക്കുന്ന വിശ്വാസിക്ക് പ്രാർഥിക്കാൻ എന്തിനാണിത്ര പ്രകടനപരത. അതും തികച്ചും സ്ത്രീവിരുദ്ധമായ രീതിയിൽ സൃഷ്ടിക്കുന്ന പ്രാർഥനാശൈലിയുടെ ബലിയാടുകളാക്കപ്പെടുമ്പോൾ. മനസ്സിന് ആശ്വാസം നേടാൻ സന്നിധാനത്തിലെത്തണമെന്ന് തോന്നുന്നവർക്ക് ആർത്തവം തടസ്സമെന്ന് പറയുന്ന പുരുഷ മതമേലധികാരികളോട് ഞാൻ വെറും ശരീരമല്ലെന്ന് പറയാൻ സ്ത്രീകൾക്ക് കഴിയണം. ക്ഷേത്രദർശനത്തിന് സ്വാതന്ത്ര്യം പുരുഷൻ നൽകുമ്പോഴും മറ്റെല്ലാ ആഗ്രഹങ്ങൾക്കും മോഹങ്ങൾക്കും തടയിടുന്ന പുരുഷാധികാര ഗർവ്വ് പ്രാർഥനകൊണ്ട് മാത്രം പരിഹരിക്കാവുന്നതല്ല എന്ന തിരിച്ചറിവ് സ്ത്രീക്കുണ്ടാകേണ്ടതല്ലേ?

ആചാരനുഷ്ഠാനങ്ങൾ സ്ത്രീവിരുദ്ധമാകുന്നത് പൗരോഹിത്യം പുരുഷ കേന്ദ്രീകൃതമാകുന്നതുകൊണ്ടാണ്. പ്രാർഥിക്കാനും പൊങ്കാലയിടാനുമല്ലാതെ പുരോഹിതകർമ്മങ്ങൾ ചെയ്യാൻ ഒരിക്കലും സ്ത്രീയെ അനുവദിക്കാത്തതും ഇതുകൊണ്ടൊക്കെ തന്നെയാണ്. പുരുഷന്മാർ നടത്തുന്ന ഭക്തി ബിസിനസ് കൂടാരത്തിലേക്ക് കുഞ്ഞാടുകളെപ്പോലെ തെളിക്കപ്പെടേണ്ടവളാണോ സ്ത്രീ? സ്ത്രീയുടെ തിരിച്ചറിവ് ഇതിനുള്ള മറുപടിയാണ്. നിശ്ചയം.



# ചലച്ചിത്രലോകത്തെ സ്ത്രീസ്വാതന്ത്ര്യചിന്തകൾ



ശ്രീബാല മേനോൻ

സിനിമ ഒരു അസംഘടിത മേഖലയായതുകൊണ്ട് പൊതുവായ തൊഴിൽ രീതികളില്ല. അതുകൊണ്ടുതന്നെ ഒരു സിനിമ സെറ്റ് പോലെ മറ്റൊന്ന് ആവുന്നില്ല. കാഴ്ചശക്തിയില്ലാത്തവർ ആനയെ തൊട്ട് അവരവർക്ക് കിട്ടുന്ന വിവരം നൽകുന്നതുപോലെ ഒരോരുത്തർ അവരവർക്ക് പരിചിതമായ സിനിമ സെറ്റുകൾ വെച്ച് സിനിമയെ വിലയിരുത്തുന്നു.

പൊതുവിൽ മലയാളസിനിമയുടെ സാങ്കേതിക മേഖലയിൽ ജോലി ചെയ്യുന്ന സ്ത്രീകൾ മറ്റു പ്രവർത്തകർക്ക് ഒരു അത്ഭുതമാണ്. കാരണം

അവർക്ക് പരിചിതരായ അഭിനയിക്കാൻ എത്തുന്നവരിൽ നിന്ന് ഏറെ വ്യത്യസ്തരാണ് ഇവർ. അഭിനേത്രികൾ ആരുടെയെങ്കിലും കൂടെ വരാനും സംരക്ഷിക്കപ്പെട്ടവരായിരിക്കാനും സിനിമയിൽ



ഉള്ളവർ പ്രതീക്ഷിക്കുന്നു. പ്രത്യേകിച്ചും ഇപ്പോൾ ഹൈസ്ക്കൂളിൽ നിന്നും മറ്റും നേരെ നായികമാരായി എത്തുന്നവരാണല്ലോ കൂടുതലും എന്ന സാഹചര്യത്തിൽ. ആദ്യം മാതാപിതാക്കളോടൊപ്പം എത്തുന്ന ഇവർ മുതിർന്നവരായി മാറുമ്പോൾ പേഴ്സണൽ അസിസ്റ്റന്റ് എന്ന നിലയിൽ ഒരു ആയയോടൊപ്പം വരുന്നതു കാണാം. ഒരിക്കലും ഒറ്റയ്ക്ക് സഞ്ചരിക്കാത്ത, ഏപ്പോഴും മാതാപിതാക്കളോടോ ആയമാരോടോ ഒത്തുള്ള സ്ത്രീകളെ മാത്രം കണ്ടു ശീലിച്ച ഭൂരിപക്ഷം സിനിമാപ്രവർത്തകരും സാങ്കേതിക മേഖലയിൽ തനിയെ എത്തുന്ന സ്ത്രീകളോട് 'ഒറ്റയ്ക്കാണോ' എന്ന് അത്ഭുതത്തിൽ ചോദിക്കുന്നത് കേട്ടിട്ടുണ്ട്.ആദ്യമാദ്യം ഇതിന് എന്ത് മറുപടി പറയണം എന്നറിയാതെ അന്തിച്ചു നിന്നിട്ടുണ്ട്. ജോലി ചെയ്യാൻ വീട്ടിൽ നിന്നും സ്ത്രീകൾ ആളുകളെ വിളിച്ചു കൊണ്ടുവരണം എന്ന് പ്രതീക്ഷിക്കുന്ന അപൂർവ്വം ജോലിമേഖലയിൽ ഒന്നാണ് സിനിമ . അഭിനയിക്കുന്നവർക്ക് പ്രത്യേകിച്ചും . അന്യഭാഷയിൽ നിന്ന് എത്തുന്ന അഭിനേത്രികളിൽ പലരും ഒറ്റയ്ക്ക് വരുന്നതും ഹോട്ടൽ മുറികളിൽ ഒറ്റയ്ക്ക് താമസിക്കുന്നതും തിരിച്ച് ഒറ്റയ്ക്ക് കാറിലും ഫ്ളൈറ്റിലും യാത്ര ചെയ്യുന്നതും തന്റേടി, അഹങ്കാരി എന്ന ലേബലുകൾ നേടിക്കൊടുക്കുന്നത് കണ്ടിട്ടുണ്ട്. സ്ത്രീ എന്നും സംരക്ഷണവലയത്തിൽ വന്ന് മാത്രം ജോലി എടുക്കാൻ പ്രതീക്ഷിക്കുന്ന മറ്റൊരു തൊഴിൽ മേഖല ഉണ്ടോ എന്ന് സംശയമാണ്. ഇത്തരത്തിൽ ഒരു തൊഴിൽ മേഖലയിൽ നിന്ന് കൊണ്ട് ഞാൻ എന്ന സ്ത്രീ സ്ത്രീസ്വാതന്ത്ര്യത്തെക്കുറിച്ച് എന്തൊക്കെ പറഞ്ഞാലും അത് ഒരു ഒറ്റപ്പെട്ട സ്വാതന്ത്ര്യചിന്ത മാത്രമേ ആവുന്നുള്ളൂ എന്നതാണ് ഇതെഴുതാനിരിക്കുമ്പോൾ ഞാൻ അനുഭവിക്കുന്ന

**സ്ത്രീ എന്നും സംരക്ഷണവലയത്തിൽ വന്ന് മാത്രം ജോലി എടുക്കാൻ പ്രതീക്ഷിക്കുന്ന മറ്റൊരു തൊഴിൽ മേഖല ഉണ്ടോ എന്ന് സംശയമാണ്. ഇത്തരത്തിൽ ഒരു തൊഴിൽ മേഖലയിൽ നിന്ന് കൊണ്ട് ഞാൻ എന്ന സ്ത്രീ സ്ത്രീസ്വാതന്ത്ര്യത്തെക്കുറിച്ച് എന്തൊക്കെ പറഞ്ഞാലും അത് ഒരു ഒറ്റപ്പെട്ട സ്വാതന്ത്ര്യചിന്ത മാത്രമേ ആവുന്നുള്ളൂ എന്നതാണ് ഇതെഴുതാനിരിക്കുമ്പോൾ ഞാൻ അനുഭവിക്കുന്ന ധർമ്മസങ്കടം.**

ധർമ്മസങ്കടം. മറ്റ് പല അസംഘടിത മേഖലകളിലുമെന്ന പോലെ സ്ത്രീക്കും പുരുഷനും രണ്ട് തരത്തിലുള്ള വേതനം അഭിനയമേഖലയിൽ നിലനിൽക്കുന്നുണ്ട് സിനിമയിൽ; ഹോളിവുഡ് മുതൽ ഈ കൊച്ചു കേരളത്തിലെ സിനിമാവ്യവസായത്തിൽ വരെ. (സാങ്കേതിക പ്രവർത്തകർക്ക് ഇത് ബാധകമല്ല). ഇത് സ്വാതന്ത്ര്യം എന്ന വിഷയവുമായി നേരിട്ട് ബന്ധമുള്ളതല്ലെങ്കിലും തുല്യമായ കഴിവുകളുള്ള സ്ത്രീപുരുഷന്മാരിൽ പുരുഷന് മാത്രം സാമ്പത്തികസ്രോതസ്സിന്റെ മേൽ ഒരു മേൽക്കോയ്മ വരുന്നതിന് ഇത് കാരണമാകുന്നു. അതുകൂടെ ജോലി ചെയ്യുന്ന സ്ത്രീകളുടെ മേൽ ഇല്ലാത്ത ഒരു അധികാരപ്രയോഗത്തിലേക്ക് സംഘടനകൾ വഴിയാണെങ്കിൽ പോലും വഴി വെക്കുന്നു. ആർ തന്റെ

കൂടെ നായികയായി അഭിനയിക്കണം എന്ന തീരുമാനം സിനിമാവ്യവസായം നിയന്ത്രിക്കുന്ന നായകൻമാരുടേതാവുമ്പോൾ അവരുടെ പ്രീതിക്ക് അനുസരിച്ച് പെരുമാറേണ്ട ജോലി സ്ത്രീ കഥാപാത്രങ്ങൾ അഭിനയിക്കുന്നവരുടേതായി മാറുന്നു. ഇത് അഭിനേത്രികളുടെ ആത്മകഥകളിൽ / ഇന്റർവ്യൂകളിൽ സിനിമയുടെ ആരംഭകാലം തൊട്ട് ഒളിഞ്ഞും തെളിഞ്ഞും കാണാം. സ്വതന്ത്ര്യവ്യക്തിത്വമുള്ള സ്ത്രീകൾ സിനിമയിൽ അവരുടെ സ്ഥാനങ്ങളിൽ എത്തുന്നവരെയുള്ള



പോരാട്ടങ്ങളിൽ തുറന്ന് അഭിപ്രായപ്രകടനങ്ങൾ നടത്തിയതിന് കൊടുക്കേണ്ടി വരുന്ന വിലകളെക്കുറിച്ച് വായിച്ച് കാണാറുണ്ട്. എന്നേത്തേയും അവസ്ഥ ഇതായതുകൊണ്ട് സ്വാതന്ത്ര്യം ഇല്ലാത്ത സ്വന്തം വ്യക്തിത്വം സ്ക്രീനിന് അപ്പുറത്തേക്ക് ഇല്ലാത്തവരായി ബഹുഭൂരിപക്ഷവും മാറിപ്പോകുന്നു.

പലർക്കും ഉപജീവനത്തിനുള്ള മാർഗ്ഗം എന്നല്ലാതെ ആസ്വദിച്ചു ചെയ്യുന്ന ജോലി എന്ന് അഭിനയത്തെക്കുറിച്ച് പറയാനാവാതെ പോകുന്നു.

സാങ്കേതികമേഖലയിൽ സ്ത്രീകൾ എക്കാലവും കുറവായിരുന്നു, പ്രത്യേകിച്ച് മലയാളത്തിൽ. വർഷങ്ങൾ നീണ്ടുനിൽക്കുന്ന വിജയിക്കുമോ എന്നറിയാത്ത ഒരു പോരാട്ടത്തിന് ഇറങ്ങുന്നതിനുള്ള റിസ്കാണ് പലരേയും സത്യത്തിൽ പിന്തിരിപ്പിക്കുന്നത് എന്ന് തോന്നിയിട്ടുണ്ട് . നേരിട്ട് വന്ന് സംവിധായകരോ മറ്റ് സാങ്കേതിക പ്രവർത്തകരോ ആവുന്നവരാണ് സ്ത്രീകളിലെ  സാങ്കേതികപ്രവർത്തകർ മിക്കവരും. മറ്റ് ചിലർ അസിസ്റ്റന്റ് കാലത്തിന് ശേഷം സ്വതന്ത്രമായി പ്രവർത്തിക്കാൻ തുടങ്ങുന്നു. അസിസ്റ്റന്റ് കാലം ഇപ്പോഴും ഏറിയ പങ്കും നൃത്തം, സംഗീതം എന്ന പോലെ ഒരു ഗുരുകുല സമ്പ്രദായത്തിലാണ്. അവിടെ വിദ്യ പഠിപ്പിക്കുന്ന ഗുരുവിന്റെ രീതികൾക്ക് അനുസൃതമായി പ്രവർത്തിക്കുന്ന വിദ്യാർത്ഥികളാണ് മിക്കവരും. കഠിനമായ ജോലിയും കുറഞ്ഞ സാമ്പത്തിക വരുമാനവും നിറഞ്ഞ കാലത്ത് ജീവിച്ച് പോവാനാവശ്യമായത് സമ്പാദിക്കാനുള്ള നെട്ടോട്ടമാണ് മിക്കവർക്കും . അതിനിടയിൽ

**സാങ്കേതികമേഖലയിൽ സ്ത്രീകൾ എക്കാലവും കുറവായിരുന്നു, പ്രത്യേകിച്ച് മലയാളത്തിൽ. വർഷങ്ങൾ നീണ്ടുനിൽക്കുന്ന വിജയിക്കുമോ  എന്നറിയാത്ത ഒരു പോരാട്ടത്തിന് ഇറങ്ങുന്നതിനുള്ള റിസ്കാണ് പലരേയും സത്യത്തിൽ പിന്തിരിപ്പിക്കുന്നത് എന്ന് തോന്നിയിട്ടുണ്ട് . നേരിട്ട് വന്ന് സംവിധായകരോ മറ്റ് സാങ്കേതിക പ്രവർത്തകരോ ആവുന്നവരാണ് സ്ത്രീകളിലെ സാങ്കേതികപ്രവർത്തകർ മിക്കവരും. മറ്റ് ചിലർ അസിസ്റ്റന്റ് കാലത്തിന് ശേഷം സ്വതന്ത്രമായി പ്രവർത്തിക്കാൻ തുടങ്ങുന്നു.**

സ്വാതന്ത്ര്യം എന്ന് പോലും ഓർക്കാൻ പറ്റാത്തത്ര ജോലിയാൽ മുങ്ങിക്കഴിഞ്ഞ വ്യക്തിയായിട്ടാണ് എനിക്ക് എന്നെപ്പറ്റി ഓർമ്മ. ബഹു ഭൂരിപക്ഷവും ഇക്കാലം തരണം ചെയ്യാനാവാതെ സിനിമാജോലി തന്നെ മതിയാക്കി പോവുന്ന കാഴ്ചകൾ സർവ്വത്രം. സിനിമയുടെ കുറച്ചുകൂടി ഓർഗനൈസ്ഡ് ആയ സിനിമാ അദ്ധ്യാപനം സ്ത്രീകളിൽ പലരും തിരഞ്ഞെടുക്കുന്നു. അതു കൊണ്ട് പലപ്പോഴും നഷ്ടം സിനിമയ്ക്ക് തന്നെ. ക്യാമറ പഠിപ്പിക്കുന്ന സ്ത്രീകളെ നമുക്കറിയാം. പക്ഷേ മലയാളത്തിൽ ഇത് വരെ സ്വന്തമായ ഒരു ക്യാമറ വുമണോ സംഗീത സംവിധായികയോ ഇല്ല. മറ്റിടങ്ങളിൽ നിന്ന് വന്ന് സ്ത്രീകൾ ഈ മേഖലകളിൽ ജോലി ചെയ്തു പോയിട്ടുണ്ട്. നമുക്ക് സ്വന്തം എന്ന് പറഞ്ഞ് അഭിമാനിക്കാനായി ആരുമില്ല. സ്ത്രീകളുടെ സ്വാതന്ത്ര്യം പലപ്പോഴും വാക്കുകളിൽ മാത്രം ഒതുങ്ങുകയും പ്രവൃത്തിയിൽ എത്താതിരിക്കുകയും ചെയ്യുന്നതുകൊണ്ടും സിനിമയിൽ നിന്നും വരുന്ന കഥകൾ വിശ്വസിച്ച് അത് സ്ത്രീകൾക്ക് അഭിമാനത്തോടെ ജോലി ചെയ്യാവുന്ന ഒരിടമായി മലയാളിക്ക് തോന്നാത്തതുമാണ് പ്രധാനകാരണമായി എനിക്ക് തോന്നിയിട്ടുള്ളത്. സ്വാതന്ത്ര്യം ആരെങ്കിലും നമുക്ക് വച്ചു നീട്ടും എന്ന് കരുതാതെ നമ്മൾ നേടിയെടുക്കേണ്ടതാണെന്നു മനസ്സിലാക്കുന്ന കാലത്ത് മലയാളസിനിമയിലെ സാങ്കേതികരംഗത്ത് സ്ത്രീകൾ അത്ഭുതമല്ലാതായി മാറും. ആ കാലം അതിവിദൂരമല്ല എന്നതിന് ഇപ്പോൾ വന്നെത്തുന്ന പുതിയ തലമുറയിലെ പെൺകുട്ടികളെ നോക്കിയാലറിയാം. സിനിമയിൽ നിന്ന് വിരമിക്കുന്നതിന് മുമ്പ് എല്ലാ സാങ്കേതിക മേഖലയിലും സ്ത്രീകളെ കാണാൻ കഴിയണേ എന്നതാണ് എന്റെ ആഗ്രഹം. നടക്കുമാറാകട്ടെ.

സ്ത്രീകളേ ഇതിലേ ഇതിലേ...

**സ്ത്രീകളുടെ സ്വാതന്ത്ര്യം പലപ്പോഴും വാക്കുകളിൽ മാത്രം ഒതുങ്ങുകയും പ്രവൃത്തിയിൽ എത്താതിരിക്കുകയും ചെയ്യുന്നതുകൊണ്ടും സിനിമയിൽ നിന്നും വരുന്ന കഥകൾ വിശ്വസിച്ച് അത് സ്ത്രീകൾക്ക് അഭിമാനത്തോടെ ജോലി ചെയ്യാവുന്ന ഒരിടമായി മലയാളിക്ക് തോന്നാത്തതുമാണ് പ്രധാനകാരണമായി എനിക്ക് തോന്നിയിട്ടുള്ളത്. സ്വാതന്ത്ര്യം ആരെങ്കിലും നമുക്ക് വച്ചു നീട്ടും എന്ന് കരുതാതെ നമ്മൾ നേടിയെടുക്കേണ്ടതാണെന്നു മനസ്സിലാക്കുന്ന കാലത്ത് മലയാളസിനിമയിലെ സാങ്കേതികരംഗത്ത് സ്ത്രീകൾ അത്ഭുതമല്ലാതായി മാറും.**





**2016** ജനുവരി 17ന് ഹൈദ്രാബാദ് സെൻട്രൽ യൂണിവേഴ്സിറ്റിയിലെ ഗവേഷകവിദ്യാർത്ഥിയായ രോഹിത് വെമുല ഹോസ്റ്റൽ മുറിയിൽ ആത്മഹത്യ ചെയ്യേണ്ടി വന്നതിനെത്തുടർന്ന് രാജ്യവ്യാപകമായ പ്രക്ഷോഭങ്ങൾക്ക് ആ മരണം വിത്ത് പാകി. വെമുലയായിരുന്നോ ഉന്നതവിദ്യാഭ്യാസരംഗത്തെ സവർണ്ണധാർഷ്ട്ര്യത്തിന്റെ ആദ്യ ഇര? ഒട്ടും സംശയമില്ലാതെ പറയാം അല്ലായിരുന്നു എന്ന്. കാരണം മുൻപേ പോയവരൊക്കെത്തന്നെയും നിശബ്ദമായി മരണത്തെ പുൽകുകയോ അതുമല്ലെങ്കിൽ ആ മരണത്തിന്റെ യാഥാർത്ഥ്യങ്ങളെ ഈ സവർണ്ണ ധാർഷ്ട്യം മറച്ചു പിടിക്കുകയോ ആണ് ചെയ്തത്. ഉന്നതവിദ്യാഭ്യാസരംഗത്തെ സവർണ്ണസംസ്കാര പീഡനം മൂലം 2016 ൽ മാത്രം ആത്മഹത്യ ചെയ്യേണ്ടി വന്ന നമ്മുടെ സഹോദരങ്ങളെ ഞാൻ നിങ്ങൾക്ക്





മായ

# ദലിത്‌വിദ്യാർത്ഥിയുടെ സ്വാതന്ത്ര്യാവകാശങ്ങൾ



മുൻപിൽ വീണ്ടും ഒന്നു കൊണ്ടുവരട്ടെ. ബാംഗ്ലൂർ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ടിലെ വിദ്യാർത്ഥിയായിരുന്നു അജയ് ശ്രീചന്ദ്ര. അദ്ദേഹം ഒരു ജീവശാസ്ത്രജ്ഞൻ ആയിരുന്നു. മരണകാരണം ജാതിപീഡനം മൂലമുണ്ടായ മാനസിക സംഘർഷം. അടുത്തയാൾ ഡോക്ടർ ബാൽമുകുന്ദ ഭാരതി. AIMI- എം.ബി.ബി.എസ് വിദ്യാർത്ഥിയായിരുന്നു. ചുനികോതൽ ആദിവാസി യുവതി സാമൂഹ്യക്ഷേമ വകുപ്പ് ജീവനക്കാരിയായിരുന്നു. ഈ രണ്ടു മരണങ്ങളുടെയും കാരണം ജാതിപീഡനം മൂലമുള്ള മാനസിക സംഘർഷം ആയിരുന്നു. പിന്നിട് ഡോക്ടർ ജാസ്പ്രീത് സിംഗ്, ചണ്ഡീഗഡ് ഗവൺമെന്റ് മെഡിക്കൽ കോളജിൽ വിദ്യാർത്ഥി, തന്റെ മരണത്തിന്റെ ഉത്തരവാദി പ്രൊഫസർ ഗോയൽ ആണെന്ന് ആത്മഹത്യക്കുറിപ്പിൽ എഴുതിവെച്ചിട്ട് മരിച്ചയാൾ. എന്നാൽ ആ മരണവും വളരെ വിദഗ്ദ്ധമായി മറയ്ക്കപ്പെട്ടു. ഗോയൽ ഇപ്പോൾ കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗം തലവൻ തന്നെയാണ്. വീണ്ടും 2016ൽ മാധിരുബാലെ ,മനീഷ്കുമാർ, പ്രശാന്ത്, ശ്രീകാന്ത് മലേപുല തുടങ്ങി നിരവധി സഹോദരങ്ങൾ അക്കാദമിക് ലോകത്തെ ജാതിപീഡനങ്ങളാൽ സ്വയം ജീവൻ വെടിഞ്ഞു!. അവരിലെ അവസാനത്തെ ആൾ അല്ലായിരുന്നു രോഹിത്. എന്നാൽ അവന്റെ മരണത്തോടെ ഉണ്ടായ പ്രക്ഷോഭങ്ങൾ രാജ്യമെമ്പാടും ഉയരാൻ കാരണം മരണത്തിന്റെ തലേന്നാൾ വരെയും അല്ലെങ്കിൽ ആ നിമിഷം വരെയും സവർണ്ണ അധികാരത്തോട് നിരന്തരം തന്റെ അറിവുകൊണ്ടും ആത്മധൈര്യം കൊണ്ടും അവൻ പോരാടിക്കൊണ്ടിരുന്നു എന്നതാണ്. എന്നാൽ ജെ.എൻ.യു സർവ്വകലാശാലയിൽ നിന്നും നജീബിനെ കാണാതായി നീണ്ട മൂന്ന്

മാസങ്ങൾക്കുശേഷവും അവൻ എവിടെയാണന്നോ അതുമല്ലെങ്കിൽ അവന് എന്ത് സംഭവിച്ചുയെന്നുള്ളതോ ആയ ശക്തമായ ഒരു വാർത്തയോ അതുമല്ലെങ്കിൽ ഒരു പ്രതിഷേധമോ പോലും പൊതുസമൂഹത്തിൽ ഉണ്ടായില്ല എന്നുള്ളതാണ്. അതിന്റെ കാരണം നജീബ് എന്ന പേരിലെ സ്വത്വപ്രതിസന്ധിയാണ്.

ഇന്ത്യൻ സാമൂഹ്യാവസ്ഥയിൽ പാർശ്വവൽക്കരണത്തിന് വിധേയരാക്കപ്പെട്ട ഒരു സമൂഹത്തിന്റെ പുതുതലമുറ അവരുടെ ഭൗതിക സാഹചര്യങ്ങളുടെ പോരായ്മയെയും പിന്നാക്കാവസ്ഥയെയും കടന്ന് തങ്ങളുടെ സർഗ്ഗശേഷിയെയും ധിഷണതയെയും വളർത്തിക്കൊണ്ട് നിരന്തരം സവർണ്ണ ബ്രാഹ്മണിസ്റ്റ് ആശയങ്ങളോട് പോരാടിക്കൊണ്ട് തങ്ങളുടെ വിദ്യാഭ്യാസപരവും സാംസ്കാരികവുമായ മൂലധനത്തെ നേടാൻ ശ്രമിക്കുമ്പോൾ അവർ പ്രധാനമായും നേരിടേണ്ടിവരുന്നത് ജാതിയുടെയും സംവരണത്തിന്റെയും നിരന്തരം ചോദ്യങ്ങളെയും മാനസിക സംഘർഷങ്ങളിലൂടെയുള്ള പീഡനങ്ങളെയുമാണ്.

സാംസ്കാരികകേരളമെന്ന് ഇന്ത്യൻ സമൂഹം പറയുന്ന പുരോഗമനകേരളത്തിൽ സ്ഥിതി ഒട്ടും വിഭിന്നമല്ല. കേരളീയ സവർണ്ണ ബ്രാഹ്മണിസ്റ്റ് ജീവിത സംസ്കാരത്തിന്റെ പൊതു ഇടങ്ങളിൽ സമൂഹം ഒരു ദലിതനെ എങ്ങിനെയാണ് അടയാളപ്പെടുത്തുന്നത് എന്നതിന്റെ ഉത്തമ ഉദാഹരണങ്ങളാണ് അടുത്ത കാലത്ത് കേരളത്തിലെ ഉന്നതവിദ്യാഭ്യാസമേഖലയിലും കേരളത്തിലെ പൊതുസമൂഹത്തിലും നടന്നുകൊണ്ടിരിക്കുന്നത്. കേരളത്തിൽ ഒരിക്കലും ജാതി പ്രവർത്തിക്കുന്നത് പ്രത്യക്ഷത്തിൽ അല്ല. അവ പരോക്ഷമായി മനസ്സുകളിൽ നിന്നും മനസ്സുകളിലേക്കും പ്രവർത്തിയിൽ നിന്നും പ്രവർത്തികളിലേക്കും നീങ്ങുന്നു. അത്തരം ചോദ്യങ്ങളെ കടന്നുകൊണ്ട് ഒരു ദലിത്/ആദിവാസി വിദ്യാർത്ഥിക്കു മുന്നോട്ടുപോകാൻ കഴിഞ്ഞാലും അത് എത്തപ്പെടുന്നത് ആക്രമണത്തിലും അധിക്ഷേപത്തിലും ആണ്. അത് വിദ്യാർത്ഥികളിൽ നിന്നോ വിദ്യാർത്ഥി പ്രസ്ഥാനങ്ങളിൽ നിന്നോ അധ്യാപകരിൽ നിന്നോ ആവാം. അതുമല്ലെങ്കിൽ ഉന്നതവിദ്യാഭ്യാസത്തിന്റെ അധികാരകേന്ദ്രങ്ങളിൽ നിന്നുമാകാം. അതിനൊരുദാഹരണമായിരുന്നു അടുത്തകാലത്ത് മഹാത്മഗാന്ധി സർവ്വകലാശാലയിൽ നടന്നത്. സർവ്വകലാശാലയുടെ നാനോ സയൻസ് ഗവേഷകവിദ്യാർത്ഥിനിയായ ദീപ.പി.മോഹനൻ എന്ന ദലിത് വിദ്യാർത്ഥിയുടെ പ്രശ്നം. താൻ ഒരു ദലിത് വിദ്യാർത്ഥിനിയായതുകൊണ്ട് മാത്രം നിഷേധിക്കപ്പെട്ട തന്റെ അക്കാദമിക് അവകാശങ്ങൾ നേടാൻ അവ നിഷേധിച്ച




അധ്യാപകനെതിരെ നിരന്തര പോരാട്ടങ്ങൾ ആണ് ആ വിദ്യാർത്ഥിനി നടത്തിക്കൊണ്ടിരിക്കുന്നത്. ഇവിടെ ആരോപണ വിധേയനാക്കപ്പെട്ട അധ്യാപകൻ ഭരിക്കുന്ന രാഷ്ട്രീയത്തിന്റെ ആളാണ് എന്നതിനാലാണ് ഈ സംഭവം ചർച്ചചെയ്യാൻ സമൂഹം തയാറായത്. മാത്രമല്ല അതേ യൂണിവേഴ്സിറ്റിയിൽ നടന്ന മറ്റൊരു കാര്യം യൂണിവേഴ്സിറ്റി അക്കാദമിക് തല ഭരണപരിഷ്ക്കരണങ്ങൾ കൊണ്ട് (അതേ അക്കാദമിക് തല പരിഷ്ക്കാരങ്ങൾ യു.ജി.സി നിർദ്ദേശിക്കുന്ന എല്ലാ മാനദണ്ഡങ്ങളും പാലിച്ച് മറ്റ് യൂണിവേഴ്സിറ്റികൾ ഫെലോഷിപ്പ് നല്കുമ്പോൾ ആണ്) ഗവേഷണ പഠനകാലത്ത് ലഭിക്കേണ്ട സ്കോളർഷിപ്പ് തുക ഗവേഷണം തുടങ്ങി 2 വർഷം കൊടുക്കാതെ അവരുടെ ഗവേഷണ പഠനം തന്നെ നിലക്കാവുന്ന അവസ്ഥയിൽ എത്തിയ പ്രശ്നങ്ങളും. ഇങ്ങനെ അധികാര സ്ഥാപനങ്ങളുടെയും മറ്റും നിരന്തരമായ നീതി നിഷേധത്തിനു ഒരു കൂട്ടം ദലിത്/



**വിവേക് ചെയ്ത തെറ്റോ സമാനചിന്താഗതിയുള്ള ദലിത് സുഹൃത്തുക്കളുമായി ചേർന്ന് ക്യാമ്പസിൽ ഒരു മീറ്റിംഗ് കൂടിയെന്നതാണ്. അതിന് അവനെ ആ സംഘടന നേരിട്ടത് കൈയ്യൂക്കുകൊണ്ടായിരുന്നു. അതിന്റെ അവസാനം അംബേദ്കർ സ്റ്റുഡൻസ് അസോസിയഷൻ രൂപീകരണത്തിൽ കേരളത്തിലെ പ്രശസ്ത സർവ്വകലാശാല വേദിയായി എന്നതാണ്.**

ആദിവാസി/ദലിത് ക്രിസ്ത്യൻ വിദ്യാർത്ഥികൾ ഇരയാവുന്നുണ്ട് പല യൂണിവേഴ്സിറ്റികളിലും. മാത്രമല്ല അടുത്ത സമയത്ത് അതേ യൂണിവേഴ്സിറ്റിയിൽ നമ്മൾ കണ്ടത് വിവേക് കുമാരൻ എന്ന വളരെ ബുദ്ധിയുള്ള ദലിത് വിദ്യാർത്ഥിക്കു നേരെയുണ്ടായ എസ്.എഫ്.ഐ എന്ന സംഘടനയുടെ ആക്രമണവും ആരോപണവുമാണ്. വിവേക് ചെയ്ത തെറ്റോ സമാനചിന്താഗതിയുള്ള ദലിത് സുഹൃത്തുക്കളുമായി ചേർന്ന് ക്യാമ്പസിൽ ഒരു മീറ്റിംഗ് കൂടിയെന്നതാണ്. അതിന് അവനെ ആ സംഘടന നേരിട്ടത് കൈയ്യൂക്കുകൊണ്ടായിരുന്നു. അതിന്റെ അവസാനം അംബേദ്കർ സ്റ്റുഡൻസ് അസോസിയഷൻ രൂപീകരണത്തിൽ കേരളത്തിലെ പ്രശസ്ത സർവ്വകലാശാല വേദിയായി എന്നതാണ്. ഇങ്ങനെ സവർണ്ണ സംഘടനാബോധത്തിനെതിരെയും പ്രശ്നങ്ങൾക്കെതിരെയും പ്രതികരിക്കുന്ന ഏതൊരു വിദ്യാർത്ഥിയെയും ദലിത് കൂട്ടായ്മയേയും സവർണ്ണബോധം നേരിടുന്നത് അധികാരങ്ങൾ വഴിയോ ആരോപണങ്ങൾ വഴിയോ ആണ്. അതിലും നിന്നില്ലെങ്കിൽ ആക്രമമമായിരിക്കും അവസാനമുണ്ടാവുക.

ഇതൊക്കെത്തന്നെ നമ്മൾ ചർച്ച ചെയ്തുകൊണ്ടിരിക്കുന്ന സമയത്താണ് അങ്ങ് തലസ്ഥാനത്ത് സി.ഇ.റ്റി എന്ന മഹാപാരമ്പര്യം പേറുന്ന എഞ്ചിനീയറിംഗ് കോളജിൽ സംവരണം കൊണ്ട് പഠിക്കാൻ കേറിയെന്നതും താൻ ഒരു ആദിവാസിയായതും അവളുടെ കുറ്റമായി മാറി. ആതിര എന്ന വിദ്യാർത്ഥിനിക്ക് നേരിടേണ്ടി വന്നത് കടുത്ത മാനസികപീഡനമായിരുന്നു. ആ പീഡനം അവസാനം അവളുടെ നിർദ്ധനരായ മാതാപിതാക്കളെക്കൊണ്ടുതന്നെ അവളെ മാനസികാരോഗ്യകേന്ദ്രത്തിൽ എത്തിക്കുകയും അതിലും തീരാതെ അവളെ ഇയർ ഔട്ട് ആക്കുന്നതിൽ എത്തി കാര്യങ്ങൾ എന്നതാണ് നമ്മെ വേദനിപ്പിക്കുന്ന വസ്തുത.

ഇങ്ങനെയുള്ള ആക്രമണങ്ങളും കൈയ്യേറ്റവും നടത്തുന്നവർ ഇരയുടെ സാഹചര്യത്തേക്കാൾ ഉപരി അവരുടെ ജാതി സത്യത്തെയാണ് മുതലെടുക്കുന്നതും കൈകാര്യം ചെയ്യുന്നതും. സവർണ്ണ സമൂഹത്തിന്റെ പ്രതിനിധാനം അധികാരമായും ചിഹ്നമായും വ്യവസ്ഥകളായും നമ്മുടെ സമൂഹത്തിൽ, ഭരണതലങ്ങളിൽ നിലനില്ക്കുന്നു എന്നതാണ് നമ്മൾ തിരിച്ചറിയേണ്ടത്. വിവേചനപരമായ


ബ്രാഹ്മണാധിപത്യത്തിന്റ കീഴിൽ ശ്രേണിബദ്ധമായ സമൂഹങ്ങളിൽ ഒരോ ജാതിക്കും കൃത്യമായ തൊഴിൽരൂപങ്ങൾ സവർണ്ണർ ഇവിടെ നിർമ്മിച്ചിരുന്നു. ആ തൊഴിൽരൂപങ്ങൾ പൊളിച്ചെടുത്തുകൊണ്ട് ദലിതരായ പുതുതലമുറ അവരുടെ ഭൗതികസാഹചര്യങ്ങളെയും കടന്നുകൊണ്ട് അക്കാദമിക് തലത്തിൽ ഉന്നത വിദ്യാഭ്യാസത്തിൽ തങ്ങളുടെ അറിവും സർഗ്ഗശേഷിയും വളർത്തിക്കൊണ്ടുവരുന്നു. ഇതിനെതിരെ ഇപ്പോൾ സവർണ്ണ ബ്രാഹ്മണിസ്റ്റ് സംസ്കാരം പ്രയോഗിക്കുന്നത് New Casteism (TM. Yesudasan: A Prologue to Dalit Studies) എന്ന സങ്കല്പനം ആണ്. വളരെ പുരോഗമനപരമെന്ന് തോന്നിപ്പിക്കുന്ന ആശയങ്ങളുടെ പിൻബലത്തോടെ പരമ്പരാഗതമായി അടിച്ചമർത്തപ്പെട്ട സാമുഹ്യവിഭാഗങ്ങൾക്ക് ലഭ്യമാകേണ്ട നീതി വച്ചുതാമസിപ്പിക്കുകയോ നിഷേധിക്കുകയോ ചെയ്യുന്ന രീതിയാണ് ഈ നവജാതീയത. ഈ നിരീക്ഷണം കേരളത്തിലെ ജാതി വിവേചനങ്ങളെ മനസ്സിലാക്കുന്നതിനും വിശദീകരിക്കുന്നതിലും വളരെ പ്രധാനമാണ്. സർവ്വകലാശാലകളിലും ഉന്നതവിദ്യാഭ്യാസരംഗങ്ങളിലും നിലനില്ക്കുന്ന വിവേചനങ്ങൾ പലതും ഇത്തരത്തിൽ ദലിതർക്കു ലഭിക്കേണ്ടുന്ന നീതിയെയും തുല്യതയെയും അവകാശങ്ങളെയും വെച്ചു താമസിപ്പിക്കുകയോ നിഷേധിക്കുകയോ ആണ് ചെയ്യുന്നത്. ഇങ്ങനെ ഇത്തരം നവജാതീയതയെ കടന്നുകൊണ്ട് ഏതെങ്കിലും ദലിതനോ/ആദിവാസിയോ തങ്ങളുടേതായ ഒരു ലക്ഷ്യത്തിൽ എത്തിയാൽ പിന്നെ അവിടെ ചർച്ച ചെയ്യുന്നത് അവന്റെ ജാതി മാത്രമാകും അതിൻപ്രകാരമായിരിക്കും. അവൻ/അവൾ, അവർക്ക് എത്ര കഴിവുണ്ട് എന്നാലും അവർ SC /ST അല്ലേയെന്നതാണ് ചോദ്യം ഇങ്ങനെ ദലിതരെയും ആദിവാസികളെയും ഉന്നതവിദ്യാഭ്യാസരംഗത്തു നിന്നും മാറ്റി നിർത്താൻ നവജാതീയത വളരെ വിപുലമായി ത്തന്നെ ഉപയോഗിക്കുന്നു. അവ ഫെലോഷിപ്പുകൾ/സ്കോളർഷിപ്പുകൾ വൈകിപ്പിക്കുന്നതിലൂടെയോ, അക്കാദമിക് അറിവുകൾ ഉപയോഗിക്കാൻ തടസ്സപ്പെടുത്തുന്നതിലൂടെയോ ആണ്. അങ്ങിനെ ആ വിദ്യാർത്ഥി/വിദ്യാർത്ഥിനികളെ ഒരു സാമൂഹിക മരണത്തിലേക്ക് തള്ളി വിടുന്നു. തങ്ങളുടെ അവകാശങ്ങൾ നിഷേധിച്ചു കൊണ്ട് അവരുടെ ജീവിതം ദുസ്സഹമാക്കുന്ന ആ സാമൂഹികമരണമാണ് നമ്മുടെ അക്കാദമിക് രംഗത്തൊക്കെത്തന്നെ നടക്കുന്നത്. (ഓർലാൻഡ് പാറ്റേഴ്സൺ, സിഗ്മണ്ട് ബോവമാൻ). ഇതിനെ നേരിടാൻ ദലിത്/ ആദിവാസികൾ നിരന്തരം തങ്ങളുടെ സമൂഹത്തിൽ സമരം ചെയ്ത് കൊണ്ട് തങ്ങളുടേതായ സാമൂഹികവും, സംസ്കാരികവുമായ ഇടം സൃഷ്ടിച്ചു കൊണ്ട് അതിലൂടെ ഒരു മൂലധനശേഖരം തന്നെ നടത്തണം. അങ്ങിനെ തങ്ങളുടേതായ ഒരു സമഗ്ര ചരിത്രം (integral history) നിർമ്മിച്ചു കൊണ്ട്, രാഷ്ട്രീയവും, സാമൂഹികവും, സാംസ്കാരികവുമായ ഒരു ഇടം തന്നെ സൃഷ്ടിച്ചു കൊണ്ട് ഇത്തരം അക്കാദമിക് അസ്വാതന്ത്ര്യത്തെ സ്വാതന്ത്ര്യത്തിന്റെ നല്ല നാളേകളാക്കാം.

---

**കവിത**

# മുടിത്തീ

**സീന എൻ.**



**നീ** തറഞ്ഞുനോക്കിയപ്പോഴോ
ഉറഞ്ഞു ചിരിച്ചപ്പോഴോ
എപ്പോഴെന്നറിയില്ല
അഗ്നിമുഖം പുകഞ്ഞു തുടങ്ങി
പിന്നെ,നിന്റെ തെറിച്ച വാക്കും
കണ്ണിലെ തൃഷ്ണയും കള്ളക്കൈയും
തിരിച്ചറിഞ്ഞപ്പോൾ
അഗ്നിമുഖം നിറഞ്ഞൊഴുകി
തിളച്ച ചിന്തയും മുറിഞ്ഞ ആത്മവും
കലങ്ങി ഒഴുകി,
വഴിയുടച്ചു നീക്കി
താപം പകർന്നിറങ്ങി
പിന്നെ,
നീയും നിന്റെ വാക്കും നോട്ടവും
വെറുമൊരു കരിഞ്ഞപാട്

ചർച്ചാവിഷയം



# ഞാൻ കുലീനയല്ല, നിലീനയാണ്



നിലീന അത്തോളി

മൂത്രം ഒഴിക്കാൻ പോയതാണെന്ന് പറയുന്നതു വരെ ഞാൻ കരുതിയിരുന്നില്ല പറഞ്ഞതൊരു അപരാധമായിരുന്നെന്ന്. എന്നാൽ ആണുങ്ങളും പെണ്ണുങ്ങളുമടങ്ങുന്ന സഹപ്രവർത്തകർക്കിടയിൽ എന്റെ പരസ്യ പ്രഖ്യാപനം ചർച്ചാ വിഷയമായി. എന്നേക്കാൾ മുതിർന്ന സ്ത്രീകളോട് എന്നെ ഉപദേശിക്കാനുള്ള നിർദേശങ്ങൾ അതിനോടകം തന്നെ ആണുങ്ങളായ സഹപ്രവർത്തകർ പറഞ്ഞു കൊടുത്തിരുന്നു.

സംഭവം ഇങ്ങനെയാണ്. കാന്റീനിൽ ഭക്ഷണം കഴിക്കാനിരിക്കുമ്പോൾ പെട്ടെന്നാണ് മൂത്രമൊഴിച്ചില്ലല്ലോ എന്ന് ഞാൻ ചിന്തിക്കുന്നത്. നേരെ ബാത്ത്റൂമിലേക്ക് പോയി. തിരിച്ച് വന്നപ്പോൾ അവിടെ കഴിച്ചു കൊണ്ടിരുന്നവർ എവിടേക്കാണ് പെട്ടെന്ന് പോയതെന്ന് എന്നോട് ചോദിച്ചു. മൂത്രമൊഴിക്കാനെന്ന് മടികൂടാതെ പറഞ്ഞ എന്റെ വാക്കുകളാണ് പരസ്യ ചർച്ചയ്ക്കാധാരം.

ചോദിച്ചവർ മൂത്രമൊഴിക്കാൻ എന്ന ഉത്തരം പ്രതീക്ഷിച്ചില്ല എന്നർഥം. അതെന്താ സ്ത്രീകൾ മൂത്രമൊഴിക്കില്ല എന്നുണ്ടോ, ഇനി ഒഴിച്ചാൽ തന്നെ അത് പറയാൻ പാടില്ലെന്നാണോ. തുറന്നു പറഞ്ഞാൽ അത് മൂത്രമൊഴിക്കുന്ന അവയവത്തെ കുറിച്ചുള്ള

**ചോദിച്ചവർ മൂത്രമൊഴിക്കാൻ എന്ന ഉത്തരം പ്രതീക്ഷിച്ചില്ല എന്നർഥം. അതെന്താ സ്ത്രീകൾ മൂത്രമൊഴിക്കില്ല എന്നുണ്ടോ, ഇനി ഒഴിച്ചാൽ തന്നെ അത് പറയാൻ പാടില്ലെന്നാണോ. തുറന്നു പറഞ്ഞാൽ അത് മൂത്രമൊഴിക്കുന്ന അവയവത്തെ കുറിച്ചുള്ള കേൾവിക്കാരന്റെ ഭാവനയെ ഉണർത്തുമെന്ന ഭയമാണോ അവർക്കെന്നോടുള്ള ആ പ്രത്യേക "കരുതലിന് പിന്നിൽ.**

കേൾവിക്കാരന്റെ ഭാവനയെ ഉണർത്തുമെന്ന ഭയമാണോ അവർക്കെന്നോടുള്ള ആ പ്രത്യേക 'കരുതലിന്' പിന്നിൽ. എന്റെ വീട്ടിലെ മുത്തശ്ശിമാർ പോലും ഇത്രത്തോളം കുലീനത വെച്ചു പുലർത്തണമെന്ന ബാധ്യത ഞങ്ങൾ പെൺകുട്ടികളിൽ അടിച്ചേൽപിച്ചിരുന്നില്ല എന്നതു കൊണ്ട് തന്നെ ഈ സംഭവം എന്നെ വല്ലാതെ അസ്വസ്ഥയാക്കി. പുതിയ തൊഴിലിടം, തുടക്കക്കാരി എന്നിങ്ങനെയുള്ള ചുറ്റുപ്പാട് എന്നിലെ അരക്ഷിതാവസ്ഥ വർധിപ്പിച്ചു.


പച്ചയായ പുരുഷനാവാം പക്ഷെ പച്ചയായ പെണ്ണായിരുന്നു കൂടാ എന്ന ആദ്യ ഉപദേശം ഇത്തരത്തിൽ തൊഴിലിടത്തിൽ നിന്നാണ് ലഭിക്കുന്നത്. നേരിട്ടുള്ള നിർദേശമല്ലെങ്കിൽ പോലും ഈ സംഭവം എന്നോട് പറയാതെ പറഞ്ഞതതാണ്.

ഒരു സ്ത്രീ മൂത്രമെന്ന വാക്ക് ഉച്ചരിച്ചാൽ പോലും കുലീനതയ്ക്ക നിരക്കുന്നതല്ലെന്നും മാനം നഷ്ടപ്പെടുന്ന കാര്യമാണ് അതെന്നും ആവർത്തിക്കുമ്പോൾ ലൈംഗികമായി കയ്യേറ്റം ചെയ്യപ്പെടുന്ന സ്ത്രീ എങ്ങനെയാണ് അത് തുറന്നു പറയാൻ ധൈര്യപ്പെടുക. മൂത്രമെന്ന വാക്ക് സ്ത്രീയുടെ കുലീനതയെ കുറച്ചു കാട്ടുമെങ്കിൽ ലൈംഗികമായി കയ്യേറ്റം ചെയ്യപ്പെട്ടു എന്ന സത്യം അവളെങ്ങനെ തുറന്നു പറയും. ലൈംഗിക കയ്യേറ്റങ്ങൾ തുറന്നു പറയുന്നതിൽ നിന്ന് പെൺകുട്ടികളെ പിന്തിരിപ്പിക്കുന്നത് പെൺകുട്ടികൾ പുലർത്താൻ കൽപിക്കപ്പെട്ട ഇതേ കുലീനതയുടെ നിർബന്ധങ്ങളാണ്. സുനിയെപ്പോലുള്ള അധമൻമാരാണ് ഇതേ കുലീനത എന്ന ബാധ്യത മുതലെടുത്ത് ജീവിക്കുന്നത്. ലൈംഗികതയുമായി ബന്ധപ്പെടുത്തി ഒരു സ്ത്രീയെ വിവക്ഷിച്ചാൽ അവളുടെ മാനമാണ് നഷ്ടപ്പെടുന്നതെന്ന ധൈര്യം സുനിയടക്കമുള്ളവർക്ക് നൽകുന്നത് നേരത്തെ പറഞ്ഞ ഇതേ ചിന്താധാരകളുടെ പിൻബലമാണ്.

ഉറച്ചകാൽവെപ്പുകളുമായി ഒച്ചവെച്ചു നടക്കുന്നത് ആഢ്യയും കുലീനയുമായ സ്ത്രീക്ക് ചേർന്നതല്ല എന്ന സ്നേഹോപദേശങ്ങളും എന്നെ തേടിയെത്തിയിട്ടുണ്ട്. മൂത്രമൊഴിക്കുമ്പോൾ പൈപ്പിലെ വെള്ളം തുറന്നിടണമെന്നും എന്നാലേ മൂത്രമൊഴിക്കുന്നതിന്റെ ശബ്ദം പുറത്തു വരാതിരിക്കൂ എന്ന ഉപദേശം ലഭിച്ചതും എന്റെ തൊഴിലിടത്തിൽ നിന്നാണ്. അഞ്ചാം ക്ലാസ്സ് വരെ അടുക്കളപ്പുറത്തെ തിണ്ണയിലിരുന്ന് പരസ്യമായി മുറ്റത്തേക്ക് മൂത്രമൊഴിച്ച് ഏറ്റവും ദൂരത്തെത്തിക്കാൻ ഞാനും സഹോദരങ്ങളും മത്സരിച്ച ഒരു കുട്ടിക്കാലത്തിലൂടെ കടന്നു പോയ വ്യക്തി എന്ന നിലയിൽ ആ ഉദ്ബോധനവും എന്നെ ഞെട്ടിക്കുന്നതായിരുന്നു..

പൈപ്പ് തുറന്നിടാതെ മൂത്രമൊഴിച്ചപ്പോൾ പുറത്ത് കാത്ത് നിന്ന ഒരു മുതിർന്ന സഹപ്രവർത്തക ചോദിച്ചത് എന്താണ് നിലീന, ഇതൊന്നും പറഞ്ഞ് തരാൻ വീട്ടിൽ അമ്മൂമ്മമാരില്ലായിരുന്നോ എന്നാണ്..

**ഒരു സ്ത്രീ മൂത്രമെന്ന വാക്ക് ഉച്ചരിച്ചാൽ പോലും കുലീനതയ്ക്ക നിരക്കുന്നതല്ലെന്നും മാനം നഷ്ടപ്പെടുന്ന കാര്യമാണ് അതെന്നും ആവർത്തിക്കുമ്പോൾ ലൈംഗികമായി കയ്യേറ്റം ചെയ്യപ്പെടുന്ന സ്ത്രീ എങ്ങനെയാണ് അത് തുറന്നു പറയാൻ ധൈര്യപ്പെടുക. മൂത്രമെന്ന വാക്ക് സ്ത്രീയുടെ കുലീനതയെ കുറച്ചു കാട്ടുമെങ്കിൽ ലൈംഗികമായി കയ്യേറ്റം ചെയ്യപ്പെട്ടു എന്ന സത്യം അവളെങ്ങനെ തുറന്നു പറയും.**



തൊഴിലിടങ്ങളിലെ സ്ത്രീകൾ ആശയപരമായി സ്വതന്ത്രരല്ലെന്നത് നമ്മൾ അഡ്രസ്സ് ചെയ്യേണ്ട വിഷയമാണ്. ആ ആശയ ദാരിദ്ര്യത്തെ നമ്മൾ ഇനിയും നേരിട്ടില്ലെങ്കിൽ അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക് എന്ന കാൽവെപ്പ് സമീപ ഭാവിയിൽ ഒരു നവോത്ഥാനമുന്നേറ്റമല്ലാതായിപ്പോവും.

ഒരു പെൺകുട്ടിയാണെന്നതിനും മാസമുറ ഒരു വലിയ ഭാരമാണെന്നുമുള്ള അനുഭവവും തൊഴിലിടങ്ങളാണ് എനിക്ക് നൽകിയത്. മാസമുറയുണ്ടാവുമ്പോൾ പാഡ് കളയാനുള്ള സൗകര്യങ്ങൾ സ്ഥാപനത്തിലില്ലാത്തതിനാൽ പ്ലാറ്റ് ഫോം ടിക്കറ്റെടുത്ത് റെയിൽ വേ സ്റ്റേഷനിലെ ടോയ്ലെറ്റിലെ കുട്ടയിൽ കൊണ്ടിടേണ്ട ഗതികേട് എത്രയോ കാലം ഞാൻ നേരിട്ടിരുന്നു. പാരിസ്ഥിതികാവബോധം വഴിയരികിലെ മാലിന്യ കൂമ്പാരത്തിലേക്ക് ഉപയോഗിച്ച പാഡ് വലിച്ചെറിയുന്നതിൽ നിന്ന് എന്നെ



പിന്തിരിപ്പിച്ചു.

ഞാൻ വരുമ്പോൾ ചുരുങ്ങിയത് 15 സ്ത്രീകളെങ്കിലും ആ സ്ഥാപനത്തിലുണ്ടായിരുന്നു. അവർക്കാർക്കും കുട്ട എന്ന ആവശ്യം ഇല്ലാഞ്ഞിട്ടല്ല. പകരം ആവശ്യങ്ങളും അവകാശങ്ങളും ചോദിക്കുന്ന സ്ത്രീ മര്യാദക്കാരിയല്ലെന്നും എല്ലാവർക്കും ഒരുപോലെ അവൾ സ്വീകാര്യയല്ലെന്നുമുള്ള ഭയം അവരിലുണ്ടായിരുന്നിരിക്കണം. ചവറ്റു കുട്ട ബാത്ത്റൂമിൽ ഇല്ലെന്ന കാര്യം മുതിർന്ന സ്ത്രീസഹപ്രവർത്തകരെ ഞാൻ അറിയിച്ചപ്പോൾ ഇതൊന്നും നടക്കില്ലെന്നും പലരുടെയും കണ്ണിലെ കരടാകുമെന്നും പറഞ്ഞ് എല്ലാവരും ഒഴിഞ്ഞു.

ബാത്ത്റൂമിൽ ഒരു ചവറ്റു കൊട്ട കൊണ്ടുവരാൻ ഒടുവിൽ മാനേജർക്ക് കത്തെഴുതേണ്ടി വന്നു എനിക്ക്. സ്ഥാപനം സ്ത്രീവിരുദ്ധത വെച്ചു പുലർത്തുന്നില്ല എന്നതു കൊണ്ടും അതിലെ ചില വ്യക്തികളാണ് ഈ നിലപാടുള്ളവർ എന്നത് കൊണ്ടും അവകാശം നേടിയെടുക്കാൻ അധികം ബുദ്ധിമുട്ടേണ്ടി വന്നില്ല.

വസ്ത്രധാരണത്തിന്റെ പേരിലും കേട്ടു കുറെ പഴി. പർദ്ദ ധരിക്കുന്നവരെ കുറിച്ച് ചില മുൻവിധികൾ പുലർത്തുന്നതുപോലെത്തന്നെ കയ്യില്ലാത്ത വസ്ത്രം ധരിക്കുന്നവർക്കെതിരെയും ജീൻസ് ധരിക്കുന്നവർക്കെതിരെയും സമൂഹം ചില മുൻധാരണങ്ങൾ വെച്ചു പുലർത്തുന്നുണ്ട്. ഇതേ മുൻവിധികൾ പുലർത്തുന്ന സമൂഹത്തിന്റെ ഭാഗമാകാതിരിക്കാൻ തൊഴിലിടങ്ങൾ ജാഗ്രത പുലർത്തുന്നില്ല എന്നത്

**വസ്ത്രധാരണത്തിന്റെ പേരിലും കേട്ടു കുറെ പഴി. പർദ്ദ ധരിക്കുന്നവരെ കുറിച്ച് ചില മുൻവിധികൾ പുലർത്തുന്നതു പോലെ തന്നെ കയ്യില്ലാത്ത വസ്ത്രം ധരിക്കുന്നവർക്കെതിരെയും ജീൻസ് ധരിക്കുന്നവർക്കെതിരെയും സമൂഹം ചില മുൻധാരണങ്ങൾ വെച്ചു പുലർത്തുന്നുണ്ട്. ഇതേ മുൻവിധികൾ പുലർത്തുന്ന സമൂഹത്തിന്റെ ഭാഗമാകാതിരിക്കാൻ തൊഴിലിടങ്ങൾ ജാഗ്രത പുലർത്തുന്നില്ല എന്നത് വാസ്തവമാണ്.**

വാസ്തവമാണ്.

ഷാളിടാതെ ചുരിദാർ ധരിച്ച ദിവസമാണ് കുലീനമായ വസ്ത്രം ഷാളുള്ള ചുരിദാറാണെന്ന ഉദ്ബോധനം എനിക്ക് ലഭിക്കുന്നത്. വാക്കുകളാൽ പരസ്യമായി അപമാനിക്കപ്പെട്ട ഞാൻ ആ നിമിഷം പൊട്ടിക്കരഞ്ഞത് എന്റെ സഹപ്രവർത്തകരുടെ മുന്നിലാണ്. എന്റെ ഷാളിന്റെ അസാന്നിധ്യം എന്റെ മാറിടത്തിന്റെ സാന്നിധ്യമാണെന്നും അത് ലൈംഗികതയുമായി ബന്ധപ്പെട്ടതാണെന്നും അതിനാൽ ത്തന്നെ അത് മറയ്ക്കപ്പെടേണ്ടതാണെന്നും അവർ പറയാതെ പറയുകയായിരുന്നില്ലേ?

ഇത്തരം സന്ദർഭങ്ങളിൽ സ്ത്രീസഹപ്രവർത്തകർ പുലർത്തിയ കനത്തനിശബ്ദതയിൽ നിന്ന നമ്മൾ ചിലത് പഠിക്കേണ്ടതുണ്ട്. തൊഴിലിടങ്ങൾ ഒരു സ്ത്രീക്ക് നൽകുന്ന അരക്ഷിതബോധവും ഒറ്റപ്പെടലും പ്രതികാരനടപടികളുമാണ് സ്ത്രീസഹപ്രവർത്തകരുടെ നിശബ്ദതയ്ക്ക പിന്നിലെന്ന് ഞാൻ ശക്തമായി വിശ്വസിക്കുന്നു. കുലീനയല്ലാത്ത, എതിരഭിപ്രായങ്ങളുള്ള ഒരു സ്ത്രീയെ പിന്തുണച്ച് തങ്ങളുടെ കുലീനമായ സ്ത്രീത്വം ചോദ്യം ചെയ്യപ്പെടേണ്ടതില്ലെന്ന് അവർ ധരിച്ചു കാണണം.

തികഞ്ഞ സ്വാതന്ത്ര്യത്തോടെ ആൺപെൺഭേദമില്ലാതെ വളർന്ന ഒരു പെൺകുട്ടിയെ സംബന്ധിച്ച് പൊരുത്തപ്പെടാൻ ബുദ്ധിമുട്ടു തന്നെയാണ് പുതിയ കാലത്തെ വർക്ക് സ്പേസ്. ഒതുങ്ങി നടക്കണമെന്നോ ശബ്ദം താഴ്ത്തി സംസാരിക്കണമെന്നോ പറയാൻ സ്ത്രീവിരുദ്ധനായ അച്ഛനോ പാരമ്പര്യ വാദിയായ അച്ഛമ്മയോ ഇല്ലാത്തത് കൊണ്ട് തന്നെ അൽപം സ്വാതന്ത്ര്യത്തോടെ തന്നെയായിരുന്നു ഞാൻ വളർന്നത്. സ്ത്രീകൾക്ക് മാത്രമായി പരിമിതപ്പെടുത്തിയ ജോലി മാത്രമല്ല അച്ഛൻ ചെയ്യിപ്പിച്ചത്. അടുത്തടുത്ത് കുടുംബാംഗങ്ങൾ താമസിച്ചതിനാൽ അവർക്കെല്ലാം കേൾക്കാൻ ഉച്ചത്തിൽ സംസാരിച്ചു തന്നെയാണ് ശീലിച്ചതും.

പക്ഷെ തൊഴിലിടങ്ങൾ പലപ്പോഴും സാമ്പ്രദായിക കുടുംബസങ്കൽപമാണ് പുലർത്തുന്നത്. ഉച്ചത്തിൽ സംസാരിക്കുന്ന സ്ത്രീ, ഒച്ചവെച്ച് നടക്കുന്ന സ്ത്രീ, ഒതുക്കമുള്ള ശാരീരികചേഷ്ടകൾ വെച്ചു പുലർത്താത്ത സ്ത്രീ എന്നിവ ഉത്തമ കുടുംബ സങ്കൽപങ്ങളിലെന്ന പോലെ സ്വീകാര്യമല്ല തൊഴിലിടങ്ങളിലും. മാനം, കുലീനത, ആഢ്യത്വം എന്നീ വാക്കുകളും കാഴ്ച്ചപ്പാടുകളും തത്വത്തിൽ സ്ത്രീസത്വത്തിനു തന്നെ ഭാരമാണ്. അവളുടെ സ്വാതന്ത്ര്യത്തിനും.

സ്വന്തം മുടി സ്ട്രെയ്റ്റൻ ചെയ്യാൻ വിസമ്മതിച്ചതിന്റെ പേരിൽ ഒരു മുഖ്യധാരാ ചാനലിൽ നിന്ന് മാധ്യമപ്രവർത്തക വിധു വിൻസന്റിന് ഇറങ്ങേണ്ടി വന്നത് മാധ്യമ സ്ഥാപനങ്ങൾ സ്ത്രീകൾക്ക് മേൽ വെച്ചു പുലർത്തുന്ന വിശാലമായ കാഴ്ച്ചപ്പാടില്ലായ്മയുടെ പ്രതിഫലനമാണ്. സ്ത്രീകളുടെ സർഗ്ഗാത്മകതയെയും കഠിനാധ്വാനത്തിനെയും മാധ്യമ സ്ഥാപനങ്ങൾ പ്രോത്സാഹിപ്പിക്കുന്നുണ്ടെങ്കിലും അഭിപ്രായ നിർണ്ണയ റോളുകളിൽ മാധ്യമ തൊഴിലിടങ്ങളിൽ അപൂർവ്വമേ സ്ത്രീകളെത്തുന്നുള്ളൂ എന്നത് യാഥാർഥ്യമാണ്.

അത്തരത്തിൽ ഒരു സ്ത്രീക്ക് പ്രാതിനിധ്യം ലഭിച്ചുവെങ്കിൽ മാനഭംഗം പോലെയുള്ള വാക്കുകൾ ഇന്നും പത്രത്താളുകളിലോ ചാനൽ ചർച്ചകളിലോ വന്നു പോകില്ലായിരുന്നു. മാനഭംഗം എന്ന വാക്ക് ഉപയോഗിക്കുന്ന മാധ്യമപ്രവർത്തകർ നൽകുന്നത് തെറ്റായ സന്ദേശമാണ്. ലൈംഗികമായി കയ്യേറ്റം ചെയ്യപ്പെടുന്ന ഒരു സ്ത്രീയുടെ മാനമാണ് ഭംഗിക്കപ്പെടുന്നത് പകരം കുറ്റവാളിയുടേതല്ല എന്ന ദ്വയാർഥമുണ്ട് ആ വാക്കിന്. 2 വയസ്സുകാരിയെ വരെ മാനഭംഗത്തിനിരയായി എന്നു ഉപയോഗിക്കുന്നവർ എന്താണ് അർഥം വെക്കുന്നത്.

ജെൻഡർ സെൻസിറ്റിവിറ്റിയെക്കുറിച്ച് സ്കൂളുകളിൽ കൊടുക്കുന്നത് പോലുള്ള ക്ലാസ്സുകൾ തൊഴിലിടങ്ങളിലും നിർബന്ധമാക്കണമെന്ന ആവശ്യത്തിലേക്ക് വിരൽ ചൂണ്ടുന്നതാണ് ഇത്തരം സംഭവങ്ങൾ.

തകർക്കാനാവാത്ത ഊർജ്ജപ്രവാഹം വെച്ചു പുലർത്തുന്ന സ്ത്രീകളുടെ ധാർമ്മികതയെ ചോദ്യം ചെയ്തു കൊണ്ട് അവരെ പിന്നിലാക്കാൻ ശ്രമിക്കുന്ന സഹപ്രവർത്തകരും തൊഴിലിടങ്ങളിൽ കുറവല്ല.

വാർത്തകളിലെ സ്ത്രീ വിരുദ്ധമായ പരാമർശങ്ങളോ, ചിത്രങ്ങളോ ശ്രദ്ധയിൽ പെടുത്തിയാൽ ഒരു ഫെമിനിസ്റ്റിന്റെ ജല്പനങ്ങളാണെന്ന നിലയിൽ ആക്ഷേപിച്ചു വിടുന്നവരുമുണ്ട്. പക്ഷെ തികഞ്ഞ ധാർമ്മിക ബോധവും ജെൻഡർ സെൻസിറ്റീവിറ്റിയും ഉള്ള വ്യക്തിത്വങ്ങൾ ഇപ്പോഴും മാധ്യമ മേഖലയിൽ നിർണായകസ്ഥാനങ്ങളിൽ ഇരിക്കുന്നതിനാൽ അത്തരം അപകടങ്ങളിൽ നിന്ന് പല വാർത്തകളും തലനാരിഴയ്ക്ക് രക്ഷപ്പെടുകയാണ്.

വാർത്തകൾക്ക് ഒരു ജെൻഡർ ഫിൽട്രേഷൻ ആവശ്യമില്ലേ. ഒരു ജെൻഡർ എഡിറ്റർ ആവശ്യമില്ലേ. കുറ്റകൃത്യങ്ങളിൽ ലോകത്തെമ്പാടും ഇരയാക്കപ്പെടുന്നവരിൽ ഭൂരിഭാഗവും സ്ത്രീകളാണ്. ലൈംഗിക ആക്രമങ്ങളാണ് അവർക്ക് നേരെ കൂടുതലും ഉയരുന്നത്. കൃത്യമായ ദിശ നൽകുന്ന ഒരു ജെൻഡർ ടീം എല്ലാ മാധ്യമസ്ഥാപനങ്ങളിലും ആവശ്യമില്ലേ. സ്ത്രീകൾക്ക് നേരെയുള്ള ആക്രമണങ്ങൾ വ്യക്തിപരമല്ലല്ലോ. അത് കാലാകാലങ്ങളായി സമൂഹത്തിൽ നിലനിൽക്കുന്ന സ്ത്രീവിരുദ്ധ കാഴ്ച്ചപ്പാടുകളുടെ ആകെ തുകയല്ലേ. അങ്ങനെയെങ്കിൽ ഒരു ജെൻഡർ ടീം ആവശ്യമില്ലേ. എൻർടെയ്ൻമെന്റിനും, സിനിമയ്ക്കും കൃഷിക്കും പ്രത്യേക ഇടമുള്ളത് പോലെ ജെൻഡർ സെൻസിറ്റിവിറ്റി കൈകാര്യം ചെയ്യപ്പെടാനും ഒരു പുതു ടീം മാധ്യമമേഖലയിൽ വേണ്ടേ?

ചർച്ചാവിഷയം



കെ.ജി. താര

ശാസ്ത്രവും സാങ്കേതിക വളർച്ചയും സ്ത്രീകളെ വലിയ ഒരു പരിധി വരെ സ്വതന്ത്രരാക്കിയിട്ടുണ്ട് എന്ന ഒരു വാദം ഉണ്ട്. അത് ശരിയെങ്കിൽ, ആ സ്വാതന്ത്ര്യം പ്രത്യക്ഷത്തിൽ കാണേണ്ടത്, കുടുംബങ്ങൾ, രാഷ്ട്രീയ-വിദ്യാഭ്യാസ-തൊഴിൽമേഖലകൾ, ശാസ്ത്രം, ഗവേഷണം, കലാകായിക സാഹിത്യമേഖലകൾ തുടങ്ങിയ ഇടങ്ങളിൽ ആണ്. അരയ്ക്കാനും, പൊടിയ്ക്കാനും, പാത്രം കഴുകാനും, തറതുടയ്ക്കാനും ഉള്ള ഉപകരണങ്ങളും, മൊബൈൽഫോൺ, വാഹനങ്ങൾ, കമ്പ്യൂട്ടർ , തുടങ്ങിയവയും, അവളുടെ അധ്വാനം കുറച്ചു എന്നത് ശരിതന്നെ. പക്ഷെ, ശാസ്ത്രനേട്ടങ്ങൾ അവൾക്കു സഞ്ചാരസ്വാതന്ത്ര്യവും, അവനവനു ഇഷ്ടപ്പെട്ട വിഷയം പഠിക്കുന്നതിനും, തൊഴിൽചെയ്യുന്നതിനും, കലാകായിക പ്രവൃത്തികളിൽ ഏർപ്പെടുന്നതിനും വേണ്ടത്ര സ്വാതന്ത്ര്യം നല്കിയിട്ടുണ്ടോ എന്നു ചോദിച്ചാൽ ഇല്ല എന്ന നിസ്സംശയം പറയാം.



# ശാസ്ത്രവും സാങ്കേതികവിദ്യയും സ്ത്രീ സ്വാതന്ത്ര്യത്തിന്റെ മറുപുറവും

**കുടുംബങ്ങളിലെ സ്വാതന്ത്ര്യം ഏതുവരെ?**

സ്ത്രീ സാക്ഷരത, വിദ്യാഭ്യാസം എന്നിവയുടെ നിരക്കിൽ വളർച്ച ഉണ്ടായിട്ടുണ്ടെങ്കിലും 155 രാജ്യങ്ങൾ ഉള്ളതിൽ സ്ത്രീ -പുരുഷലിംഗസമത്വത്തിൽ ഇന്ത്യ 130 ാം സ്ഥാനത്താണ്. പാക്കിസ്ഥാൻ നമ്മളേക്കാൾ മുകളിൽ, 121ാം സ്ഥാനത്തും. ആഗോള ലിംഗവിടവിന്റെ സൂചികയിൽ ആകട്ടെ, നമ്മൾ 108ാം സ്ഥാനത്ത് ആണ്. വിദ്യാഭ്യാസം, ആരോഗ്യം, അവസരസമത്വം, രാഷ്ട്രീയശാക്തീകരണം, സാമ്പത്തിക സമത്വം എന്നീമേഖലകളിൽ സ്ത്രീയും പുരുഷനും തമ്മിലുള്ള അന്തരം കാണിക്കുന്നതാണ് ആഗോള ലിംഗവിടവിന്റെ ഈ സൂചിക.

വീട്ടുജോലികൾ സ്ത്രീകളുടെ മാത്രം ഉത്തരവാദിത്തം ആണെന്നും, അടുക്കള അവളുടെ മാത്രം സാമ്രാജ്യം ആണെന്നും കാഴ്ചപ്പാടുള്ള സാമൂഹികവ്യവസ്ഥിതിയിൽ, ശാസ്ത്രവും, സാങ്കേതികവിദ്യയും സമ്മാനിച്ച ഉപകരണങ്ങൾ വീട്ടുജോലികൾ കുറേക്കൂടി എളുപ്പമാക്കി എന്നതു സത്യം ആണ്. കല്ലിൽ അരക്കുന്ന സമയത്തിന്റെ നാലിലൊന്നു പോലും മിക്സിയിൽ അരയ്ക്കാൻ വേണ്ട. അടിച്ചു നനയ്ക്കുന്ന അധ്വാനത്തിന്റെ നൂറിലൊന്നു പോലും അലക്കുയന്ത്രത്തിൽ കഴുകുന്നതിനു വേണ്ട. ഈ പ്രവർത്തികൾ എല്ലാം സ്ത്രീകളുടെ മാത്രം ചുമതലയായി കണ്ടുവരുന്ന സാമൂഹ്യവ്യവസ്ഥിതിയിൽ, സ്ത്രീകൾക്ക് അധ്വാനത്തിന്റെ സമയം കുറയ്ക്കാൻ കഴിഞ്ഞു എങ്കിലും, ഇത്തരത്തിൽ സമ്പാദിച്ചെടുത്ത സമയം അവളുടെ സ്വന്തമാണോ എന്ന് പരിശോധിച്ചാൽ, അല്ല എന്നു കണ്ടെത്താം. സ്ത്രീയുടെ കഴിവുകൾ വികസിപ്പിക്കാനോ, സർഗ്ഗാത്മകകാര്യങ്ങളിൽ ഇടപെടാനോ, മിച്ചം വന്ന ഈ സമയം ഉപയോഗിക്കാൻ അവൾക്കാവുന്നില്ല എന്നതാണ് സത്യം. പലപ്പോഴും, ഈ മിച്ചം വന്ന സമയം വീട്ടിലെ ജോലികൾക്ക് പുറമേ പച്ചക്കറിയും, പലചരക്കും വാങ്ങൽ, കുട്ടികളെ ഗൃഹപാഠങ്ങൾ പഠിപ്പിക്കൽ, തുടങ്ങി വീടുമായി ബന്ധപ്പെട്ട കൂടുതൽ ഉത്തരവാദിത്തങ്ങളിലേക്ക് വിവാഹിതയും അമ്മയും ആയ സ്ത്രീയെ കൊണ്ടുചെന്നെത്തിക്കുന്നു എന്നതുകാണാതിരുന്നു കൂടാ.

ഇന്ത്യയിൽ ഇപ്പോഴും വേതനം ഇല്ലാത്ത ജോലികളുടെ 66 ശതമാനവും ചെയ്യുന്നത് സ്ത്രീകൾ ആണെന്നും, പുരുഷന്മാരുടെ പങ്ക്, വെറും 12 ശതമാനം ആണെന്നും യു.എൻ. ഡി.പിയുടെ ഒരു റിപ്പോർട്ടിൽ പറയുന്നു. ശാസ്ത്ര - സാങ്കേതിക വികാസം കൊണ്ടുണ്ടായ ജോലി ലഘൂകരണവും മിച്ച സമയവും ഫലപ്രദമായി ഉപയോഗിക്കാനോ, പത്രം വായിക്കാനോ, സർഗ്ഗാത്മകമായ കഴിവുകൾ ഉള്ളവർക്ക്



കലാപരമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനോ, അത്തരം കഴിവുകൾ വികസിപ്പിക്കുന്നതിനോ ഉള്ള സ്വാതന്ത്ര്യം വളരെ പരിമിതം ആണെന്നു ചുരുക്കം.

2015-ലെ കണക്ക് എടുത്താൽ, പരിഷ്കൃതഅടുക്കള ഉപകരണങ്ങളുടെ മാർക്കറ്റിന്റെ 63 ശതമാനം ഉപഭോക്താക്കളും ഇന്ത്യയുടെ തെക്കൻ സംസ്ഥാനങ്ങളിൽ നിന്നും, വടക്കൻ സംസ്ഥാനങ്ങളിൽ നിന്നും ആണ് എന്ന് കാണാം. അന്താരാഷ്ട്രമാർക്കറ്റ് ഗവേഷണ ഏജൻസിയായ ടെക്സൈറിസർച്ച് പറയുന്നത് 2021 ആകുമ്പോൾ ഇത് 17 ശതമാനവും കൂടി കൂടുമെന്നാണ്. ഇന്ത്യയിലെ 61000 വീടുകളിൽ 2016-ൽ ഒരു അന്താരാഷ്ട്ര ഏജൻസി നടത്തിയ സർവ്വെയിൽ കണ്ടത് 11 ശതമാനം വീടുകളിൽ വാഷിങ്ങ് മെഷീൻ ഉപയോഗിക്കുന്നുണ്ട് എന്നാണ്.



2011-ലെ സെൻസസിൽ കണ്ടെത്തിയ മറ്റൊരു കാര്യം, ഇന്ത്യയിൽ 29 ശതമാനം വീടുകളിൽ റെഫ്രിജറേറ്റർ ഉണ്ടെന്നാണ്. അടുക്കളയിലെ ഈ സാങ്കേതിക വിപ്ലവം, ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയിൽ സ്ത്രീകളുടെ തത്തുല്ല്യമായ സംഭാവനക്ക് കാരണമായി എന്ന് ഒരു കണക്കുകളും കാണിക്കുന്നില്ല. എന്നാൽ, മുതലാളിത്ത രാജ്യങ്ങളിൽ നൂതന സാങ്കേതിക അടുക്കള ഉപകരണങ്ങൾ തൊഴിൽമേഖലയിൽ സ്ത്രീ പങ്കാളിത്തം കൂട്ടാനിടയായി എന്ന് അന്താരാഷ്ട്ര മാർക്കറ്റ് ഗവേഷണഫലങ്ങൾ പറയുന്നുണ്ട്. ഈ സാങ്കേതികവിപ്ലവം എല്ലാം ഉണ്ടാവുമ്പോഴും ഇൻഡ്യൻ തൊഴിൽമേഖലയിൽ എന്തുകൊണ്ട് സ്ത്രീ സാന്നിധ്യം കുറഞ്ഞു വരുന്നു എന്നത് പരിശോധനാവിഷയമാക്കണം.

**ശാസ്ത്ര-സാങ്കേതികതൊഴിൽമേഖല**

മൊബൈൽഫോൺ, ഇന്റർനെറ്റ്, കമ്പ്യൂട്ടർ, തുടങ്ങിയ ഉപകരണങ്ങൾ സ്ത്രീയ്ക്ക് ഒരു പാട് സ്വാതന്ത്ര്യം തന്നിട്ടുണ്ട്. പക്ഷെ, ഇതേ സാങ്കേതിക വിദ്യകൾ, കുളിമുറികളിലും, പൊതുഇടങ്ങളിലും അവളെ അരക്ഷിതയും അസ്വതന്ത്രയാക്കുകയും ചെയ്ത സംഭവങ്ങളും ചെറുതല്ല. നൂതന സാങ്കേതികവിദ്യകൾ സംഭാവന ചെയ്ത യന്ത്രസാമഗ്രികൾ ഒരു വിഭാഗം സ്ത്രീകളെ സ്വതന്ത്രരാക്കിയപ്പോൾ, ഗ്രാമീണമേഖലയിലെ സ്ത്രീ സാന്നിധ്യത്തിന് വലിയ നന്മ ചെയ്തില്ല. 1991-ലെ ഒരു സ്വതന്ത്ര പഠനം പറയുന്നത് ഇന്ത്യയിൽ, യന്ത്രവല്ക്കരണത്തോടെ കളിമൺപാത്ര വ്യവസായം, നെയ്ത്ത് തുടങ്ങിയ പരമ്പരാഗത തൊഴിൽമേഖലകളിൽ നിന്നും 4.8 മില്ല്യൻ സ്ത്രീകൾക്ക് തൊഴിൽ നഷ്ടപ്പെട്ടു എന്നാണ്. 2005 മുതൽ 2012 വരെയുള്ള കാലഘട്ടത്തിൽ, ഇന്ത്യയിലെ ഗ്രാമീണമേഖലയിലുള്ള സ്ത്രീ

പങ്കാളിത്തം 49 ശതമാനത്തിൽ നിന്നും 36 ശതമാനമായി കുറഞ്ഞു എന്നു കണക്കുകൾ പറയുന്നു.

സാങ്കേതികവിദ്യയിലെ മുതൽമുടക്കിയുള്ള സൗഹൃദാന്തരീക്ഷം കണക്കിലെടുത്താൽ, മൂന്നാം സ്ഥാനമുണ്ട് ഇന്ത്യക്ക്. ശാസ്ത്ര-ഗവേഷണരംഗത്ത് , പ്രത്യേകിച്ച് ബഹിരാകാശഗവേഷണരംഗത്ത് ഇന്ത്യ, ആദ്യത്തെ അഞ്ചു സ്ഥാനങ്ങളിൽ വരികയും ചെയ്യും. സ്റ്റാർട്ടപ്പ് ബിസിനസ്സ് സംരംഭങ്ങൾക്ക് 2016-ൽ ശാസ്ത്ര-സാങ്കേതികവകുപ്പ് 500 കോടി രൂപയാണ് മാറ്റിവച്ചിരിക്കുന്നതും. പക്ഷെ, UNICEF ന്റെ 2015 -ലെ ഒരു പഠനം പറയുന്നത് ആഗോളതലത്തിൽ, ബോർഡുകളുടേയും, കമ്പനികളുടേയും തലപ്പത്ത് സ്ത്രീ സാന്നിധ്യം 14 ശതമാനം മാത്രമേ ഉള്ളൂ എന്നാണ്. ഇന്ത്യയിൽ, ഇത് വെറും 10 ശതമാനം മാത്രം.

ലോകബാങ്കിന്റെ ഒരു പഠനം വെളിപ്പെടുത്തിയത് തൊഴിൽമേഖലയിലെ സ്ത്രീ സാന്നിധ്യത്തിന്റെ കാര്യത്തിൽ ഇന്ത്യ, 131 രാജ്യങ്ങളിൽ, 120 ാം സ്ഥാനത്താണ് എന്നതാണ്. കഴിവില്ലാത്തതുകൊണ്ടല്ല മറിച്ച്, ഇഷ്ട്ടപ്പെട്ട ജോലി സ്വീകരിക്കാൻ സ്ത്രീകൾക്ക് സ്വാതന്ത്ര്യം കൊടുക്കാത്തതുകൊണ്ടാണിത് എന്നാതാണ് സങ്കടകരം. വീട്ടുജോലി, പാചകം, കുഞ്ഞുങ്ങളെ വളർത്തൽ തുടങ്ങി ഒന്നിൽക്കൂടുതൽ ഉത്തരവാദിത്വം ഏറ്റെടുക്കേണ്ടിവരുന്നതും അവളുടെ സ്വാതന്ത്ര്യത്തെ തടുക്കുന്നു. .

ഇനി, ശാസ്ത്രഗവേഷണരംഗം എടുത്താലോ? ശാസ്ത്രം, സാങ്കേതികം, എൻജിനീയറിംഗ്, കണക്ക്, തുടങ്ങിയ വിഷയങ്ങളിൽ (STEM Subjects), 47 ശതമാനം പെൺകുട്ടികൾ ചേരുന്നു എങ്കിലും അവരിൽ പലരും തുടർ പഠനം നടത്തുന്നില്ല എന്നു കാണാം. കേന്ദ്ര ശാസ്ത്ര-സാങ്കേതിക മന്ത്രാലയത്തിന്റെ 2015 ലെ കണക്ക് പ്രകാരം, ആകെ 11.92 ലക്ഷം ഗവേഷകർ ഉള്ളതിൽ സ്ത്രീ ഗവേഷകർ വെറും 14.33 ശതമാനം മാത്രമേ ഉള്ളൂ. സ്ക്കൂൾ കുട്ടികളിലെ ഗവേഷണതാല്പര്യം കൂട്ടാൻ കേന്ദ്ര സർക്കാർ തുടങ്ങിയ INSPIRE എന്നപദ്ധതിയിൽ 60 ശതമാനവും പെൺകുട്ടികൾ ആണ് പങ്കെടുക്കുന്നത്. ഇവർക്ക് പിന്നീട് എന്താണ് പറ്റുന്നത്? പ്രൈമറി-സെക്കന്ററിതലങ്ങളിൽ തരക്കേടില്ലാത്ത സാന്നിധ്യമുള്ള ഈ പെൺകുട്ടികൾ, വിവാഹശേഷം എന്തുകൊണ്ട് തൊഴിൽമേഖലയിൽ കാണപ്പെടുന്നില്ല എന്നത് അടിയന്തിരമായി പരിശോധിക്കേണ്ടതുണ്ട്.

സംസ്ഥാന സർക്കാർ പ്രസിദ്ധീകരണമായ 'ഇക്കണോമിക് റിവ്യു' പറയുന്നത് 2016 ൽ, കേരളത്തിലെ ജനസംഖ്യയുടെ 52 ശതമാനം വരുന്ന സ്ത്രീകളിലെ തൊഴിലില്ലായ്മ 47.4 ശതമാനം ആണെന്നാണ്. സ്ത്രീകൾ, സ്വമേധയാ തൊഴിലിടങ്ങൾ വിട്ടിറങ്ങി എന്നത് തെറ്റായ ഒരു ധാരണ ആണെന്നത് ലോക ബാങ്കിന്റെ റിപ്പോർട്ടുകളും ശരിവക്കുന്നു. സുരക്ഷിതമായി യാത്ര ചെയ്യാനുള്ള ജോലികൾ തേടിപ്പോകേണ്ടി വരുന്നതും, ഏറെദൂരംയാത്ര ചെയ്യേണ്ട ജോലികൾ വേണ്ടെന്നു വയ്ക്കുവാൻ നിർബന്ധിതരാവുന്നതും സ്ത്രീകളെ ഒരുപാട് പരിമിതപ്പെടുത്താറുണ്ട്. ഇഷ്ടമുള്ള തൊഴിലെടുക്കാനുള്ള സ്വാതന്ത്ര്യം സ്ത്രീകൾക്ക് നിഷേധിക്കപ്പെട്ടത് സാമൂഹ്യവും, സാമ്പത്തികവും, രാഷ്ട്രീയവും ആയ കാരണങ്ങൾ മൂലമാണ് എന്നതാണ് സത്യം. .

2011-ലെ സെൻസസ് പ്രകാരം, ഇന്ത്യയിലെ സ്ത്രീ സാക്ഷരത 65.46 ശതമാനവും പുരുഷസാക്ഷരത 82.14 ശതമാനവും ആണ്. ലോകരാജ്യങ്ങളിൽ, സ്ത്രീ സാക്ഷരതയിൽ 124ാം സ്ഥാനമേ നമ്മൾക്ക് ഉള്ളൂ. ആഗോളതലത്തിൽ, ഔദ്യോഗിക സമ്പദ്വ്യവസ്ഥ സംഭാവന നൽകുന്ന പുരുഷന്മാരുടെ ശതമാനമാകട്ടെ 81 ഉം സ്ത്രീകളുടേത് 54 ഉം ആണ്. വെറും 28 ശതമാനം സ്ത്രീപങ്കാളിത്തം ഉള്ള ഇന്ത്യ, ലോകരാജ്യങ്ങളുടെ പട്ടികയിൽ 135 ാം സ്ഥാനത്ത് ആയത് നാണക്കേട് മാത്രമല്ല, ആശങ്കയും ഉണ്ടാക്കുന്നുണ്ട്.

ശാസ്ത്ര സാങ്കേതിക പുരോഗതി എത്ര ഉണ്ടായാലും, സ്ത്രീയുടെ വളർച്ചയും സാമൂഹ്യ പദവിയും നിർണ്ണയിക്കുന്നതിൽ തൊഴിലിടങ്ങളിലെ അവളുടെ സാന്നിദ്ധ്യവും വലിയ പങ്ക് വഹിക്കുന്നുണ്ട്. സ്ത്രീയുടെ എല്ലാ അദ്ധ്വാനത്തിനും വേതനം കിട്ടുമ്പോൾ മാത്രമേ അവളുടെ പദവി അംഗീകരിക്കപ്പെടുകയും തീരുമാനങ്ങൾ എടുക്കാനുള്ള സ്വാതന്ത്ര്യം അവൾക്ക് കിട്ടുകയുമുള്ളൂ. തൊഴിലിടങ്ങളിലെ സ്ത്രീകളുടെ സാന്നിദ്ധ്യം വെറും 10 ശതമാനം കൂട്ടിയാൽ തന്നെ ഇൻഡ്യയുടെ ജി.ഡി.പി-യിൽ 70 ശതമാനത്തിന്റെ വർധന ഉണ്ടാവും.
അതിന് വേണ്ടത്, സ്ത്രീയോടും പുരുഷനോടും തുല്ല്യ പ്രതിബദ്ധത ഉള്ള ഒരു ബഡ്ജറ്റും , തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കലും, സമൂഹ മനഃസ്ഥിതിയിൽ ഉള്ള മാറ്റവും ആണ്.




# സ്വാതന്ത്ര്യത്തിന്റെ മഴവിൽ വഴികൾ



വൈഖരി ആര്യാട്ട്

പൂർണമായും സ്വതന്ത്രയായ ഒരുവൾ ഉണ്ടാവുമോ? 'തീർത്തും സ്വതന്ത്രനാണ്' എന്ന അവകാശവാദങ്ങൾ കേട്ടിട്ടുണ്ട് ധാരാളമെങ്കിലും 'സ്വതന്ത്ര'യെ ഒരുപാടൊന്നും കണ്ടിട്ടില്ല. അതിൽ വലിയ അത്ഭുതവുമില്ല. അല്ലെങ്കിലും വീടിന്റെ അകത്തു പോലും ഒന്ന്! ഒച്ച ഉയർത്താനെങ്കിലും സ്വാതന്ത്ര്യമില്ല, അപ്പോഴാണ്! കാലകത്തി ഇരിക്കാൻ വയ്യ, സന്ധ്യ മയങ്ങിയാൽ പുറത്തിറങ്ങാൻ വയ്യ, എന്തെങ്കിലും തക്കതായ കാരണമില്ലാതെ പുറത്ത് പോകാൻ പാടില്ല, എതിര് പറയാൻ വയ്യ, ദേഷ്യപ്പെടാൻ വയ്യ, വെയിൽ ഉദിക്കും വരെ ഉറങ്ങാനോ നിലാവെട്ടത്തിൽ നക്ഷത്രമെണ്ണി ഇരിക്കാനോ പോലും പാടില്ല എന്നിങ്ങനെ അന്തമില്ലാത്ത  അരുതുകൾ സൃഷ്ടിച്ചു തന്ന മൂല്യബോധത്തിന്റെ ലോകത്ത് ഒരു നടപ്പ് കൊണ്ട് സ്വതന്ത്രയായത് ഇരുപത്തിരണ്ടാമത്തെ വയസ്സിലായിരുന്നു. എന്റെ ആദ്യത്തെ സ്വാഭിമാനയാത്ര.

2011 ജൂലൈ രണ്ട്. ലൈംഗികസ്വാഭിമാന യാത്രയ്ക്ക് പോകാൻ തീരുമാനിക്കുന്നത് അതുവരെ പൂർണമായും മനസിലാകാത്ത, വാക്കുകൾ ഇല്ലാത്ത ഒന്നിന് ഉത്തരം തേടിയാണ്. എനിക്ക് ഭ്രാന്തല്ല എന്ന്

എന്നെത്തന്നെ എനിക്ക് ബോധ്യപ്പെടുത്തണമായിരുന്നു. ബാഗ് പാക്ക് ചെയ്ത് ഹോസ്റ്റലിൽ നിന്നും ഇറങ്ങി തൃശൂർക്ക് ബസ് കയറുന്നതിനിടെ പലതവണ ധൈര്യംകെട്ടു തിരികെ പോയാലോ എന്ന് ആലോചിച്ച് വശംകെട്ട് ഒടുവിൽ മഴവിൽസമ്മേളന നഗരിയിൽ ചെന്ന് ചേരുക തന്നെ ചെയ്തു. അവിടെ മൂന്നു വ്യത്യസ്തരായ ആൾക്കൂട്ടത്തെയാണ് കണ്ടത്. മഴവിൽ വർണങ്ങളിൽ കുളിച്ചു ആത്മവിശ്വാസം തുടിക്കുന്ന മനുഷ്യരുടെ ഒരു കൂട്ടം, വളരെ ഉത്സാഹത്തിൽ മൊബൈലിൽ ഫോട്ടോയും വീഡിയോയും പിടിച്ചും അവരെപ്പറ്റി അശ്ലീല കമന്റുകൾ പാസാക്കിയും നിൽക്കുന്ന കാഴ്ചക്കാർ, മഴവിൽ മനുഷ്യരുടെ ഇടയിലൂടെ നടക്കുമ്പോഴും കഴുത്തിലെ ടാഗും, കയ്യിലെ മൈക്കും ക്യാമറയുമായി തങ്ങൾ ഇവരിൽ പെട്ടവരല്ല എന്ന് കൃത്യമായി പ്രഖ്യാപിക്കുന്ന മാധ്യമ പ്രവർത്തകർ. അൽപനേരം മൂന്നു കൂട്ടരെയും നോക്കി എന്തിനാണ് ഇവിടെ വന്നതെന്നോ എന്താണിവിടെ ചെയ്യുന്നത് എന്നോ തീർച്ചയില്ലാതെ കുറെനേരം പതറി നിന്നെങ്കിലും പതിയെ പതിയെ ചുറ്റുമുള്ള ബഹുവർണ്ണത്തിൽ പൂത്തു തളിർത്ത ആഹ്ലാദം ആത്മവിശ്വാസം പകർന്നു തുടങ്ങി. ലോകത്തുള്ള സകല വർണ്ണങ്ങളും വാരി വിതറിയ കുറേ മനുഷ്യർ അതുവരെയും അപരിചിതമായിരുന്ന ഭാഷയിൽ സ്നേഹത്തെക്കുറിച്ച് സംസാരിക്കുന്നു! എനിക്കുള്ള ഉത്തരം ഇവിടെ തന്നെയാവും എന്ന് കരുതി അവരുടെ ഇടയിലേക്ക് നടന്നപ്പോഴാണ് ആദ്യമായി ആ ചോദ്യം നേരിട്ടത്,

'നമ്മുടെ പാർട്ടിയാണോ?'

ചോദ്യകർത്താവും അവരുടെ സുഹൃത്തുക്കളും സാകൂതം നോക്കുന്നു. വല്ലാത്ത സഭാകമ്പത്തോടെ ആലോചിച്ചു, ഞാൻ ആരുടെ പാർട്ടിയാണ്? ആരുടെ പാർട്ടിയെയാണ് അവർ പ്രതീക്ഷിക്കുന്നത്? ആർക്കൊക്കെയാണ് അവിടെ സ്വീകാര്യത? അറിയില്ലായിരുന്നു. വളരെ കുറ്റബോധത്തോടെയായിരുന്നു മറുപടി കൊടുത്തത് എന്ന് ഓർക്കുന്നു.

'എനിക്കറിയില്ല'

അവർ സംശയിച്ചു എന്നെ മറികടന്നു പോയി. ഞാൻ വർധിച്ചുവരുന്ന അപകർഷതയോടെ ഒരു മൂലയ്ക്ക് ചെന്ന് നില്പായി. ഒന്നും ചെയ്യാനില്ലാത്തതുകൊ ണ്ട് ചുറ്റുമുള്ളവരെ നോക്കി. പത്രമാധ്യമങ്ങളിൽ കണ്ടും കേട്ടും പരിചയമുള്ള പലരെയും അവിടെ കണ്ടു. അവർ പലരും അവിടെ വന്നശേഷം വർണങ്ങൾ എടുത്ത് അണിയുന്നു. അവർ കയ്യിൽ ഏന്തിയിരുന്ന പ്ലക്കാർഡുകളിൽ പലതിലും ഞാൻ അതുവരെ എവിടെയും കേൾക്കാത്ത ആശയങ്ങൾ ആയിരുന്നു. പക്ഷെ അവ വളരെ ലളിതമായിരുന്നു എന്നതിനാൽ എന്തുകൊണ്ടാണ് അങ്ങനെ ഇതുവരെ ചിന്തിക്കാഞ്ഞത് എന്ന് ഞാൻ സ്വയം അത്ഭുതപ്പെട്ടു. ഉദാഹരണത്തിന് 'എന്റെ ലൈംഗികതയിൽ നിങ്ങൾക്ക് എന്താണ് കാര്യം?' എന്നൊരെണ്ണം. അതെ, എന്റെ ലൈംഗികത എന്റെ സ്വകാര്യമായ ഒന്നാണല്ലോ. അത് അന്വേഷിക്കേണ്ട



ആവശ്യം മറ്റുള്ളവർക്ക് എന്ത്? എന്നിട്ടും എന്തിനാണ് ഞാൻ അവൾക്കൊപ്പം ചെയ്തിരുന്നത് ആരെങ്കിലും അറിഞ്ഞാൽ എന്ത് കരുതുമെന്ന് അത്രകാലവും ഭയപ്പെട്ടത്? എന്തിനായിരുന്നു എനിക്ക് അത്ര കുറ്റബോധം? ഞങ്ങൾ മൂന്നാമത് ഒരാളെ വേദനിപ്പിച്ചിരുന്നില്ലല്ലോ....

(ചിത്രം 2011ലെ ലൈംഗിക സ്വാഭിമാന ഘോഷയാത്രയിൽ നിന്നും ലേഖിക പകർത്തിയത്)

യഥാർത്ഥത്തിൽ ആ വാചകങ്ങൾ അപ്പോൾ എനിക്ക് തന്ന കരുത്ത് ചെറുതല്ല. അതെന്നെ പതിയെ ആ കൂട്ടത്തിലേക്ക് വീണ്ടും നടന്നു

ചെല്ലാൻ പ്രേരിപ്പിച്ചു. ഇത്തവണ ആകാംക്ഷയോടെയാണെങ്കിലും അല്പം കൂടി ഉറച്ചു തന്നെ. നടപ്പ് തുടങ്ങാൻ പോവുകയായിരുന്നു. ആ കൂട്ടത്തിൽ ഞാനും ചേർന്നു. ചിരിച്ചവർക്കെല്ലാം ചിരി തിരികെ നൽകി.



ചിലരെ പരിചയപ്പെട്ടു. എന്നോട് ചിരിച്ച ഒരു പെൺകുട്ടിയുടെ കയ്യിൽ മൂന്നോ നാലോ പ്ലക്കാർഡുകൾ ഉണ്ടായിരുന്നു. അതിന്റെ ഭാരം കൊണ്ട് അവർ നന്നേ വിഷമിക്കുന്നുണ്ടായിരുന്നു. അത് വാങ്ങി പിടിക്കണോ എന്ന് ഞാൻ സംശയിക്കവേ 'എന്തിനാണ് ഇവിടെ വന്നത്' എന്ന അവരുടെ ചോദ്യത്തിനോട് എനിക്ക് നല്ല നിശ്ചയമില്ല എന്ന് സത്യസന്ധയായി. ആ സംഭാഷണം കേട്ട്, തൊട്ടു മുന്നിൽ നടന്നിരുന്ന ഒരു സ്ത്രീ തിരിഞ്ഞു നിന്നു വളരെ ഹാർദ്ദവമായി എന്നോട് ചോദിച്ചു,

"സ്ട്രെയിറ്റ് ആണോ"

"അതെ"

അവർ കുസൃതിയോടെ കണ്ണിറുക്കി എന്നോട് ചോദിച്ചു,

'ഉറപ്പാണോ?'

അതൊരു വല്ലാത്ത നിമിഷമായിരുന്നു. നേരത്തെ തന്നെ ഉലഞ്ഞു നിന്നിരുന്ന എന്റെ പല ധാരണകളെയും തകിടം മറിച്ച ഒരു ചോദ്യം! വളരെ ലളിതമായ ചോദ്യം. ഉറപ്പാണോ എന്ന്! പെട്ടെന്ന് എന്റെ ശേഷിച്ച ഉറപ്പുകൾ കാറ്റിൽ പറന്നു പോയി. എനിക്ക് കരച്ചിലും ചിരിയും വന്നു. ഞാൻ ഒന്നും പറഞ്ഞില്ല. അരികിൽ നടന്ന പെൺകുട്ടിയുടെ കയ്യിൽ നിന്നും പ്ലക്കാർഡുകളിൽ ഒരെണ്ണം ചോദിച്ചു വാങ്ങി ഉയർത്തിപ്പിടിച്ചു നടന്നു, തല ഉയർത്തി തന്നെ.

ആ നിമിഷമായിരുന്നു ഞാൻ സ്വാതന്ത്ര്യത്തിലേക്കുള്ള വഴിയിലൂടെ നടന്നു തുടങ്ങിയത്. എന്റെ തന്നെ പാപബോധ്യങ്ങളിൽ നിന്ന്, കുറ്റബോധത്തിൽ നിന്ന്, അതുവരെ തലയിൽ ചുമന്നുനടന്ന കപടമൂല്യവിചാരങ്ങളിൽ നിന്ന്, അന്നുവരെ ജീവിച്ച നുണകളിൽ നിന്ന് എല്ലാമുള്ള സ്വാതന്ത്ര്യം. ആ നടത്തത്തിന്റെ ആദ്യ ചുവടുകൾ ഭാരമേറിയവയായിരുന്നു. എങ്കിലും ഓരോ ചുവടുകളായി മുന്നോട്ടു പോകവേ കൂടുതൽ കൂടുതൽ സ്വതന്ത്രയാവുന്നതായി എനിക്ക് അനുഭവപ്പെട്ടു.

അന്നേ ദിവസം നടപ്പ് അവസാനിച്ചപ്പോൾത്തന്നെ കാഴ്ചക്കാരിൽ നിന്നും കയറി വന്ന ഒരു മനുഷ്യൻ ചുറ്റും നിന്നിരുന്ന മറ്റു വെളുത്ത ശരീരമുള്ള സ്ത്രീകളെ അവഗണിച്ച് പരസ്യമായി എന്റെ 'റേറ്റ്' അന്വേഷിച്ച നിമിഷം തന്നെ ആ മഴവിൽ കൂട്ടത്തിലും എന്റെ അവർണ്ണശരീരം പേറുന്ന കീഴാളത്വം വേറിട്ടു നിൽക്കുന്നു എന്ന വസ്തുത, ഇനിയും ദുർഘടമായ ദൂരങ്ങൾ താണ്ടാൻ ഉണ്ടെന്നു ശക്തമായി ഓർമപ്പെടുത്തി. എങ്കിലും ഞാൻ തൃപ്തയായിരുന്നു, ഇനി ഒന്നും പഴയ പോലെ ആവില്ല എന്ന ഉറപ്പ് സ്വയം ഉള്ളത് കൊണ്ട്.

നടപ്പ് ഇനിയും അവസാനിച്ചിട്ടില്ല, കൂടുതൽ വിശാലമായ വഴികളിലേക്ക് കൂടുതൽ തെളിമയോടെ, ഉറപ്പോടെ അത് ഇപ്പോഴും നീളുന്നു.



ഐശ്വര്യ കെ.കെ.



# സ്വതന്ത്ര ക്യാമ്പസ്സുകൾക്കായി, പ്രതിരോധങ്ങളുണ്ടാവട്ടെ

**പെ**ൺകുട്ടികളുടെ ക്യാമ്പസ്സിലെ സ്വാതന്ത്ര്യം എന്ന വിശാലമായ വാക്കു പോയിട്ട് ക്യാമ്പസ്സുകളിലെ പെൺകുട്ടികളുടെ അടിസ്ഥാനമനുഷ്യാവകാശസംരക്ഷണം പോലും സാക്ഷരകേരളത്തിൽ ആരോഗ്യപരമായി ചർച്ച ചെയ്യപ്പെടുന്നുണ്ടോ എന്ന് എനിക്ക് സംശയമുണ്ട്. വിദ്യാർത്ഥികളിൽ ആത്മവിശ്വാസവും ധൈര്യവും പ്രതീക്ഷകളും നൽകുന്ന ഇടങ്ങളാവണം ക്യാമ്പസ്സുകൾ. സ്വയം കഴിവുകൾ തിരിച്ചറിയുകയും വളർത്തുകയും ചെയ്യാൻ സാധിക്കുന്ന സ്വതന്ത്രമായ കലാലയാന്തരീക്ഷത്തിൽ മാത്രമേ അത് സാധിക്കൂ. പക്ഷെ നിലവിലുള്ള ക്യാമ്പസ്സുകൾ മേൽപറഞ്ഞതിൽ ഒട്ടും തൽപരരല്ല. തൽപരരല്ലെന്നു മാത്രമല്ല വേറിട്ട കാഴ്ചകളെ മുളയിലേ നുള്ളാനുള്ള ആയുധങ്ങളുമായാണ് പല ക്യാമ്പസ്സുകളും പ്രവർത്തിക്കുന്നത്.

സ്വന്തം ഇഷ്ടപ്രകാരമുള്ള വസ്ത്രധാരണത്തിനുള്ള സ്വാതന്ത്ര്യമില്ലായ്മ തൊട്ടു തുടങ്ങുകയാണ് , നമ്മുടെ ക്യാമ്പസ്സുകളിലെ സ്വാതന്ത്ര്യനിഷേധങ്ങൾ. ചുരുക്കം ചില സർക്കാർ സ്ഥാപനങ്ങളൊഴിച്ചാൽ മറ്റു എല്ലാ ക്യാമ്പസ്സുകളിലും



വസ്ത്രധാരണനിയന്ത്രണങ്ങളുണ്ട്. അതിൽത്തന്നെ ഏറ്റവും കൂടുതൽ നിയന്ത്രണങ്ങൾ പെൺകുട്ടികൾക്കാണ്. മുഴുവൻ സമയവും പ്രവർത്തിക്കുന്ന ലൈബ്രറികൾ അപൂർവം. അങ്ങനെ വായിച്ചു വളരാനും പഠിക്കാനുമുള്ള സ്വാതന്ത്ര്യവും തഥൈവ. വിദ്യാർത്ഥികളുടെ സഞ്ചാരസ്വാതന്ത്ര്യത്തെ നിരസിച്ചുകൊണ്ടു സ്ത്രീകളുടെ ഹോസ്റ്റലുകളെല്ലാം പരമാവധി 7 മണിക്കുള്ളിൽ കൊട്ടിയടക്കപ്പെടുന്നു; വളരെ അപൂർവം ചില മെൻസ് ഹോസ്റ്റലുകളും. ക്ലാസ്സുകളിൽ അധ്യാപകരുടെ ഏകാധിപത്യത്തിനപ്പുറം ലിംഗഭേദമന്യേ ഉള്ള തുറന്ന ചർച്ചകൾക്കും പാഠപുസ്തകത്തിനു പുറത്തേക്കുള്ള വളർച്ചയ്ക്കും സാധ്യത അതോടുകൂടി ഇല്ലാതാവുന്നു. ഇതൊന്നും കൂടാതെ പെൺകുട്ടികളുടെ ശരീരം സംരക്ഷിക്കാനും അവരെ നന്നാക്കാനും സദാചാരക്ലാസ്സുകൾ എടുക്കാനും ആങ്ങളമാരും അധ്യാപകരും ഇഷ്ടംപോലെ. മൊത്തത്തിൽ സ്ത്രീപീഡനസംസ്കാരത്തിന് ഒത്തിരി സംഭാവനകൾ കൊടുക്കാൻ പറ്റുന്ന ഇടങ്ങളാണ് നമ്മുടെ ക്യാമ്പസ്സുകൾ.

കാലങ്ങളായുള്ള അടിച്ചമർത്തലുകളിൽ വീർപ്പുമുട്ടി ഉണ്ടാവുന്ന വിദ്യാർത്ഥിപ്രതിഷേധങ്ങളാണ് പ്രതീക്ഷകൾ നൽകുന്നത്. തിരുവനന്തപുരം എഞ്ചിനിയറിങ്ങ് കോളേജിൽ (CET) തുടങ്ങിയ ഐതിഹാസികമായ 'Break the Curfew ' സമരത്തിനു ശേഷം വലിയ പ്രകമ്പനങ്ങൾ സൃഷ്ടിച്ച് അടുത്തകാലത്ത് വാർത്താമാധ്യമങ്ങളിൽ നിറഞ്ഞുനിന്ന തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ നിന്ന് തുടങ്ങാം. കോളേജിലെ പെൺകുട്ടികൾ വേറൊരു ആണിന്റെ കൂടെ ഇരുന്നതായിരുന്നു കൈയ്യേറ്റകാരണം. അവിടെ വിദ്യാർത്ഥികൾ

തന്നെയാണ് സ്വാതന്ത്ര്യത്തെക്കുറിച്ച് ഉൾബോധമില്ലാതെ പെരുമാറിയത്. രാഷ്ട്രീയ പ്രബുദ്ധമല്ലാത്ത ക്യാമ്പസ്സുകളിലെ വിദ്യാർത്ഥികളിൽ നിന്ന് ഇതിൽ കൂടുതൽ പ്രതീക്ഷിക്കാൻ പറ്റുമോ? എന്നിരുന്നാലും പേടിച്ചൊതുങ്ങാതെ അവർ ശബ്ദിച്ചത് അവിടത്തെ മാറ്റത്തിന്റെ തുടക്കമാവാം. ലോ അക്കാദമി പ്രശ്നവും തുടക്കത്തിൽ സ്വാതന്ത്ര്യത്തിനായുള്ള മുറവിളി ആയിരുന്നു. നിയമം പഠിപ്പിക്കുന്നവർക്കുതന്നെ സ്വാതന്ത്ര്യബോധം ഇല്ലെന്നത് കഷ്ടമാണ്. സമരം മുന്നോട്ടു പോകുന്തോറും വിദ്യാർത്ഥികളിലെ രാഷ്ട്രീയപ്രബുദ്ധതയുടെ അഭാവവും പക്വതക്കുറവും തെളിഞ്ഞുകാണാമായിരുന്നു. നെഹ്റു കോളേജിൽ ഒരു വിദ്യാർത്ഥിയുടെ ദാരുണ മരണത്തെത്തുടർന്നു ക്യാമ്പസ്സിലെ അസ്വാതന്ത്ര്യങ്ങൾ തുറന്നു കാട്ടപ്പെട്ടു.

**നിയമം പഠിപ്പിക്കുന്നവർക്കുതന്നെ സ്വാതന്ത്ര്യബോധം ഇല്ലെന്നത് കഷ്ടമാണ്. സമരം മുന്നോട്ടു പോകുന്തോറും വിദ്യാർത്ഥികളിലെ രാഷ്ട്രീയപ്രബുദ്ധതയുടെ അഭാവവും പക്വതക്കുറവും തെളിഞ്ഞു കാണാമായിരുന്നു. നെഹ്റു കോളേജിൽ ഒരു വിദ്യാർത്ഥിയുടെ ദാരുണ മരണത്തെത്തുടർന്നു ക്യാമ്പസ്സിലെ അസ്വാതന്ത്ര്യങ്ങൾ തുറന്നു കാട്ടപ്പെട്ടു. പ്രതിഷേധങ്ങൾ ഉണ്ടായി.**




പ്രതിഷേധങ്ങൾ ഉണ്ടായി. പിന്നീട് ടോംസ് കോളേജിലും സ്വാതന്ത്ര്യത്തിനായുള്ള മുറവിളികൾ ഉയർന്നു. കഴിഞ്ഞു പോയ വർഷങ്ങളിൽ ഫാറൂഖ് കോളേജിലും കാര്യവട്ടത്തും കാസർഗോഡ് കേന്ദ്ര യൂണിവേഴ്സിറ്റിയിലും തുരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിലും എല്ലാം സ്വാതന്ത്ര്യത്തിനായുള്ള മുറവിളികൾ നമ്മൾ കേട്ടു. സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള ചിന്തകളൊന്നും തന്നെ സ്വതന്ത്ര ഇന്ത്യയിലെ ഭരണകൂടത്തിനു മനസ്സിലാവാത്തതു കൊണ്ടാണോന്നറിയില്ല, സമരങ്ങളിൽ പലതും ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നു.

സ്വതന്ത്ര ക്യാമ്പസ്സുകളുണ്ടാവണമെങ്കിൽ ഇത്തരം പ്രതിരോധങ്ങൾ ശക്തമായി ഉണ്ടായിക്കൊണ്ടിരിക്കണം. സ്വാതന്ത്ര്യ നിഷേധങ്ങൾക്കെതിരെ ചോദ്യങ്ങളും വെല്ലുവിളികളും ഉയർന്നുകൊണ്ടിരിക്കണം. ഓരോ പ്രതിഷേധങ്ങളും വിദ്യാർത്ഥികളെയും അധ്യാപകരെയും അധികാരികളെയും ജനാധിപത്യത്തിലേക്കും സ്വാതന്ത്ര്യത്തിലേക്കും വളർത്തണം. ഈ പ്രതിഷേധങ്ങളിൽ പലരും സ്വയം ചോദ്യം ചെയ്യപ്പെടലുകൾക്ക് വിധേയരാകുന്നു. ചോദ്യങ്ങളും ഉത്തരങ്ങളും അങ്കലാപ്പുകളും ഓരോരുത്തരിലും അഴിച്ചുപണികളാകുന്നു. അതുപോലെത്തന്നെ ക്യാമ്പസ്സുകളിൽ ഉയർന്ന ശബ്ദങ്ങളെല്ലാം അവിടങ്ങളിലെ അഴിച്ചുപണിയ്ക്കുള്ള ആയുധങ്ങളാകട്ടെ. സ്വതന്ത്ര ക്യാമ്പസ്സുകളും സ്വതന്ത്ര വിദ്യാർത്ഥിനീജീവിതങ്ങളും ഉണ്ടാവട്ടെ.

ചർച്ചാവിഷയം



# സ്ത്രീകളും സഞ്ചാരസ്വാതന്ത്ര്യവും



ഗീതാഞ്ജലി കൃഷ്ണൻ

'അക്ഷരം അഗ്നിയാണ്' എന്ന സ്പ്പാർട്ടാക്കസ് വചനം ഓർക്കുക. അക്ഷരം തേടിയുള്ള യാത്രയാണ് സ്വാതന്ത്ര്യം നേടാനായുള്ള ഒരുവളുടെ ആദ്യത്തെ യാത്ര. വീട്ടിൽനിന്ന് സ്കൂളിലേക്ക്, തിരിച്ചും. വിദ്യാഭ്യാസമാണല്ലോ അവളെ സ്വതന്ത്രയും സ്വാശ്രയയും ആക്കുന്നത്. അതോടെ ലോകം എന്തെന്നറിയുന്നു, ചങ്ങാതിമാരെ കിട്ടുന്നു, ചിന്തിക്കാൻ പഠിക്കുന്നു. 'എന്തുകൊണ്ട്, എന്തുകൊണ്ട് ' എന്ന് ചോദ്യങ്ങൾ തീപ്പൊരിയായി മനസ്സിൽ പാറി വീഴുന്നു. അത് അഗ്നിയായി മാറുന്നു. പാരമ്പര്യങ്ങളും അന്ധവിശ്വാസങ്ങളും കീഴ്വഴക്കങ്ങളും ചോദ്യം ചെയ്യപ്പെടുന്നു. എന്താണെന്നെ ശബരിമലയിൽ കയറ്റാത്തത്? മാരാമൺ കൺവെൻഷനിൽ കയറ്റാത്തത്? അഗസ്ത്യകൂടത്തിലും അമ്പലത്തിനുള്ളിലും കയറാൻ പാടില്ലാത്തത്? രാത്രി പുറത്തിറങ്ങാൻ പറ്റാത്തത്? സംരക്ഷിക്കേണ്ടവരാൽ ആക്രമിക്കപ്പെടുന്നത്? വിലക്കുകൾ അടിച്ചേൽപ്പിക്കപ്പെടുന്നത്? അടിമത്തത്തിന്റെ രൂപഭേദങ്ങളല്ലേ ഇവ?

തൊഴിൽ തേടി ഇന്ന് വളരെയധികം സ്ത്രീകൾ യാത്രചെയ്യുകയും, വീടിനുപുറത്ത് തങ്ങുകയും ചെയ്യുന്നു. ഇന്നത്തെ യാത്രകൾക്ക് ലക്ഷ്യങ്ങൾ പലതുണ്ട്. എഴുത്തുകാരികൾ, പത്രപ്രവർത്തകർ, ഗവേഷകർ, രാഷ്ട്രീയനേതാക്കൾ, ഉദ്യോഗസ്ഥകൾ. ഇവർക്കെല്ലാം രാത്രി യാത്രചെയ്തേ പറ്റൂ. ഇവരെല്ലാം യാത്രചെയ്തുകൊണ്ടിരിക്കുന്നു. വീട്ടമ്മമാർ മക്കളോടൊപ്പം വിദേശത്ത് പോകുന്നു. ദൂരെയാത്ര നടത്താത്ത സ്ത്രീകൾ പോലും വീടിന്റെ സ്വകാര്യഇടം വിട്ട് പൊതുഇടത്തിലേക്ക് കൂടുതലായി വന്നുകൊണ്ടിരിക്കുന്നു. എന്നിട്ടും അവർ ആക്രമിക്കപ്പെടുന്നുവെന്ന വാർത്തകൾ കൂടുതലാവുന്നു. ഇതിന് സിനിമാതാരമെന്നോ ഐ.ടി. ജീവനക്കാരിയെന്നോ, വീട്ടമ്മയെന്നോ വകഭേദമില്ല. ധീരയായി പുറത്തിറങ്ങുന്നവൾക്കു

പോലും, സുരക്ഷ ഉറപ്പാക്കേണ്ടവരുടെ അനാസ്ഥകൊണ്ട്, വീണ്ടുവിചാരമില്ലായ്മകൊണ്ട്, സ്വത്തും അഭിമാനവും ജീവനും നഷ്ടപ്പെടുന്നു. ഇവിടെ പരാജയപ്പെടുന്നത് ഭരണകൂടമാണ്. സ്ത്രീ അല്ല. ബാംഗ്ലൂരിൽ നവവത്സരാഘോഷത്തിനിടെ ആക്രമിക്കപ്പെട്ടത്, പൂനെയിൽ കോൺഫറൻസ് മീറ്റിംഗിനുവന്നവളെ കൊലപ്പെടുത്തിയത്, ഏറ്റവുമൊടുവിൽ കൊച്ചിയിൽ സിനിമാനടി ആക്രമിക്കപ്പെട്ടത്. ഇവയെല്ലാം സഞ്ചരിക്കാനുള്ള സ്ത്രീയുടെ മൗലികമായ അവകാശത്തിനെയാണു നിശബ്ദമാക്കുന്നത്. ജോലിയെടുത്തു ജീവിക്കാനുള്ള അവളുടെ സ്വാതന്ത്ര്യമാണ് ഹനിക്കപ്പെടുന്നത്.

രാഷ്ട്രീയസ്വാതന്ത്ര്യത്തിലെ പ്രധാന തത്വമാണ് സഞ്ചാരസ്വാതന്ത്ര്യം. ഇത്തരം സ്വാതന്ത്ര്യങ്ങളെ ചവിട്ടിയരച്ചുകൊണ്ടേ ഫാസിസത്തിനു പടിതുറന്നു വരാൻ പറ്റൂ. സഞ്ചാരസ്വാതന്ത്ര്യം ഒരു മനുഷ്യാവകാശമാണ് എന്ന് അന്താരാഷ്ട്ര സമൂഹത്തിന്റെ നിയമസംഹിതകളിൽത്തന്നെ എഴുതിച്ചേർത്തിരിക്കുന്നു. സ്ത്രീയുടെ സ്വതന്ത്രയാത്രകളിൽ ആരാധനാലയങ്ങളും വിദ്യാഭ്യാസസ്ഥാപനങ്ങളും പൊതുഇടങ്ങളും പെടും. ജോലിസ്ഥലവും സിനിമാശാലകളും ഭക്ഷണശാലകളും പെടും. രാത്രിയും പകലും പെടും. പാർക്കും റോഡും വിനോദസഞ്ചാരകേന്ദ്രങ്ങളും പെടും. സ്വാതന്ത്ര്യമെന്നാൽ സുരക്ഷിതത്വം കൂടിയാണ്. ന്യൂനപക്ഷത്തിൽപ്പെട്ട ഒരാൾക്കും സ്ത്രീക്കും, കറുത്തവർക്കും വെളുത്തവർക്കും സ്വാതന്ത്ര്യം ശ്വസിച്ചുകൊണ്ട് സുരക്ഷിതമായി എവിടേയും പോയിവരാൻ കഴിയണം. അതാണ് ക്ഷേമരാഷ്ട്രം. അവിടെ എത്തപ്പെടുന്ന വിദേശിക്ക് സുരക്ഷിതമായി തിരിച്ചുപോകാനും കഴിയണം. വിശ്വാസയോഗ്യമായ ഗതാഗതസൗകര്യങ്ങളുണ്ടാവണം. ഓട്ടോയും ബസ്സും ടാക്സിയും ട്രെയിനും സുരക്ഷിതമാവണം. പോലീസിനെ രാത്രി വിശ്വസിക്കാൻ പറ്റണം. ഇവയിലെല്ലാം നിയമിക്കപ്പെടുന്നവരെ സുരക്ഷാമാനദണ്ഡനിബന്ധനകളനുസരിപ്പിക്കണം.

യാത്ര, സ്ത്രീയുടേതാണെങ്കിലും പുരുഷന്റേതാണെങ്കിലും പദവിയും സമ്പത്തുമായി ബന്ധപ്പെട്ടിരിക്കുന്നു. ഈ ഇരുപത്തിയൊന്നാം നൂറ്റാണ്ടിലും മതത്തിന്റേയും യുദ്ധത്തിന്റേയും പേരിൽ ഏഷ്യൻ, ആഫ്രിക്കൻ രാജ്യങ്ങളിൽനിന്ന് എത്രയെത്ര മനുഷ്യരാണ് നിസ്സഹായരായി പലായനം ചെയ്തുകൊണ്ടിരിക്കുന്നത്! അഭയാർത്ഥികളാക്കപ്പെട്ടുകൊണ്ടിരിക്കുന്നത്! മറ്റാരോ എടുത്ത തീരുമാനങ്ങൾക്കും തെറ്റുകൾക്കും പകരം ബലിയാടുകളാക്കപ്പെടുന്ന ദരിദ്രരായ പാവം മനുഷ്യർ. ഇത്തരമൊരു രാഷ്ട്രീയ സാഹചര്യത്തിൽക്കൂടി ഒരിക്കലും കടന്നുപോകാത്തതുകൊണ്ട് മലയാളികൾക്ക് അത്തരം അനുഭവങ്ങൾ ഇല്ല. പിറന്ന നാടും വീടും കുടിയും ഉപേക്ഷിക്കപ്പെടുന്നില്ല. 'സമ്പന്നമായ മറുനാടുകൾ' ഭാഗ്യാന്വേഷികൾ തിരഞ്ഞെടുക്കയല്ലാതെ, യുദ്ധമോ, ഭൂമികുലുക്കമോ, ഒന്നും അനുഭവിച്ചിട്ടില്ലാത്ത കേരള ജനത. മാത്രമല്ല, അഭയാർഥികൾ കേരളത്തിലേക്ക് വന്നിട്ടും ഇല്ല. പ്രകൃതിക്ഷോഭങ്ങളുടേയും യുദ്ധത്തിന്റേയും കെടുതികൾ അനുഭവിച്ചിട്ടില്ലാത്തതുകൊണ്ട് നിസ്സംഗരാവുന്ന, നിഷ്ക്രിയരാവുന്ന ജനതയാണു നമ്മൾ.

സഞ്ചാരസ്വാതന്ത്ര്യത്തിനും പരിധികളുണ്ട്. സഞ്ചാരം നുഴഞ്ഞുകയറ്റമല്ല. അതു നാട്ടിലായാലും വീട്ടിലായാലും. മറ്റൊരാളുടെ ഇടത്തേയും, അവകാശങ്ങളേയും ബഹുമാനിച്ചുകൊണ്ടുള്ള



നിലനിൽപ്പുമാത്രമേ സ്വാതന്ത്ര്യമാകുന്നുള്ളൂ. ആക്രമിക്കപ്പെടലും ഭീകരപ്രവർത്തനവും സ്വാതന്ത്ര്യമല്ലല്ലോ. രാജ്യത്തിന്റേയും സമൂഹത്തിന്റേയും അഖണ്ഡതക്കു പരിക്കേൽപ്പിക്കുന്ന ഒരുതരം സഞ്ചാരവും സ്വതന്ത്രസഞ്ചാരമല്ല. ' അഭയം' തരേണ്ട സ്വന്തം വീടും സ്വന്തം രാജ്യവും ഇതാണ് സ്ത്രീകൾക്കു നൽകുന്നതെങ്കിൽ സുരക്ഷ എന്ന പേരിൽ സർക്കാരുകൾ ചിലവിടുന്നതെല്ലാം വ്യർഥമല്ലേ ? എന്തിനാണ് നാം രാജ്യരക്ഷക്കായി, അണുവായുധങ്ങൾക്കായി, മിസ്സൈലുകൾക്കായി ഇത്രക്ക് പണം ചിലവാക്കുന്നത്? ലോകത്ത് പാതിവരുന്ന സ്ത്രീസമൂഹത്തിന് നാട്ടിലും വീട്ടിലും സുരക്ഷയില്ലെങ്കിൽ, ആ വാക്കിനുതന്നെ എന്ത് അർഥം? (സുരക്ഷക്കായി നിയോഗിച്ച സൈന്യം എന്താണ് ഇന്ത്യയുടെ വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലും ശ്രീലങ്കയിലും ഒക്കെ ചെയ്തു കൂട്ടിയത്?). ആരിൽനിന്നും എന്തിൽ നിന്നുമാണ് യഥാർഥ രാജ്യരക്ഷ നടക്കുന്നത്?

കടുത്ത വിലക്കുകളുള്ള ഇസ്ലാമികരാജ്യമായ സോമാലിയായിൽനിന്ന്, പർദ്ദയും ഹിജ്ജാബും ഉപേക്ഷിച്ച് പലായനം ചെയ്ത് നെതർലാന്റിലെത്തിയ 'അയാൻ ഹിർസി അലി' പറയുന്നത് നോക്കാം ' തലയിൽ സ്കാർഫും നീളൻ പാവാടയും അപ്പോഴും എന്നെ വ്യത്യസ്തയാക്കി. എങ്കിലും ഇത്രയെങ്കിലും അയഞ്ഞരീതിയിൽ വസ്ത്രം ധരിച്ചുപുറത്തിറങ്ങുന്നത് വർഷങ്ങൾക്കു ശേഷമായിരുന്നു. എന്നെ ആരും തിരിച്ചറിഞ്ഞിരുന്നില്ല. ആരും നിയന്ത്രിക്കാൻ വന്നില്ല. വേശ്യയെന്ന തരത്തിൽ ആരുമെന്നെ നോക്കിയില്ല. കാമഭ്രാന്തുപിടിച്ച പുരുഷന്മാർ കിടക്ക പങ്കിടാൻ എന്നെ ക്ഷണിച്ചില്ല. ഞാൻ സുരക്ഷിതയായിരുന്നു. എന്റെ ആകാംഷകളെ സ്വതന്ത്രമായി പിന്തുടരാൻ എനിക്കു കഴിയുമായിരുന്നു.' ഇതാണല്ലോ ക്ഷേമരാഷ്ട്രം.



**ചർച്ചാവിഷയം**



ഇഞ്ചിപ്പെണ്ണ്

# ആലീസിന്റെ മഴവിൽഭൂമികൾ!



ജെന്നിഫർ ലീ എന്ന അമേരിക്കൻ വനിത 2013ൽ തിരക്കഥാരംഗത്ത് ഒരു കോളിളക്കം സൃഷ്ടിച്ചു. കുട്ടികളുടെ അനിമേറ്റഡ് സിനിമ വിഭാഗത്തിൽ 'ഫ്രോസൺ' എന്ന സിനിമ എഴുതുകയും സംവിധാനം ചെയ്യുകയും ചെയ്തു. ഈ സിനിമ ഒരു ബില്യൺ യു.എസ്. ഡോളർ വരുമാനം ലഭിച്ചു കൊണ്ട് ചരിത്രം സൃഷ്ടിക്കുകയും ചെയ്യുന്നു. അതുവരെ അനിമേറ്റഡ് സിനിമയിലെ രാജ്ഞിമാർക്കുണ്ടാവുന്ന അനുഭവ ചരിത്രത്തിന്റെ യാതൊരു ഭാരങ്ങളുമില്ലാതെ സിനിമയുടെ നായികമാരായ എൽസയും അന്നയും പുതിയൊരു പെൺലോകം തന്നെ സൃഷ്ടിക്കുന്നു.

കുട്ടികളുടെ സിനിമ എന്നെല്ലാം ഭംഗിവാക്ക് പറയാമെങ്കിലും ഫ്രോസൺ അടിമുടി ഒരു ഫെമിനിസ്റ്റ് സിനിമയാണെന്ന് ആരോപിക്കാം. സ്ത്രീപക്ഷത്തെ അതിവിദഗ്ദ്ധമായ കഥാപാത്ര സംഭാഷണങ്ങളിലൂടേയും കഥയുടെ ക്രാഫ്റ്റിലൂടേയും പൊതുബോധത്തിനൊരു 'അലസോരവുമില്ലാതെ' സൂചിക്കുഴിയിലൂന്നിയ സൂക്ഷ്മതയോടെ അവതിരിപ്പിക്കുന്നു. ഒരു രാജ്യം മുഴുവൻ തണുത്തുറക്കാൻ മാത്രം ദിവ്യശക്തിയുള്ള എൽസ എന്ന രാജ്ഞി, സ്വന്തം സഹോദരിയുടെ വിവാഹ തീരുമാനം നിമിത്തമുണ്ടായ സംഭവങ്ങളിൽ രാജ്യം വിട്ടെറിഞ്ഞ് ദൂരെ ഒരിടത്തേക്ക് ഓടിപ്പോവുന്നതിനെ തുടർന്നുണ്ടാവുന്ന സംഭവങ്ങളിലൂടെയാണ് കഥ പുരോഗമിക്കുന്നത്. വിവാഹം കഴിക്കാൻ തീരുമാനിച്ച വ്യക്തിയെ അനുജത്തിക്ക് എത്ര നാളായി അറിയാമെന്ന് ചോദ്യം ചെയ്യുന്നു എൽസ. ഇപ്പോൾ പരിചയപ്പെട്ടതേയുള്ളൂവെന്നു അന്ന വ്യക്തമാക്കുന്നതോടെ കോപിഷ്ഠയായ എൽസ, എങ്ങിനെ അത്ര പെട്ടെന്ന് വിവാഹം പോലുള്ള ഒരു തീരുമാനം എടുക്കാൻ സാധിക്കുന്നു എന്ന് ചോദിക്കുന്നു.

ഇത്രയും നാളത്തെ പെൺകുട്ടികളെ, വെള്ളക്കുതിരയിൽ വരുന്ന രാജകുമാരന്മാരെ സ്വപ്നം കാണാൻ പഠിപ്പിച്ച പുസ്തകങ്ങളേയും സിനിമകളേയും ഒറ്റ ചോദ്യം കൊണ്ട് എൽസ തകർത്തുകളഞ്ഞു. മുടി നീണ്ട് വളർത്തിയ റപ്പുൻസൽ, പോറ്റമ്മയുടേയും അവരുടെ മക്കളുടേയും ഉപദ്രവങ്ങളിൽ പെട്ടുപോയ സിൻഡ്രെല്ലകൾ,



തവളെയെ ഉമ്മ വെക്കേണ്ടി വന്ന രാജകുമാരിമാർ തുടങ്ങി രാജകുമരന്മാരേയും കാത്ത് ഒറ്റക്ക് കൊട്ടാരങ്ങളിൽ അകപ്പെട്ടു പോയ അനേകം കുഞ്ഞുങ്ങൾക്ക് നേരെയാണ് പെൺശരീരത്തിന്റേയും പെൺ മനസ്സിന്റേയും പെണ്മയുടേയും തന്നെ സ്വാതന്ത്ര്യ പ്രഖ്യാപനത്തിനുതകുന്ന ഒരു ചോദ്യം എൽസ തൊടുത്തു വിട്ടത്. പിന്നീടും അന്നയോട് ആ ചോദ്യം സിനിമയിൽ പലരും ആവർത്തിക്കുന്നുണ്ട്. യാതൊരുവിധ

**യാതൊരുവിധ ചിന്തയുമില്ലാതെ തികച്ചും വൈകാരികമായി മാത്രം ഒരു പെണ്ണിന്റെ സ്വകാര്യ ഇടത്തേക്ക് എങ്ങിനെ ഒരുവനെ പ്രവേശിപ്പിക്കുന്നു? അവന്റെ പ്രണയം സത്യമെന്ന് എങ്ങിനെ വിശ്വസിക്കുന്നു? അവളെങ്ങിനെ നിലനിൽപ്പിനു ആരെയെങ്കിലും ആശ്രയിക്കേണ്ട മുല്ലവള്ളിയാവുന്നു?**

ചിന്തയുമില്ലാതെ തികച്ചും വൈകാരികമായി മാത്രം ഒരു പെണ്ണിന്റെ സ്വകാര്യ ഇടത്തേക്ക് എങ്ങിനെ ഒരുവനെ പ്രവേശിപ്പിക്കുന്നു? അവന്റെ പ്രണയം സത്യമെന്ന് എങ്ങിനെ വിശ്വസിക്കുന്നു? അവളെങ്ങിനെ നിലനിൽപ്പിനു ആരെയെങ്കിലും ആശ്രയിക്കേണ്ട മുല്ലവള്ളിയാവുന്നു?

ഉറക്കേ ചിരിക്കരുത്, ഇരിക്കുമ്പോൾ കാലകത്തിവെക്കരുത്, ഉറങ്ങുമ്പോൾ ചെരിഞ്ഞ് കിടന്നുറങ്ങൂ തുടങ്ങി അനേകമനേകം ശാസനകളുടെ പട്ടുനൂൽക്കെട്ടുകൾക്കുള്ളിൽ ഞെരിഞ്ഞമർന്നുപോവുന്ന പെൺശരീരങ്ങളെ വാർത്തെടുത്ത് മതത്തിന്റേയും ജാതിയുടേയും രാഷ്ട്രത്തിന്റേയും പുരുഷാധികാര തുടർച്ചക്ക് വേണ്ടി മാത്രം ഉപയോഗിക്കപ്പെടുന്നു. ശരീരം പോലും തന്റെയല്ലയെന്നു നിരന്തരം ഓർമ്മപ്പെടുത്തിക്കൊണ്ടിരിക്കുന്ന സമൂഹം. മറ്റാർക്കോ വേണ്ടി പരിപാവനമായി സൂക്ഷിക്കപ്പെടേണ്ട ഒരു ഉല്പന്നം.

ആലീസിനെ ഓർമ്മയുണ്ടാവാത്തവരുണ്ടോ? ആലീസ് ഉറങ്ങിയപ്പോഴാണ് വലിയ ചെവിയൻ മുയലിനോടൊപ്പം ലോകം കാണാനിറിങ്ങിയതു. അവൾ അവിടെ കണ്ട വിചിത്രമായ കാഴ്ചകളെല്ലാം അവളുടെ ഉറക്കത്തിലുള്ളവ മാത്രമാണ്. ഉറക്കം വിട്ടൊഴിയുന്ന ആലീസിന്റെ ലോകം തീർത്തും സാധാരണമാണ്, നിയന്ത്രണങ്ങളുള്ളവയാണ്. പിന്നിട് അവളൊരു സ്ത്രീയാവുമ്പോൾ, ആലീസ് കണ്ട സ്വപ്നങ്ങളെല്ലാം അവൾക്കൊരു കൂട്ടാവട്ടെയെന്നാണ് ഉറക്കത്തിൽ നിന്ന് വിളിച്ചുണർത്തപ്പെട്ട, പുൽത്തകിടിയിലേക്ക് ഓടിപ്പോവുന്ന ആലീസിനെക്കുറിച്ച് സഹോദരി ആശ്വസിക്കുന്നത്. ഉറക്കത്തിൽ മാത്രം ലഭിക്കുന്ന കാഴ്ചകളെ അനേകം ആലീസുമാരുടെ മുന്നോട്ടുള്ള ജീവിതങ്ങളിലും ഉണ്ടാവുന്നുള്ളുവോ?

സ്വതന്ത്ര്യകാഴ്ചകൾക്ക് നിത്യമായി ഉറങ്ങേണ്ടി വരുന്ന സ്ത്രീകൾ അനവധിയാണ്. സ്ത്രീകൾ പുറത്തേക്കിറങ്ങുന്നത് കാഴ്ചകൾ കാണാൻ മാത്രമല്ല, കാണപ്പെടാൻ വേണ്ടിയിട്ടുകൂടിയാണ് എന്നൊരു ഹീബ്രൂ പഴമൊഴി. ഭൂമിയിൽ കാണപ്പെടുക പോലും അവളിൽ ആരോപിക്കപ്പെടുന്ന കുറ്റമാണ്. ശരീരവും മനസ്സും തന്റേതെന്ന് ഉറക്കെ പ്രഖ്യാപിക്കണമെന്നും സ്വന്തമായി ഒരു

മുറി(ലോകം) വേണമെന്നും വാശിപിടിച്ച വെർജീനിയ വൂൾഫും, രാജലക്ഷ്മിയുമെല്ലാം സ്വതന്ത്രസ്വപ്നങ്ങളുടെ ഭാരം താങ്ങാനാവാതെ പെൺലോകത്തെ അനാഥമാക്കി പൊടുന്നനെ കടന്നുകളഞ്ഞു. സ്വാതന്ത്ര്യം പ്രഖ്യാപിക്കുന്ന സ്ത്രീയെ യക്ഷിയായും വേശ്യയായും തന്റേടിയായും 'ശ്രദ്ധ ആകർഷിക്കുന്നവൾ' ആയും എളുപ്പം മുദ്രകുത്തി കൂട്ടിലടക്കാൻ ശ്രമിക്കുന്ന പൊതുബോധങ്ങളെ ചോദ്യം ചെയ്യുന്ന കാഴ്ചകൾ ഇപ്പോൾ വിരളമല്ല. പക്ഷെ അവ തുലോം കുറവണ് താനും.

ഉള്ളൊരിടം. സീത സ്വയം അശോകച്ചുവട്ടിൽ വരക്കുന്ന ഒരു അതിർ രേഖ. ആ ഇടത്തെ ഞാൻ മഴവിൽഭൂമി എന്ന് വിളിക്കുന്നു.

മഴ ഒരു യാഥാർഥ്യം ആണ്, സൂര്യൻ യാഥാർഥ്യം ആണ്. ഇവ രണ്ടും ചേരുമ്പോഴുള്ള മഴവില്ലും യാഥാർഥ്യമാണ്, പക്ഷെ രണ്ടും കൂടി ചേർന്ന്, എന്നാൽ മഴക്കോ സൂര്യനോ അവകാശം പരിപൂർണ്ണമായി ഒരിക്കലും സ്ഥാപിക്കാൻ സാധിക്കാത്തൊരിടമാണത്. ഒറ്റക്ക് അവകാശികളില്ലാതെ സ്വയം തിരഞ്ഞെടുത്ത വർണ്ണങ്ങളിൽ, സ്വതസിദ്ധമായ



വ്യക്തിത്വത്തോടുകൂടിയും എന്നാൽ ഒറ്റപ്പെടാതേയും നിൽക്കുന്ന ഭൂമി. രണ്ടും കൂടി ചേർന്നില്ലെങ്കിൽ ഈ ഭൂമിക്ക് നിലനിൽപ്പുമില്ല. പരിപൂർണ്ണമായി മഴക്കോ സൂര്യനോ കീഴ്പ്പെട്ടാൽ മാഞ്ഞ് പോകാവുന്ന ഒരിടം മാത്രമാണിത്. അകലേ നിന്ന് കാണാവുന്നതും മറ്റാർക്കും പ്രവേശിക്കാൻ സാധിക്കാത്തതും ആഗ്രഹിക്കപ്പെടുന്നതുമായ ഭൂമി. ഭൂമി എന്നു തന്നെ വിശേഷിപ്പിക്കുക വേണം. കാരണം അത് ഭൂമിയിൽ ഉള്ളൊരിടമാണ്, ആകാശത്തല്ല താനും.

എന്താണ് പെൺ ശരീരത്തിന്റെ സ്വാതന്ത്ര്യം എന്ന ചോദ്യത്തിനു 'ഫ്രീ സെക്സ്' എന്ന് ഒരിക്കൽ ഒരു പെൺകുട്ടി പറയുക ഉണ്ടായി. മറ്റെങ്ങും ഉപയോഗിക്കാത്ത കേരളത്തിന്റെ മാത്രം ഭാഷയിൽ കുടുങ്ങിയ 'ഫ്രീ സെക്സ്' എന്ന വാക്ക് ആരുടെ കൂടെയും സെക്സ് ചെയ്യാമെന്നുള്ളതാണ്. അതാണോ പെൺശരീരത്തിന്റെ രാഷ്ട്രീയം? ആരുടെയെങ്കിലും കൂടെയെന്നതിലുപരി, സ്വന്തം ഇഷ്ടങ്ങൾക്കും അനുഭൂതികൾക്കും അവനവനെ തൃപ്തിപ്പെടുത്തുക എന്നതാണെങ്കിൽ അവിടെ മറ്റൊരാളുടെ ഭാരമോ ആശ്രയമോ വരുന്നില്ല. അതാവില്ലേ ഒരു പെൺശരീരത്തിന്റെ സ്വാതന്ത്ര്യം?

അങ്ങിനെയെങ്കിൽ പെൺ മനസ്സിന്റെ സ്വാതന്ത്ര്യം എന്താവും? ഒരുവൾ ആർക്കും പ്രവേശനമില്ലാത്ത അവളുടെ മാത്രമായ ലോകം സൃഷ്ടിക്കേണ്ടതുണ്ട്. വിർജീനിയയുടെ മുറി പോലെയൊന്ന്. തന്റെ ചിന്തകൾക്കും വികാരങ്ങൾക്കും ഉന്മാദത്തിനും, എപ്പോൾ വേണമെങ്കിലും അനുവാദമില്ലാതെ പ്രവേശിക്കാനും

എൽസയുടെ, ആലീസിന്റെ, വിർജീനിയയുടെ, എന്റെ, അങ്ങിനെ അനേകം സ്വയംപ്രഖ്യാപിത രാജകുമാരിമാരുടേയും രാജ്ഞിമാരുടേയും ഇടമാണിത്. അതാണ് ഞങ്ങളുടെ സ്വാതന്ത്ര്യപ്രഖ്യാപനം.

പെൺപക്ഷം



അജിത കെ.

# മറ്റൊരു മാർച്ച് 8 കൂടി...

എല്ലാ വർഷവും പതിവു പോലെ അന്താരാഷ്ട്ര സ്ത്രീദിനം വരുന്നു. എല്ലാവരും ആഘോഷിക്കുന്നു. സ്ത്രീസംഘടനകൾ പരിപാടികൾ നടത്തുന്നു. പക്ഷെ, ഈ ദിനം വർഷത്തിലൊരിക്കൽ മാത്രം വരുന്നതാണല്ലോ. അതുകൊണ്ടായിരിക്കാം സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ നിർബാധം ശക്തിപ്പെട്ടുകൊണ്ടിരിക്കുന്നത്. ആൺകോയ്മയുടെ പഴയരൂപങ്ങളായ ഗാർഹികപീഡനങ്ങൾ, ബലാൽസംഗങ്ങൾ, തൊഴിലിടങ്ങളിലെ ലൈംഗികഅതിക്രമങ്ങൾ, കൊച്ചുകുട്ടികൾക്കു നേരെയുള്ള ലൈംഗിക കടന്നാക്രമണങ്ങൾ എല്ലാം ഒന്നിനൊന്ന് വളരുകയും പുതിയ രൂപങ്ങളും ഭാവങ്ങളും കൈക്കൊള്ളുകയും ചെയ്യുന്നു. അതേസമയം ആഗോളവത്ക്കരണത്തിന്റേതായ പല പ്രതിഫലനങ്ങളും സ്ത്രീകൾക്കും പെൺകുട്ടികൾക്കും നേരെ ദശകങ്ങളായി നടന്നുകൊണ്ടിരിക്കുന്നു. “ലൈംഗിക കടത്ത്” (sex trafficking) എന്ന ലേബലിൽ റാക്കറ്റുകൾ പ്രവർത്തിക്കുക മാത്രമല്ല, അധികാരസ്ഥാനത്തുള്ള എല്ലാ വിഭാഗങ്ങളുടേയും – രാഷ്ട്രീയക്കാർ, പോലീസ്, കോടതി– അകമഴിഞ്ഞ ഒത്താശയോടെ ശക്തമായ മാഫിയാസംഘങ്ങൾ ഒളിഞ്ഞും തെളിഞ്ഞും അക്രമങ്ങൾ ചെയ്യുന്നു. സൂര്യനെല്ലി മുതൽ വിതുര, ഐസ്ക്രീം പാർലർ, കിളിരൂർ, കവിയൂർ എന്നിങ്ങനെ അതൊരു തുടർക്കഥയായിക്കഴിഞ്ഞു. മുമ്പ് ഒറ്റയ്ക്കും തെറ്റയ്ക്കും നടത്തിയിരുന്ന ഇത്തരം ക്രിമിനൽ കുറ്റകൃത്യങ്ങൾ ഇന്ന് സ്ഥാപനവത്ക്കരിക്കപ്പെട്ടുകഴിഞ്ഞു. അതിന്റെ ഒരു പ്രധാനകാരണം ഇരയാക്കപ്പെട്ട ഒരു പെൺകുട്ടിക്കും സ്ത്രീക്കും എവിടെ നിന്നും നീതി ലഭിക്കുന്നില്ലെന്നു മാത്രമല്ല സമൂഹം ആ ക്രൂരകൃത്യത്തിന് വിധേയയാകേണ്ടി വന്ന പെണ്ണിനെയാണ് കുറ്റവാളിയാക്കുന്നത്. ഇതിനൊക്കെ പുറമേ സൈബർ മേഖലയിലെ സ്ത്രീവിരുദ്ധമായ ക്രിമിനൽ പ്രവർത്തനങ്ങൾ ഇന്നൊരു പുത്തരിയല്ല. സ്ത്രീയെ തന്റെ അടിമയും ലൈംഗികാസ്വാദനത്തിനുള്ള വസ്തുവും മാത്രമായി കാണുന്ന പുരുഷാധിപത്യമനോനിലയാണ് ഇതിന്റെയൊക്കെ അടിത്തറ. സ്ത്രീസുരക്ഷ മാത്രം സർക്കാർ ഉറപ്പു വരുത്തിയാൽ പോരാ, സ്ത്രീകൾക്കെതിരായ സദാചാരപരമായ അതിക്രമങ്ങളും കർശനമായി തടയേണ്ടതുണ്ട്. സ്ത്രീ സ്വാതന്ത്ര്യം സംരക്ഷിക്കേണ്ടതും സർക്കാറിന്റെ ഉത്തരവാദിത്വമാണ്.

സ്ത്രീകൾക്ക് സാമൂഹ്യ, സാംസ്കാരിക മേഖലയിൽ മാത്രമല്ല അധികാരത്തിന്റെ തലങ്ങളിലും അർഹമായ പങ്കാളിത്തം ലഭിച്ചേ തീരൂ. സ്ത്രീകൾക്ക് മുഖ്യധാരാ രാഷ്ട്രീയത്തിൽ അവഗണിക്കാനാവാത്ത വിധം ഇടം നൽകിയേ തീരൂ. അത് സ്ത്രീകളുടെ രാഷ്ട്രീയപാർട്ടിക്ക് ഉണ്ടാക്കാൻ കഴിയുമെങ്കിൽ എന്തുകൊണ്ട് ഈ പുതിയ സ്ത്രീദിനത്തിൽ നമുക്ക് അതിനെക്കുറിച്ച് ചിന്തിച്ചുകൂടാ?

ചർച്ചാവിഷയം



സുനിത ദേവദാസ്

# സൈബറിടം സ്ത്രീക്കു നൽകുന്ന സ്വാതന്ത്ര്യവും കരുത്തും



സ്ത്രീകൾ എത്ര ചെറിയ കാര്യം ചെയ്യുന്നതും വളരെ കഷ്ടപ്പെട്ടിട്ടാണ് എന്നതു തന്നെയാണ് യാഥാർത്ഥ്യം. ഇന്നും 2017ലും നന്നായി കഷ്ടപ്പെട്ടിട്ടും ഇരട്ടി പാടുപെട്ടിട്ടുമാണ് ഓരോ സ്ത്രീയും ഓരോ വിജയവും കൊയ്യുന്നത്. വ്യക്തിമുദ്ര പതിപ്പിക്കുന്നത്. ഈ സൈബർ കാലഘട്ടത്തിൽ സ്ത്രീക്കു അഭിപ്രായ സ്വാതന്ത്ര്യം നൽകുന്നതിലും തൊഴിൽ സാധ്യതകൾ തുറന്നു നൽകുന്നതിലും സോഷ്യൽ മീഡിയ വലിയ പങ്കു വഹിക്കുന്നുണ്ട്. അവളവൾക്കു പറയാനുള്ളത് എഴുതിയിടാൻ അവൾക്കും ഇടമുണ്ട്. നന്നായി എഴുതിയാൽ വായിക്കാൻ ആളുമുണ്ട്. അംഗീകാരവുമുണ്ട്.

പലരും തങ്ങളുടെ പരിമിതികൾക്കുള്ളിൽ നിന്നും എഴുതിയിടുന്നതും സംവാദത്തിലേർപ്പെടുന്നതും ആനുകാലിക രാഷ്ട്രീയപ്രസക്തിയുള്ള വിഷയങ്ങൾ തന്നെയാണ്. സ്ത്രീ ജീവിതത്തിന്റെ നേർകാഴ്ചകൾ, സമകാലീന രാഷ്ട്രീയം, ജീവിതത്തിലും വ്യക്തിസ്വാതന്ത്ര്യത്തിലും കടന്നു കയറുന്ന മതം, സ്വന്തം കാലിൽ നിൽക്കേണ്ടതിന്റെ പ്രസക്തി, വരുംകാലത്തിന്റെ രാഷ്ട്രീയത്തിനും ആവശ്യകതക്കും ഒപ്പം തോളോടു തോൾ ചേർന്നു നടക്കേണ്ടതിന്റെ ആവശ്യകത തുടങ്ങി പലരുടേയും ചിന്തകൾ പോലും വിപ്ളവകരവും സാമൂഹ്യമാറ്റത്തിന് ഉതകുന്നതുമാണ്. ഭൂതകാലവും കഴിഞ്ഞകാല നൊസ്റ്റാൾജിയയുമല്ല അവരിൽ കൂടുതൽപ്പേരും ചർച്ച ചെയ്യുന്നത്, വർത്തമാനകാലത്തിന്റെ പൊള്ളുന്ന യാഥാർത്ഥ്യങ്ങളും വരുംകാലത്തിന്റെ ആവശ്യങ്ങളും സ്വപ്നങ്ങളുമാണ്.

അതിലുപരി സ്വന്തം കാലിൽ നിൽക്കാൻ പല സ്ത്രീകളേയും സോഷ്യൽ മീഡിയ സഹായിക്കുന്നുണ്ട്. പല ഓൺലൈൻ ബിസിനസുകളും ചെയ്യുന്ന സ്ത്രീകൾ സാമ്പത്തിക സുരക്ഷിതത്വത്തിനും സോഷ്യൽ മീഡിയയെ ആശ്രയിക്കുന്നു. വെറും നേരം പോക്ക് എന്നതിലുപരി ജീവനോപാധി തന്നെയാണ് നിരവധി പേർക്ക് ഈ ഇടം. കൈത്തറി വസ്ത്രങ്ങളും ഡിസൈനർ സാരികളും സ്വന്തമായുണ്ടാക്കുന്ന പലതരം ആഭരണങ്ങളും അച്ചാർ, മസാലപ്പൊടി തുടങ്ങിയ സാധനങ്ങളും പലരും സോഷ്യൽ മീഡിയ വഴി കണ്ടെത്തുന്ന വിപണിയിൽ വിൽക്കുന്നു. പ്രത്യേകിച്ചും എടുത്തു

അടുക്കളയിലും അയൽക്കൂട്ടങ്ങളിലും ഒതുങ്ങിയിരുന്ന സാധാരണ സ്ത്രീ ശബ്ദങ്ങൾ സൈബറിടത്തിൽ മുഴങ്ങി കേൾക്കാൻ തുടങ്ങിയത് ഈയടുത്ത കാലത്താണ്. സോഷ്യൽ മീഡിയയിലും സ്ത്രീയുടെ അതിജീവനം കടുപ്പം തന്നെയാണ്. സൈബർ ആക്രമണവും സൈബർ സംരക്ഷണവും ഒരേ സമയം അവൾ അനുഭവിക്കുന്നുണ്ട്. എങ്കിലും തന്റെ അഭിപ്രായം ഉച്ചത്തിൽ വിളിച്ചു പറയാൻ, സൈബറിടത്തിൽ തന്റെ ഇടം രേഖപ്പെടുത്താൻ അവൾ മടിക്കുന്നില്ല.

പറയേണ്ട ഒരു വിഭാഗമാണ് സോഷ്യൽ മീഡിയയിലെ ഭിന്നശേഷിക്കാരായ സ്ത്രീകൾ. പല തൊഴിലും ചെയ്ത് ഇവർ സ്വന്തം കാലിൽ നിൽക്കുന്നത് സോഷ്യൽ മീഡിയ നൽകുന്ന വിപണിയിലും സൗഹൃദത്തിലും താങ്ങിലും തണലിലും തന്നെയാണ്. അവർക്ക് സ്വാതന്ത്ര്യവും സാമ്പത്തിക സുരക്ഷിതത്വവും സ്വാതന്ത്ര്യത്തിലേക്കുള്ള വാതിലും നൽകുന്നത് സോഷ്യൽ മീഡിയയാണ്. വീട്ടിലിരുന്ന് ഓൺലൈനുകളിൽ എഴുതിയും കണ്ടൻറ് റൈറ്റേഴ്സായും വരുമാനം കണ്ടത്തെുന്നവരുണ്ട്. ഓൺലൈൻ ട്യൂഷൻ എടുക്കുന്നവരുണ്ട്. ഐടി തൊഴിലിടത്തിൻെറ സൗകര്യങ്ങൾ ഉപയോഗിച്ച് തൊഴിൽ ചെയ്യുന്നവരുണ്ട്. വെബ് ഡിസൈനേഴ്സുണ്ട്. ഓൺലൈൻ കൗൺസിലർമാരുണ്ട്. പ്രൊജക്റ്റ് വർക്കുകൾ ചെയ്തു കൊടുക്കുന്നവരുണ്ട്. ഡിസൈനർമാരുണ്ട്. ഇത്തരം കൂട്ടായ പ്രവർത്തനങ്ങൾ കാണുമ്പോൾ അയൽക്കൂട്ടങ്ങളെ സോഷ്യൽ മീഡിയ പകരം വക്കുന്നതായി തോന്നും. ഇത്തരത്തിൽ ജോലി ചെയ്യുന്നവരിൽ കൂടുതലും സ്ത്രീകളാണ്.

വെറും അഭിപ്രായ സ്വാതന്ത്ര്യവും സൗഹൃദവും സമ്മാനിക്കുന്ന ഇടം എന്നതിനപ്പുറം തൊഴിലിടം കൂടിയാണ് പലർക്കും സൈബർ മേഖല. അതിനാൽ തന്നെ വെറും നേരം പോക്ക് എന്നതിനപ്പുറം വളരെ ഗൗരവത്തോടെയാണ് പലരും ഈയിടത്തെ കരുതുന്നതും.

ഇതൊക്കെയുണ്ടെങ്കിലും സൈബർ റേപ്പ് ഏറ്റവും കൂടുതൽ നേരിടുന്നതും സ്ത്രീകൾ തന്നെയാണ്. സോഷ്യൽ മീഡിയയിലെ സൈബർ റേപ്പിസ്റ്റുകൾക്ക് പാർട്ടി വ്യത്യാസമോ സംസ്ക്കാര വ്യത്യാസമോ പെരുമാറ്റത്തിൽ വ്യത്യാസമോ ഇല്ല. സ്ത്രീകളെ ഇവർ നേരിടുന്ന രീതിക്കുമുണ്ട് ഒരു പൊതുസ്വഭാവം. മാനസികമായി തകർത്ത് പിന്തിരിപ്പിക്കാനാണ് ഇക്കൂട്ടർ ആദ്യം ശ്രമിക്കുക. സ്ത്രീകളുടെ വീക്ക്നെസ്സുകളായ എന്നാൽ പുല്ലിംഗ പദങ്ങൾ ഇല്ലാത്ത വിശുദ്ധി, പാതിവ്രത്യം, ചാരിത്ര്യം, തുടങ്ങിയ വിഷയങ്ങളിലുള്ള ആരോപണങ്ങളാണ് ആദ്യം തന്നെ ഉന്നയിക്കുക.

1. സ്ത്രീകൾ, എല്ലാ സ്ത്രീകളും സ്ഥാനമാനങ്ങൾ നേടുന്നതും എന്തെങ്കിലുമൊക്കെ ആയി തീരുന്നതും സ്വന്തം കഴിവു കൊണ്ടോ പരിശ്രമം കൊണ്ടോ അല്ല. മേലുദ്യോഗസ്ഥർക്കും മേലധികാരികൾക്കും ശരീരം കാഴ്ച വച്ചിട്ടാണ്... കാരണം സ്ത്രീ എന്നാൽ ഒരു ഇറച്ചിക്കഷണം മാത്രമാണ്. അവൾക്ക് തലച്ചോറില്ല. ശരിരത്തിലാകമാനം ലൈംഗികാവയവങ്ങൾ മാത്രമേയുള്ളു. അവളുടെ ചുണ്ടുകൾ ചുംബിക്കാനുള്ളവ മാത്രമാണ്... കൈകൾ കെട്ടിപ്പിടിക്കാനുള്ളവയും...

2. പേരെടുക്കുകയോ പുരുഷൻമാരോടൊപ്പം പ്രവർത്തിക്കുകയോ ചെയ്യന്നവരും പെണ്ണുങ്ങൾക്ക് സംവരണം ചെയ്യാത്ത എല്ലാ തൊഴിലുകളും ചെയ്യന്ന സ്ത്രീകളും പിഴകളാണ്... അതുകൊണ്ട് അവരെ അംഗീകരിക്കേണ്ടതില്ല.... കുറ്റം



പറയുകയും ചെയ്യും.. കാരണം കഴിവൊക്കെ അവന്റേതാണ്.... അവൾ ആകെ ചെയ്യുന്നത് കഴിവുള്ളവന് വഴങ്ങി അവൻെറ തണലിൽ തഴച്ചു വളരുന്നു....

3. പെണ്ണുങ്ങളെല്ലാം പിഴകളാണ്. എന്നാൽ അവരെ ഉപയോഗിക്കുന്ന പുരുഷൻമാർക്ക് പേരോ മുഖമോ ഉണ്ടാവില്ല.... കാരണം അവർ നിരപരാധികളാണല്ലോ. സ്ത്രീകളുടെ പ്രലോഭനത്തിന് വഴിപ്പെട്ടു പോകുന്ന പാവം നിഷ്കളങ്കർ... അതുകൊണ്ട് അവരുടെ പേരു പറയേണ്ടതില്ല...... പുരുഷൻമാർ വെറും സൗന്ദര്യാരാധകർ മാത്രമാണ്.... പല സ്ത്രീകളെ കൂടെ പൊറുപ്പിക്കാൻ കഴിവുള്ള മിടുക്കൻമാരും..... ഇത്തരത്തിലുള്ള അഭിപ്രായപ്രകടനങ്ങളാണ് പൊതുവേ സൈബർ റേപ്പിസ്റ്റുകൾ ഉന്നയിക്കുന്ന ആരോപണങ്ങളുടെ പൊതു അടിസ്ഥാനം.

സ്ത്രീകൾ കടുത്ത രാഷ്ട്രീയവിഷയം ഉന്നയിക്കുമ്പോഴും ഇത്തരം കാര്യങ്ങളിലൂന്നിയാണ് ചർച്ച പോകുക. എന്നാൽ ഇതിനൊക്കെ മുന്നിൽ പതറിയാൽ എന്നെന്നേക്കുമായി സോഷ്യൽ മീഡിയ ഉപേക്ഷിക്കുക എന്നൊരു വഴി മാത്രമേ മുന്നിലുണ്ടാവൂ.



അതിനാൽത്തന്നെ ആധുനിക സ്ത്രീ ഇതിനെയൊക്കെ അതിജീവിക്കാൻ പഠിച്ചു കഴിഞ്ഞു. കൂട്ടമായും ഒറ്റക്കും ഇത്തരം ആക്രമണങ്ങളെ ചെറുത്തു തോൽപ്പിക്കാൻ അവളും പ്രാപ്തയായി കഴിഞ്ഞു.

സോഷ്യൽമീഡിയ പൊതുസമൂഹത്തിൻെറ പരിഛേദമായതുകൊണ്ട് സമൂഹത്തിൽ കാണുന്ന എല്ലാ പുഴുക്കുത്തുകളും ഇവിടേയുമുണ്ട്. അതിനാൽ യഥാർത്ഥ ജീവിതത്തിൽ നേരിടുന്നതൊക്കെ ഇവിടേയും നേരിടേണ്ടി വരുന്നു. എന്നാൽ വെർചൽ വേൾഡിൽ നേരിടുന്ന പ്രതിബന്ധങ്ങളേയും കടന്ന് സ്ത്രീകൾ ഒഴുകുക തന്നെയാണ്. ആനുകാലിക രാഷ്ട്രീയത്തിലും പൊതുജീവിതത്തിലും ശക്തമായ സാന്നിദ്ധ്യമായി തൻെറ ഇടം രേഖപ്പെടുത്തി ഒഴുകുന്ന പുഴ.

സോഷ്യൽ മീഡിയ ഒരുപാടു നല്ല സൗഹൃദങ്ങളും സമ്മാനിക്കുന്നുണ്ട്. സമാനമനസ്ക്കരുടെ കൂട്ടായ്മകളും സ്ത്രീ കൂട്ടായ്മകളും അവളെ കൂടുതൽ കരുത്തയാക്കുന്നു. സ്വതന്ത്രയാക്കുന്നു. സോഷ്യൽ മീഡിയയയെ ഗൗരവത്തോടെ കാണുന്ന വലിയൊരു വിഭാഗം ഇവിടെയുണ്ട്. ധാരാളം നല്ല ചർച്ചകളും ആശയ പ്രകാശനങ്ങളും അഭിപ്രായരൂപീകരണവും ഇവിടെ നടക്കുന്നുണ്ട്.


സോഷ്യൽ മീഡിയയിൽ എല്ലാ സ്ത്രീകളും സജീവമാവണം. സോഷ്യൽ മീഡിയയയെ അവഗണിച്ചൊരു കാലം ഇനി സാധ്യമല്ല. ഓരോ വിഷയങ്ങളിലും ജനങ്ങൾ എങ്ങനെ പ്രതികരിക്കുന്നുവെന്നും ചിന്തിക്കുന്നുവെന്നും തിരിച്ചറിയാൻ സോഷ്യൽ മീഡിയ ഒരു അളവുകോലാണ്. സമൂഹത്തെ അറിയാൻ , നിരീക്ഷിക്കാൻ, പഠിക്കാൻ ഒക്കെ സോഷ്യൽ മീഡിയ ഉപകരിക്കുന്നുണ്ട്. അതുകൊണ്ടുതന്നെ സോഷ്യൽ മീഡിയയെ ഗൗരവത്തോടെ കാണുകയും ഇടപെടുകയും ചെയ്യേണ്ടത് തങ്ങളുടെ ആവശ്യമാണെന്നത് സ്ത്രീകൾ തിരിച്ചറിഞ്ഞു തുടങ്ങിയിട്ടുണ്ട്.

വരും കാലത്ത് തൊഴിലിടത്തിലും വ്യക്തിജീവിതത്തിലും മുദ്രകൾ പതിപ്പിക്കുന്ന സ്ത്രീകൾ സോഷ്യൽ മീഡിയയിൽ നിന്നും ഉണ്ടാവുമെന്നതിൽ സംശയമില്ല. അത്തരം അനന്ത സാധ്യതകളാണ് സോഷ്യൽ മീഡിയ തുറന്നിടുന്നത്.

ഉപ്പും മുളകും



പി. ഗീത



# വീണ്ടുമെത്തുന്ന വനിതാ ദിനം മാർച്ച് 8!

**യാത്രകളിൽ സ്ത്രീകൾ നേരിടുന്ന അക്രമങ്ങൾ പുതിയതല്ല. പുലപ്പേടിയും മണ്ണാപ്പേടിയുമൊക്കെ പെണ്ണിന്റെ യാത്രാവിലക്കിന്റെ കൂടി സൂചകങ്ങളാണ്. യാത്ര പോകുന്ന പുരുഷനെ കാത്തിരിക്കുകയാണ് ഒരു പെണ്ണിന്റെ ധർമ്മം. അവൾ സ്വയം യാത്ര തുടങ്ങുകയെന്നാൽ ഭ്രഷ്ടാകാൻ തയ്യാറാവുകയെന്നു കൂടിയാണർത്ഥം.**

സമുചിതമായ പരിപാടികളോടെ വീണ്ടുമൊരിക്കൽക്കൂടി ആഘോഷിക്കപ്പെടുകയാണ്. സ്ത്രീകളുടെ ആത്മാഭിമാനത്തെ തൊട്ടുണർത്തുന്ന വിധം സർക്കാർ തലത്തിലും പരിപാടികൾ സംഘടിപ്പിക്കപ്പെട്ടിട്ടുണ്ട്. നല്ലത്. വളരെ നല്ലത്. പക്ഷേ ഓരോ വനിതാ ദിനം പിന്നിടുമ്പോഴും സ്ത്രീകളുടെ നില ഭദ്രമാകുന്നതിനു പകരം കൂടുതൽ അരക്ഷിതമായിത്തീരുന്നു. ഇത് ഒരതിശയോക്തി അല്ല. കേരളത്തെസ്സംബന്ധിച്ച് ന്യൂനോക്തിയാണു താനും.

കേരളത്തിന് വനിതാദിനം ആഘോഷിക്കാൻ അർഹതയില്ലെന്നാണോ അതോ കേരളത്തിനാണ് ഏറ്റവും കൂടുതൽ അർഹതയെന്നാണോ പറയേണ്ടത്? ഈയൊരു സംശയമുണ്ടാക്കുന്നത്

കേരളത്തിലെ സമീപകാല സംഭവങ്ങൾ തന്നെയാണ്.

1. ഒരു സെലിബ്രിറ്റി ആക്രമണം:

മലയാളത്തിലെ ഒരു നടി പൊതു റോഡിൽ വെച്ച് കാറിനുള്ളിൽ ആക്രമിക്കപ്പെടുന്നു. ഈ വാഹനം ഒരേ സമയം അടഞ്ഞതും തുറന്നതുമാണ്. സ്വകാര്യവും പൊതുവുമാണ്. അതായത് ഒരു പെണ്ണ് അതും ഒരു സെലിബ്രിറ്റി ആക്രമിക്കപ്പെടുന്നത് പൊതു ഇടത്തിൽ പരസ്യമായാണ്.

യാത്രകളിൽ സ്ത്രീകൾ നേരിടുന്ന അക്രമങ്ങൾ പുതിയതല്ല. പുലപ്പേടിയും മണ്ണാപ്പേടിയുമൊക്കെ പെണ്ണിന്റെ യാത്രാവിലക്കിന്റെ കൂടി സൂചകങ്ങളാണ്. യാത്ര പോകുന്ന പുരുഷനെ കാത്തിരിക്കുകയാണ് ഒരു പെണ്ണിന്റെ ധർമ്മം. അവൾ സ്വയം യാത്ര തുടങ്ങുകയെന്നാൽ ഭ്രഷ്ടാകാൻ തയ്യാറാവുകയെന്നു കൂടിയാണർഥം. ഇതു മനസിലാക്കാൻ നൂറ്റാണ്ടുകൾക്കു പുറകിലേക്കു പോകയൊന്നും വേണ്ട.

ബസ്സുയാത്രകളിൽ പെണ്ണുങ്ങൾ നേരിട്ടു കൊണ്ടേയിരിക്കുന്ന ഏകപക്ഷീയമായ അതിക്രമങ്ങൾക്ക് ഇന്നും വല്ല കുറവുമുണ്ടോ? തോണ്ടൽ തട്ടൽ മുട്ടൽ കയറിപ്പിടിക്കൽ ചാരിനില്ക്കൽ എന്നിങ്ങനെ വിവിധ തരം കലാപരിപാടികളാണ്. അതിനോടൊരു പെണ്ണെങ്ങാൻ പ്രതികരിച്ചാൽ തീർന്നു പണി! ഈ ബസ്സിൽ വേറെയും പെണ്ണുങ്ങളുണ്ടല്ലോ, അവർക്കൊന്നുമില്ലല്ലോ പരാതി, പിന്നെ നിനക്കു മാത്രമെന്താ വിശേഷം, ബസ്സിൽ തട്ടുകയും മുട്ടുകയുമൊക്കെ ചെയ്യും, പറ്റില്ലെങ്കിൽ കാറു പിടിച്ചു പോണം എന്നിങ്ങനെ പലവക ഭർത്സനങ്ങൾക്കിടയിൽ അവൾ ഒറ്റപ്പെട്ടു പോകുന്നു. തനിക്കെതിരെ തന്റെ ഇഷ്ടത്തിനെതിരായി നടന്ന ഏകപക്ഷീയമായ ആക്രമണത്തിൽ പ്രതികരിച്ചു എന്ന ഒറ്റക്കാരണത്താൽ അവൾ ജനമധ്യത്തിൽ പരസ്യമായി അപമാനിക്കപ്പെട്ടവളായി മാറുന്നു. ഇതെല്ലാം നിശബ്ദം സഹിച്ചു കൊടുത്തവർ മാന്യരും പ്രതികരിച്ചവർ അമാന്യരുമാകുന്നു.

ഇതിനെ ബസ്സിലെ സാധാരണക്കാരികളോട് സാധാരണക്കാരന്മാർ ചെയ്യുന്ന ഒരത്യാചാരമെന്നു ന്യൂനീകരിക്കാനാകില്ല. കാരണം ബസ്സു യാത്രക്കാർക്കിടയിൽ മാത്രം സംഭവിക്കുന്ന ഒന്നല്ല ഇത്.

വിമാനയാത്രക്കിടയിലെ 'കൈയ്യേറ്റ 'മാണ് കേരളത്തിലെ ഒരു മന്ത്രിയെ കോടതിയിൽ എത്തിച്ചത്.സാധാരണക്കാരൻ അല്ല ജനാധിപത്യപരമായി തെരഞ്ഞെടുക്കപ്പെട്ട സർക്കാരിന്റെ പ്രതിനിധി ആയിരുന്നു അക്രമി. വിമാനത്തിൽ സഞ്ചരിക്കാൻ തക്ക സാമ്പത്തിക ശേഷിയുള്ളവളായിരുന്നു സ്ത്രീ. പെണ്ണിന്റെ അനുഭവത്തിന് എന്തു മാറ്റം

**ബസു യാത്രകളിൽ പെണ്ണുങ്ങൾ നേരിട്ടു കൊണ്ടേയിരിക്കുന്ന ഏകപക്ഷീയമായ അതിക്രമങ്ങൾക്ക് ഇന്നും വല്ല കുറവുമുണ്ടോ? തോണ്ട ൽ തട്ടൽ മുട്ടൽ കയറിപ്പിടിക്കൽ ചാരിനില്ക്കൽ എന്നിങ്ങനെ വിവിധ തരം കലാപരിപാടികളാണ്. അതിനോടൊരു പെണ്ണെങ്ങാൻ പ്രതികരിച്ചാൽ തീർന്നു പണി! ഈ ബസിൽ വേറെയും പെണ്ണുങ്ങളുണ്ടല്ലോ, അവർക്കൊന്നുമില്ലല്ലോ പരാതി,**

വരുന്നുവെന്നാലോചിക്കൂ.

തീവണ്ടിയെന്ന പൊതു വാഹനത്തിൽ സ്ത്രീകൾക്കു മാത്രമായി സംവരണം ചെയ്യപ്പെട്ട കമ്പാർട്ട്മെന്റിൽ യാത്ര ചെയ്ത സൗമ്യക്ക് ജീവൻ പോലും തിരിച്ചു കിട്ടിയില്ല. ഇന്ത്യയുടെ തലസ്ഥാനത്തു ബസ്സു കാത്തുനിന്ന ഒരു പെൺകുട്ടിക്ക് ബസ്സിനുള്ളിൽ വെച്ചുണ്ടായ അനുഭവം ഇന്ത്യയിലെ സ്ത്രീ സുരക്ഷാ ബോധത്തെ ഇളക്കിമറിക്കുകയും നിയമങ്ങളെ ഭേദഗതി ചെയ്യാൻ പ്രേരിപ്പിക്കുകയും ചെയ്തു.

എവിടെയെങ്കിലും വെച്ച് ഇതിനൊരറുതി വരണ്ടേ? അപ്പോഴാണ് നടിയുടെ കാർ യാത്രാനുഭവം. അതായത് പെണ്ണുങ്ങൾ വീടുവിട്ടിറങ്ങേണ്ടതില്ല എന്ന അലിഖിത നിയമത്തെ ഒരാൺകോയ്മാ വ്യവസ്ഥ സമർഥവും തന്ത്രപരവുമായി പ്രാബല്യത്തിൽ വരുത്തുകയാണ്.

2. ഒരു ആത്മീയ ആക്രമണം:

വൈദികൻ പതിനാറുകാരി പെൺകുട്ടിയെ ഗർഭിണിയാക്കുകയും അവൾ പ്രസവിക്കുകയും ചെയ്ത സംഭവം പുറത്തു വന്നിരിക്കയാണ്. അഭയാ സംഭവത്തോടെ വൈദികരെക്കുറിച്ചുള്ള മിഥ്യാധാരണകൾക്ക് ഇളക്കം സംഭവിച്ചിട്ടുണ്ട്. അതുകൊണ്ടു തന്നെ കുട്ടി ഗർഭിണിയായി

**എത്ര നൂറ്റാണ്ടുകൾ പൊരുതി പെണ്ണ് ഒരു വ്യക്തിയാവാൻ, ഒരു പൗരിയാവാൻ .അതിനെ പിന്തള്ളിക്കൊണ്ട് വീണ്ടും അവളെ ഒരു ശരീരം മാത്രമാക്കലാണ് ഇപ്പോൾ സംഭവിച്ചുകൊണ്ടിരിക്കുന്നത്. ഒരു കൃത്യത്തിന്റെ സുഖം ഒരാൾക്കും പാപം മറ്റൊരാൾക്കും !! അതായത് മതയുക്തികളിലേക്ക് പെണ്ണിനെ പിന്തിരിച്ചു വിടുന്നതിന്റെ നഗ്നമായ ഒരുദാഹരണമായി വികാരിയച്ചന്റെ സുഖജീവിതവാദങ്ങൾ മാറുന്നു.**

പ്രസവിക്കുന്നത്രയും സംഭവങ്ങൾ അപ്രതീക്ഷിതമല്ല.

പിന്നീടങ്ങോട്ടുള്ളതാണ് വിചിത്രം . വികാരിയച്ചൻ കുട്ടിയുടെ ഗർഭത്തെ അവളുടെ അച്ഛനെ ഏല്പിക്കുന്നു. കുട്ടി അക്കഥ തത്ത പറയുമ്പോലെ പറയുന്നു. ഒടുവിൽ ചൈൽഡ്ലൈൻ പ്രവർത്തകരുടെ ഇടപെടലിലൂടെ സംഭവങ്ങൾ പുറത്തു വരുന്നു. കുട്ടി വികാരിയച്ചന്റെ വിക്രിയകൾ തുറന്നു പറയുന്നു. ഒരു കുട്ടിയെ മാത്രമല്ല ആ കുട്ടിയുടെ കുടുംബത്തെ മുഴുവൻ ദൈവത്തിന്റെയും വിശ്വാസത്തിന്റെയും പേരിൽ തകർക്കുവാൻ പുരോഹിതൻ തയ്യാറാവുന്നു. അത്രയും കൊണ്ടു തീരാതെ, മാധ്യമങ്ങൾ ഉപയോഗിച്ചു കൊണ്ട് പെൺകുട്ടിയുടെ സ്വഭാവഹത്യ നടത്തുകയും ചെയ്യുന്നു.

ആക്രമിക്കപ്പെട്ട പെൺകുട്ടിയാണ് എപ്പോഴും കുറ്റക്കാരി. പതിനാറു വയസ്സുള്ള ഒരു പെൺകുട്ടി മുത്തശ്ശനാകാൻ പ്രായമുള്ള വികാരിയച്ചനെ ഉപദേശിച്ചു നേർവഴി നടത്തണമായിരുന്നെന്ന്! അതു ചെയ്യാത്തതു കൊണ്ട് ദൈവസന്നിധിയിൽ അവളാണ് ആദ്യം ചോദ്യം ചെയ്യപ്പെടാനും ശിക്ഷിക്കപ്പെടാനും പോകുന്നതത്രെ!

സൂര്യനെല്ലി സംഭവങ്ങൾ മുതൽ കേട്ടു തുടങ്ങിയ ഈ സ്വാഭാവഹത്യാ ശ്രമങ്ങൾ ഇപ്പോഴും തുടരുന്നു. മാത്രമല്ല പെൺകുഞ്ഞിന് ആത്മഹത്യ ചെയ്യാമായിരുന്നില്ലേ എന്നിടത്തോളം എത്തുകയും ചെയ്യുന്നു. എന്താണിതു വ്യക്തമാക്കുന്നത്? പെണ്ണ് വെറും ശരീരം മാത്രമാണ്, ആണിന് വേണമെന്നു തോന്നുമ്പോൾ ഭോഗിക്കാനും മതിയാകുമ്പോൾ കൊന്നു കുഴിച്ചുമൂടാനുമുള്ള ഒരു വസ്തു. അവനെ സുഖിപ്പിക്കാനും അവനു കൊല്ലാനും വേണ്ടിയുള്ളതാണ് അവൾക്കു ജീവൻ.

എത്ര നൂറ്റാണ്ടുകൾ പൊരുതി പെണ്ണ് ഒരു വ്യക്തിയാവാൻ, ഒരു പൗരിയാവാൻ .അതിനെ പിന്തള്ളിക്കൊണ്ട് വീണ്ടും അവളെ ഒരു ശരീരം മാത്രമാക്കലാണ് ഇപ്പോൾ സംഭവിച്ചുകൊണ്ടിരിക്കുന്നത്. ഒരു കൃത്യത്തിന്റെ സുഖം ഒരാൾക്കും പാപം മറ്റൊരാൾക്കും !! അതായത് മതയുക്തികളിലേക്ക് പെണ്ണിനെ പിന്തിരിച്ചു വിടുന്നതിന്റെ നഗ്നമായ ഒരുദാഹരണമായി വികാരിയച്ചന്റെ സുഖജീവിതവാദങ്ങൾ മാറുന്നു.

3. എന്താണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്:

പെണ്ണിന്റെ പൗര / വ്യക്തിപദവികൾ റദ്ദാക്കപ്പെടുകയാണ്. മനുഷ്യ സാഹോദര്യം, സ്വാതന്ത്ര്യം എന്നീ മൂല്യങ്ങളെ ലാഭാധിഷ്ഠിത യുക്തിയിൽ അസാധുവാക്കുന്ന പ്രക്രിയ വിജയകരമായി നടത്തപ്പെടുന്നു. അപ്പോൾ അവൾ വെറും ചരക്കു മാത്രമാണ്. പിന്നെയവൾ യാത്രചെയ്യേണ്ടതില്ലല്ലോ. ജംഗമാവസ്ഥയിൽ നിന്ന് സ്ഥാവരത്തിലേക്കുള്ള ഈ മാറ്റം പക്ഷെ സ്വാഭാവികമായി സംഭവിക്കുന്നതല്ല തന്നെ. ബോധപൂർവമായതോ അല്ലാത്തതോ ആയ പുരുഷാജണ്ടകളുടെ ആസൂത്രിത വിന്യാസത്താൽ സംഭവിക്കുന്നതാണത്. അങ്ങനെ വരുമ്പോൾ പ്രതികരണ ശേഷിയുള്ള ഒരു വ്യക്തിയിൽ നിന്ന് അവൾ ഒരുപഭോഗവസ്തു മാത്രമാകുന്നു. മത യുക്തികൾ കച്ചവട താല്പര്യങ്ങളുമായി കണ്ണിചേർക്കപ്പെടുന്ന ഇടമാണിത്.

4. എന്തു ചെയ്യാൻ പറ്റും?

പ്രിയസഹോദരിമാരേ,

ഏറെയൊന്നും വൈകാതെ നമുക്ക് ക്രിയാത്മകമായ ഒരുത്തരത്തിൽ എത്തേണ്ടിയിരിക്കുന്നു. ചരിത്രത്തിൽ പിൻ നടത്തമെങ്ങനെ? അതു കൊണ്ട് കൈകോർത്തു പിടിക്കുക. കൂട്ടായി നടക്കുക. മുന്നിലേക്കു തന്നെ.

അതെ, നില്ക്കാതെ പതറാതെ ഇനിയുമിനിയും മുമ്പോട്ട്!!!

# കേസ് ഡയറി



സ്മിത

മുനീറ അന്വേഷിയിലെത്തുന്നത്, പോലീസ് സ്റ്റേഷനും നാട്ടുപഞ്ചായത്തുകാരേയും വക്കീലന്മാരേയും കണ്ടുമടുത്തിട്ടാണ്. എവിടെ നിന്നും അവൾക്ക് ഒരു സഹായവും ലഭിച്ചില്ല. ജീവിതം വഴിമുട്ടി നിൽക്കുന്ന ഘട്ടത്തിൽ സാമൂഹ്യ പ്രതിബദ്ധതയുള്ള ഒരു വക്കീലാണ് അവളെ അന്വേഷിയിലെത്തിച്ചത്. അവൾക്ക് ആദ്യം വേണ്ടത് സുരക്ഷിതമായ ഒരു കിടപ്പാടം ആണെന്ന് മനസ്സിലായപ്പോൾ ഷോർട്ട് സ്റ്റേ ഹോമിൽ അഡ്മിഷൻ കൊടുത്തു. ഒരുകൂട്ടം ആളുകൾ തന്നോടൊപ്പം ഉണ്ടെന്നു മനസ്സിലായപ്പോൾ മുനീറ സ്വന്തം കഥ പറഞ്ഞു. അവൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ അവളുടെ മനോനില തന്നെ തകർക്കുമെന്ന ഘട്ടത്തിലാണ് അവൾ അന്വേഷിയിലെത്തുന്നത്. പാലക്കാട് ജില്ലയിലെ ഉൾഗ്രാമത്തിലാണ് അവളുടെ വീട്. ലാബ് ടെക്നീഷ്യൻ കോഴ്സ് പാസ്സായ അവൾ ജോലി തേടി പാലക്കാട് ടൗണിലെത്തി. അവിടെ ഒരാശുപത്രിയിൽ ജോലിയും ലഭിച്ചു. ഹോസ്റ്റലിൽ താമസസൗകര്യവും കിട്ടി. തിരക്കുപിടിച്ച ജോലിയും തനിച്ചുള്ള ജീവിതവും അവളുടെ ജീവിതത്തെ മാറ്റിമറിച്ചു. അങ്ങനെയിരിക്കെ നിരന്തരം വന്ന ഒരു മിസ്ഡ് കോളിലൂടെ അവൾ ഒരു പ്രണയബന്ധത്തിൽ പെട്ടു. മുസ്ലീമായ മുനീറയും ഹിന്ദുവായ അനീഷും. ജീവിതകാലം മുഴുവൻ സംരക്ഷിച്ചു കൊള്ളാമെന്ന അനീഷിന്റെ പ്രലോഭനത്തിനു വഴങ്ങി നാടും വീടും ജോലിയും ഉപേക്ഷിച്ച് അവൾ അനീഷിന്റെ കൂടെ പോയി. അനീഷിന്റെ അമ്മയും സഹോദരങ്ങളും അവളെ നിരന്തരം പ്രേരിപ്പിക്കുകയും ചെയ്തിരുന്നു. ആര്യസമാജത്തിൽ വെച്ച് മതം മാറി അവർ വിവാഹിതരായി. അനീഷ് സ്വന്തം വീട്ടിലേക്ക് അവളെ കൂട്ടിക്കൊണ്ടുപോയി. സ്വന്തം വീട്ടുകാരും സമുദായവും അവളെ ഉപേക്ഷിച്ചു. സമുദായത്തിന്റെ സഹായം കൊണ്ട് ജീവിക്കുന്ന അവളുടെ വീട്ടുകാർക്ക് അവളെ ഉപേക്ഷിക്കുകയേ നിവർത്തിയുള്ളൂ. അനീഷുമൊത്തുള്ള ജീവിതം തുടക്കത്തിൽ പ്രശ്നമൊന്നുമില്ലായിരുന്നു. പിന്നീട് പ്രശ്നങ്ങൾ തുടങ്ങി. ഹിന്ദുവായ മുനീറ മുസ്ലീംപെൺകുട്ടികൾ ഇടുന്നത് പോലെയാണ് ഷാൾ ഇടുന്നത്, പൊട്ടുതൊടുന്നില്ല തുടങ്ങി ഓരോന്ന്... അവൾ ശീലിച്ചു വന്ന കാര്യങ്ങൾ ഉപേക്ഷിച്ച് പുതിയ രീതി സ്വീകരിക്കാനുള്ള സമയം അവർ കൊടുത്തില്ല. അടുത്തുള്ളവരോട് മിണ്ടാൻ പാടില്ല എന്നുപറഞ്ഞ് അവളെ പൂട്ടിയിടാനും മർദ്ദിക്കാനും തുടങ്ങി. അവൾ മാനസികരോഗിയാണെന്നും അവർ പറഞ്ഞുണ്ടാക്കി. മാനസികമായും ശാരീരികമായും ഉള്ള പീഡനങ്ങൾ സഹിക്കാൻ കഴിയാതെയായപ്പോൾ അവൾ വീടുവിട്ടിറങ്ങി. കൂട്ടുകാരികളുടെ വീട്ടിൽ അഭയം തേടി. നിയമപരമായി മുന്നോട്ട് പോവാൻ ശ്രമിച്ചു. അതൊന്നും വിജയിച്ചില്ല. അങ്ങനെയാണ് അന്വേഷിയിൽ എത്തുന്നത്. മാനസികമായി തളർന്ന മുനീറയെ ഞങ്ങൾ സമാധാനിപ്പിക്കുകയും താമസിക്കാൻ ഇടം നൽകുകയും ഒറ്റക്കല്ലെന്ന ബോധ്യം വരുത്തുകയും ചെയ്തു. അവളുടെ പരാതിയനുസരിച്ച് അനീഷിന്റെ വീട്ടിൽ പോവുകയും അവരെ അന്വേഷിയിൽ വിളിച്ച് വരുത്തി സംസാരിക്കുകയും ചെയ്തു. അവർ അവളെ സ്വീകരിക്കാൻ തയ്യാറല്ലെന്ന് മാത്രമല്ല അവളൊരു മാനസികരോഗിയാണെന്ന് പറയുകയും ചെയ്തു. തുടർന്ന് അവളുടെ സ്വന്തം വീട്ടിൽ പോയി കാര്യങ്ങൾ സംസാരിച്ചു. എന്നാൽ അവർ പറയുന്ന കണ്ടീഷൻ അംഗീകരിക്കാൻ മുനീറ തയ്യാറായില്ല. ഭർത്താവിനെ ഉപേക്ഷിച്ച് വരാനാണ് അവർ പറഞ്ഞത്. ഭർത്താവിന്റെ വീട്ടുകാർ വഴങ്ങില്ലെന്ന് കണ്ടപ്പോൾ മുനീറയ്ക്ക് നിയമസഹായം നൽകാൻ തീരുമാനിച്ചു. ഡിവി ആക്ട് പ്രകാരം കേസ് രജിസ്ട്രർ ചെയ്തു. കുറഞ്ഞത് ഒന്നര വർഷക്കാലം അവൾ ധൈര്യവും സംരക്ഷണവും പിന്തുണയും നൽകിക്കൊണ്ട് അന്വേഷി അവളോടൊപ്പം നിന്നു. പിന്നീട് കേസ് വിധിയായി സംരക്ഷണ ഉത്തരവ് ലഭിച്ചു. പോലീസിന്റെ സഹായത്തോടെ അവൾ ഭർതൃവീട്ടിൽ കയറി താമസിച്ചു. അനീഷിന്റെ മാതാപിതാക്കൾ വീടൊഴിഞ്ഞു പോയി. അയാൾ അവളെ സ്വീകരിക്കാൻ തയ്യാറായില്ല. ഭക്ഷണത്തിനു പോലും ബുദ്ധിമുട്ട്. അവിടെയും അന്വേഷി അവൾക്ക് വേണ്ട സഹായങ്ങൾ ചെയ്തു കൊടുത്തു. ഭർതൃവീട്ടുകാർ അവളെ കുടുക്കാൻ വേണ്ടി വക്കീലിന്റെ ഉപദേശപ്രകാരം അയാളെ വിഷം കുടിപ്പിച്ചു. അയാൾ ആശുപത്രിയിൽ അഡ്മിറ്റായി. വിഷം കൊടുത്തത് മുനീറയാണെന്ന് വരുത്തി തീർത്തു. കേസായി. കോടതി മുനീറക്കനുകൂലമായി വിധി പ്രസ്താവിച്ചു. മുനീറയെ തിരിച്ച് മുഖ്യധാരയിലേക്ക് കൊണ്ടു വരാൻ വേണ്ട കാര്യങ്ങളാണ് അടുത്തതായി ചെയ്തത്. പിന്നീട് അവൾക്ക് ജോലിക്ക് വേണ്ട സഹായങ്ങൾ ചെയ്തു കൊടുത്തു. ഇന്നവൾ ലാബ്ടെക്നീഷ്യനായി ജോലി ചെയ്യുന്നു. താൻ ഒറ്റക്കല്ല എന്ന തിരിച്ചറിവോടെ സധൈര്യം മുന്നോട്ടു പോകുന്നു.





ഡോ.ജാൻസി ജോസ്

# വാസ്തവം

പതിനാറു വയസ്സായ പെൺകുട്ടി ഗർഭിണിയാവുകയും പ്രസവിക്കുകയും ചെയ്ത സംഭവത്തിൽ പലരുടേയും വികാരപ്രകടനങ്ങൾ കണ്ട് ജീവനറ്റ് ഇരിക്കുന്ന ആളാണ് ഞാൻ. കഥ പുറത്തു വന്നപ്പോൾ മാത്രം പെൺകുട്ടികളെ പള്ളിയിൽ വിട്ടുന്നതിനെക്കുറിച്ചും തനിയേ വിടുന്നതിനെക്കുറിച്ചും ചിലർ ആവലാതിപ്പെടുന്നതു കണ്ടു. സമൂഹത്തിന്റെ ഏതു തുറയിലാണ് സ്ത്രീകൾക്കും കുട്ടികൾക്കും തനിയെ പോകാൻ പറ്റുന്നതെന്ന് ആർക്കെങ്കിലും പറയാൻ കഴിയുമോ?

തന്റെ മകൾ ഗർഭിണിയാണെനറിയുന്ന ഒരമ്മ എന്താണ് ചെയ്യേണ്ടത്? നേരെ പോലീസ് സ്റ്റേഷനിൽ ചെന്ന് പരാതി കൊടുക്കുകയും പത്രസമ്മേളനം വിളിച്ച് ഇങ്ങനെയൊക്കെ സംഭവിച്ചു എന്നും പറയേണ്ടിയിരുന്നോ? തുറന്നു പറഞ്ഞാൽ സമൂഹം കൂടുതൽ കരുതലോടെ സ്വീകരിക്കുമായിരുന്നോ? ഇരകളോട് നമ്മുടെ സമീപനമെന്താണ് എന്ന് നാം ചിന്തിക്കേണ്ടതുണ്ട്. ഇരകളെ ഒറ്റപ്പെടുത്തുകയും പഴിക്കുയും, ഭാവി തകർക്കുകയും ചെയ്യുന്ന സാമൂഹ്യനീ തിയാണ് ഇവിടെ നിലനിലയ്ക്കുന്നത്? ഇതിനു മാറ്റം വന്നാലേ പീഡിപ്പിക്കപ്പെട്ട പെൺകുട്ടികൾക്ക് തല ഉയർത്തി നടക്കാനാവൂ.

സഭയുടെ കെട്ടുറപ്പ് ഉലഞ്ഞാടിക്കൊണ്ടിരിക്കുന്നതായി അനുഭവപ്പെടുന്നു. ക്രിമിനലുകളും ആഭാസന്മാരുമായ അച്ചൻമാരെ പുറത്താക്കുന്നതിനു പകരം അവരെ വാഴിക്കുന്നതിനും അന്തസ്സുനിലനിർത്തുന്നതിനും ശ്രമിക്കുകയാണ് ചെയ്യുന്നത്. നന്മയുള്ളവരുടെ കൂട്ടത്തിൽ ഇത്തരം കൃമികളെ വെച്ചു പൊറുപ്പിച്ചാൽ സഭയുടെ ആണിക്കല്ലിളകും എന്നതിൽ സംശയമില്ല. ഇത്തരം കിടങ്ങളാണ് പുരോഗമന വാദിയായ പോപ്പിനെ വിമർശിക്കുന്നവരും. അച്ചന്മാരുടെ ദുർനടത്ത അവസാനിപ്പിക്കേണ്ടത് വിശ്വാസികളുടെ കൂടെ ഉത്തരവാദിത്തമാണ്.

ഇവിടെയിപ്പോൾ ആർക്കും എന്തും ചെയ്യാം. രാഷ്ട്രീയ സ്വാധീനവും സാമ്പത്തികഭദ്രതയും ഉണ്ടാവണമെന്നുമാത്രം. മതത്തിനകത്താണെങ്കിൽ ഒരു സമൂഹം മുഴുവൻ രക്ഷപ്പെടുത്താനുണ്ടാവും ആളൂരിനെപ്പോലുള്ള സാത്താന്റെ സന്തതികൾ എപ്പോഴേ റെഡി.




ധന്യ പി.ഡി.

# ചരിത്രം തമസ്ക്കരിച്ച പെണ്ണെഴുത്തുകൾ

മുഖ്യധാരാസാഹിത്യം എക്കാലത്തും പുരുഷകേന്ദ്രിതമായിരുന്നു. പുരുഷാധിപത്യ മൂല്യങ്ങളെ പിൻപറ്റുകയും പുനരുല്പാദിപ്പിക്കുകയും ചെയ്തുകൊണ്ടാണ് സാഹിത്യ മെന്ന വ്യവഹാരം നിലനിന്നുപോന്നത്. എഴുത്തിനെയും ആസ്വാദനത്തെയുമെല്ലാം രൂപപ്പെടുത്തുന്ന സാമൂഹിക വ്യവസ്ഥകൾ അധികാരവുമായി ബന്ധപ്പെട്ടതാണ്. അധികാരമില്ലാത്തവരുടെ ശബ്ദങ്ങൾ ചരിത്രത്തിന്റെ പിന്നാമ്പുറങ്ങളിലേക്ക് തള്ളപ്പെട്ടു. എഴുത്ത്, വായന, അച്ചടി, പ്രസാധനം, വിപണി തുടങ്ങി സാഹിത്യത്തിന്റെ സകലയിടങ്ങളിലും ആധിപത്യം പുരുഷനുതന്നെയായിരുന്നു. അതുകൊണ്ടുതന്നെ അറിവിലൂടെ എത്തിച്ചേരാനാകുമായിരുന്ന പൊതുമണ്ഡലങ്ങളിലേക്കൊന്നും സ്ത്രീകളുടേയും ദളിതരുടേയും കടന്നുവരവ് ഉണ്ടായില്ല.

രേഖപ്പെടുത്തപ്പെട്ട ചരിത്രങ്ങളിലൊന്നും എഴുത്താളരായി സ്ത്രീകൾ കടന്നുവരാതിരുന്നതിന്റെ കാരണങ്ങൾ അത്രത്തോളം നിഷ്ക്കളങ്കമായിരുന്നില്ലെന്ന് ചരിത്രം പരിശോധിച്ചാൽ മനസ്സിലാകും. നിലനിന്നിരുന്ന പുരുഷകോയ്മാവ്യവസ്ഥകൾ, ആധികാരിക വ്യവഹാരമണ്ഡലങ്ങളുടെ കാഴ്ചകൾക്കപ്പുറത്തേക്ക് സ്ത്രീയെഴുത്തുകളെ അകറ്റി നിറുത്തി.

സാഹിത്യവ്യവഹാരത്തിൽ നിലനിന്നിരുന്ന ഇത്തരം പിതൃാധികാര (Patriarchy) വ്യവസ്ഥകളെ വിമർശന വിധേയമാക്കിക്കൊണ്ട് ഇരുപതാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയോടെ കടന്നുവന്ന



**സാഹിത്യമെന്ന വ്യവഹാരത്തെക്കുറിച്ചുള്ള ആധികാരിക രേഖകളെന്ന് പൊതുവെ മനസ്സിലാക്കപ്പെട്ടുപോരുന്ന സാഹിത്യചരിത്രഗ്രന്ഥങ്ങളിലൊന്നും പേരില്ലാതെ പോയവരാണ് ഈ സമാഹാരത്തിൽ പരമർശിക്കപ്പെട്ടിരിക്കുന്ന ഭൂരിപക്ഷം പേരും. നാഗരുകോവിൽ അമ്മച്ചി, കടത്തനാട്ട് മാധവിയമ്മ, മേരി ജോൺ തോട്ടം തുടങ്ങിയവർ മുതൽ കൃത്യമായി പേരോ, മേൽവിലാസമോ ഇല്ലാതെ "ഒരു സ്ത്രീ' തുടങ്ങിയ പേരുകളിൽ എഴുതിയ എഴുത്തുകാരികൾവരെ ഈ സമാഹാരത്തിൽ ഇടം പിടിച്ചിരിക്കുന്നു.**

സ്ത്രീവാദവിമർശനത്തിന്റെ പശ്ചാത്തലത്തിൽ സാഹിത്യത്തിലെ സ്ത്രീപ്രതിനിധാനം പുനരാലോചനകൾക്ക് വിഷയീഭവിച്ചു. ഇത്തരം ചിന്തകൾ പലനിലകളിലും ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നുവെന്നതിന്റെ സൂചനയാണ് സംഗീത തിരുവൾ സമാഹരിച്ച് ആമുഖപഠനങ്ങളോടെ പ്രസാധനം ചെയ്ത 'പെൺമ : ആദ്യകാല സ്ത്രീകവിതകൾ' എന്ന ഗ്രന്ഥം. 1905 മുതൽ 1940 വരെ വിവിധ പത്രമാസികകളിൽ പ്രസിദ്ധീകൃതമായ സ്ത്രീകവിതകളിൽ നിന്ന് തെരഞ്ഞെടുത്തവയാണ് ഈ സമാഹാരത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. സ്ത്രീകൾ എഴുത്തിന്റെ മേഖലയിലേക്ക് കടന്നുവരാതിരുന്നതുകൊണ്ടല്ല ചരിത്രത്തിലെങ്ങും പെണ്ണെഴുത്തുകൾ സ്ഥാനപ്പെടാതെ പോയതെന്നും, മറിച്ച് അധികാര സമവാക്യങ്ങളുടെ ചേരുവകളിലൊന്നും പെടാത്തതിനാൽ ചരിത്രത്തിൽനിന്ന് മറയ്ക്കപ്പെട്ടവയാണ് സ്ത്രീ രചനകളെന്നും ഈ ഗ്രന്ഥം ബോധ്യപ്പെടുത്തുന്നു.

മുപ്പത്തിയൊന്ന് എഴുത്തുകാരികളുടെ അൻപതോളം വരുന്ന രചനകളാണ് ഈ ഗ്രന്ഥത്തിൽ സമാഹരിച്ചിരിക്കുന്നത്. സാഹിത്യചരിത്രങ്ങളിലെ സ്ത്രീപ്രതിനിധാനത്തിന്റെ പ്രശ്നങ്ങളെക്കുറിച്ച് വിശദമായി മനസ്സിലാക്കുമ്പോഴാണ് ഇത്തരമൊരു ഗ്രന്ഥത്തിന്റെ പ്രാധാന്യം തിരിച്ചറിയപ്പെടുന്നത്. സാഹിത്യമെന്ന വ്യവഹാരത്തെക്കുറിച്ചുള്ള ആധികാരിക രേഖകളെന്ന് പൊതുവെ മനസ്സിലാക്കപ്പെട്ടുപോരുന്ന സാഹിത്യചരിത്രഗ്രന്ഥങ്ങളിലൊന്നും പേരില്ലാതെ പോയവരാണ് ഈ സമാഹാരത്തിൽ പരമർശിക്കപ്പെട്ടിരിക്കുന്ന ഭൂരിപക്ഷം പേരും. നാഗരുകോവിൽ അമ്മച്ചി, കടത്തനാട്ട് മാധവിയമ്മ, മേരി ജോൺ തോട്ടം തുടങ്ങിയവർ മുതൽ കൃത്യമായി പേരോ, മേൽവിലാസമോ ഇല്ലാതെ 'ഒരു സ്ത്രീ' തുടങ്ങിയ പേരുകളിൽ എഴുതിയ എഴുത്തുകാരികൾവരെ ഈ സമാഹാരത്തിൽ ഇടം പിടിച്ചിരിക്കുന്നു.

നാടുവാഴിത്തത്തിൽനിന്ന് ആധുനികതയിലേക്കുള്ള കേരളീയ ജീവിതത്തിന്റെ പരിവർത്തനവേളയായ ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ എഴുതപ്പെട്ട ഈ കവിതകളിൽ മലയാള സാഹിത്യരൂപത്തിന്റെ വ്യത്യസ്തമായ ഭാവുകത്വസവിശേഷതകൾ പുലരുന്നത് കാണാനാകും. പഴയ ആദർശാത്മക ലോകത്തിന്റെ മൂല്യങ്ങളെ മുറുകെപ്പിടിക്കുമ്പോഴും പുതിയ കാലത്തിന്റെ ആത്മസംഘർഷങ്ങളെ ഉൾക്കൊള്ളാനും ഈ കവിതകൾക്ക് കഴിയുന്നുണ്ട്. നവോത്ഥാന കാലത്തുണ്ടായ സാംസ്കാരിക-സാമൂഹിക മാറ്റങ്ങളെക്കൂടി ഉൾവഹിക്കുന്ന കവിതകളും ഈ സമാഹാരത്തിൽ കണ്ടെത്താനാവും. സ്ത്രീവിദ്യാഭ്യാസത്തിന്റെ പ്രാധാന്യം വെളിവാക്കുന്ന കവിതകൾവരെ അക്കാലത്തുണ്ടായി എന്നത് പെൺഭാവനാലോകങ്ങളുടെ വൈവിധ്യങ്ങളിലേക്കാണ് ചൂണ്ടുന്നത്.

"വിലയേറിയ വിദ്യയാംധനം സ്ത്രീ-
കുലവും നേടണമെന്നുതന്നെയിപ്പോൾ
ഖലരും ഹൃദിസമ്മതിച്ചിടുന്നീ
നിലയിൽ പാഴിലഹസ്സുപോക്കിടാമോ"
('സ്ത്രീ വിദ്യാഭ്യാസം'-എം.കെ. കുരുംബ)

സമൂഹത്തിന്റെയും സാഹിത്യത്തിന്റെയും മുഖ്യധാരയിൽനിന്ന് പാർശ്വവല്ക്കരിക്കപ്പെട്ടുപോയ സ്ത്രീയെഴുത്തിന്റെ വിശാലലോകമാണ് 'പെൺമ : ആദ്യകാല സ്ത്രീകവിതകൾ' എന്നഗ്രന്ഥം ഉൾവഹിക്കുന്നത്. സാഹിത്യമെന്ന വ്യവഹാരത്തെ നിർമ്മിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്ന പുരുഷാധിപത്യമൂല്യങ്ങൾ തമസ്ക്കരിച്ച എഴുത്തുകളെ പുനർവായനയ്ക്ക് വിധേയമാക്കുകയെന്ന സഫലദൗത്യമാണ് ഈ ഗ്രന്ഥം ഏറ്റെടുത്തിരിക്കുന്നത്. ഇത്തരം ശ്രമങ്ങൾക്ക് ഇനിയും തുടർച്ചകൾ ഉണ്ടാകേണ്ടിയിരിക്കുന്നു.



## തിണർപ്പ്



സതി അങ്കമാലി

# കീഴ്വഴക്കങ്ങളുടെ ഏകവചനം

മുലപ്പാലിനൊപ്പം നാവിലേക്കിറ്റിച്ച ഭാഷ പോലും സ്ത്രീക്കെതിരാണെന്നറിയുമ്പോഴും കണ്ണടച്ച് തലകുനിച്ച് സകലതിനേയും വാഴ്ത്തുകയും അനുസരിക്കുകയും ചെയ്യേണ്ടിവരുന്ന ഗതികേടിനെ ജീവിതമെന്ന് എങ്ങനെ വിളിക്കും?

ഭാഷ അധികാരമാകുന്നത് അതിന്റെ അദൃശ്യമായ ചങ്ങല കൊണ്ടുതന്നെയാണ്. പുറമേക്ക് മധുരോദാരമെന്ന് തോന്നുമെങ്കിലും സ്ത്രീജീവിതത്തിന്റെ ഗതിയും ദിശയും നിർണയിക്കുന്ന നിയാമക ശക്തിയായി അത് ശ്വാസനിശ്വാസങ്ങൾക്കൊപ്പം നമ്മെ പിന്തുടരുന്നു.

നമുക്കറിയാം ഓരോ ഓർമ്മപ്പെടുത്തലും ഉണർത്താനല്ല, ഉറക്കാനാണെന്ന്. അല്ലെങ്കിൽ മഹാപണ്ഡിതന്മാരും ജ്ഞാനപീഠജേതാക്കളും എന്തിനു ഭാഷയ്ക്ക് സ്വന്തമായൊരു പിതാവ് പോലുമുള്ള വൈജ്ഞാനിക പാരമ്പര്യത്തിലേയ്ക്ക് എവിടെനിന്ന് നുഴഞ്ഞു കയറിയതാണ് ഈ സ്ത്രീലിംഗം. അസമത്വം നേർവാക്കും സാക്ഷ്യവുമാവുന്നത് ഇവിടെയാണ്.

സ്ത്രീ ജനനേന്ദ്രിയത്തിന് ഭാഷ തെറിയായി ഉപയോഗിക്കുന്നത് ഒരുപക്ഷേ മലയാളത്തിൽ മാത്രമായിരിക്കും. ഇതിന്റെ സർഗ്ഗാത്മക ആവിഷ്കാരങ്ങൾ സകല വൈകൃതത്തോടും കൂടി പുറത്തു ചാടുന്നത് സ്ത്രീകൾ ഉപയോഗിക്കുന്ന പൊതു മൂത്രപ്പുരകളിലും മറ്റുമാണ്. നിരവധി കലാകാരന്മാരാൽ വാഴ്ത്തപ്പെട്ട ഈ മഹനീയ നിമ്നോന്നതങ്ങൾ – ഇവ്വിധം ആലേഖനപരമ്പരയാവുന്നത് ഏത് അസുന്ദരഭാവനാലോകത്തു നിന്നാണ്? ഇവിടെയാണ് സദാചാരപുങ്കവകേരളം ഇടിഞ്ഞുവീഴുന്നത്. അടക്കിവെയ്ക്കപ്പെട്ടതും ഭാഷയിന്മേലുള്ള അങ്കലാപ്പും പ്രതികാരബുദ്ധ്യാ ബീഭത്സരൂപത്തിൽ ഇങ്ങനെയല്ലാതെ എങ്ങനെ സംതൃപ്തി കിട്ടും?

സ്ത്രീയുടെ മാത്രം ലൈംഗികതയെ ചുറ്റിപ്പറ്റിയാണ് മാനാഭിമാനങ്ങൾ നിലനിൽക്കുന്നതെന്നു കാണാം. സ്വന്തം ശരീരത്തിനു മേൽ യാതൊരു സ്വയം നിർണ്ണയാവകാശമോ ഉടമസ്ഥാവകാശമോ ഇല്ലാത്ത ലോകത്തിലെ ഒരേയൊരു ജീവി മനുഷ്യസ്ത്രീ മാത്രമായിരിക്കും.

ആരുടെയെങ്കിലും മേൽനോട്ടത്തിൽ അനുവദിക്കപ്പെടേണ്ടതോ അല്ലെങ്കിൽ ആരെങ്കിലും അനുവദിച്ച് ഏർപ്പെടേണ്ടതോ ആയ "വീട്ടമ്മ സ്വാതന്ത്ര്യം" ഉച്ചൈസ്തരം കൊട്ടിഘോഷിക്കപ്പെടുമ്പോൾ ഈ സ്വർണ്ണക്കൂടുകൾ വളരെ ഭദ്രമായി താഴിട്ടു പൂട്ടുന്നത് പുരുഷാധിപത്യമൂല്യങ്ങളാണെന്ന് 'വെറുതെയല്ല ഭാര്യമാർ' തിരിച്ചറിയുന്നുണ്ടോ?

ആരുടെ ആകുലതകൾക്കും പിടിച്ചുനിർത്താനാവാത്ത പ്രതിസന്ധികളിലൂടെ കടന്നുപോകുമ്പോഴും ഇവരുടെ സ്വാതന്ത്ര്യം ആഘോഷങ്ങളിലും സങ്കടങ്ങൾ അനുശോചനങ്ങളിലും പരിമിതപ്പെട്ടുപോകുന്നു.

ദലിതരെയും ആദിവാസികളെയും ബലാത്സംഗം ചെയ്യുന്നത് സ്വന്തം അവകാശമാണെന്ന് കരുതുന്നത് പുരുഷന്, സ്ത്രീ ശരീരത്തിനു മേൽ തനിക്കുണ്ടെന്ന് കരുതുന്ന അധീശത്വം മാത്രമല്ല, വർഗ-വർണ ബോധം കൂടിയാണ്.

പുരുഷ സവർണ്ണാധിപത്യത്തിന് മതങ്ങളുടെ അനുഗ്രഹാശംസകളാണ് വിശുദ്ധമെന്ന് പറയുന്ന ഗ്രന്ഥങ്ങൾ ഇതിന്റെ പുറംചട്ട രാഷ്ട്രീയമാവുന്നതോടെ ഭരണഘടനയെന്നാൽ ഭരണവർഗ്ഗം പറയുന്നതാണ് എന്നാവുന്നു.

ഉന്നതമായ സംസ്കാരത്തിന്റെ പിന്മുറക്കാർ എന്നു സ്വയം വിശേഷിപ്പിക്കുന്ന നമ്മൾ തിളങ്ങുന്ന ഇന്ത്യയുടെ ഉപരിതലമൊന്ന് ഉരച്ചു നോക്കിയാലറിയാം ഫ്യൂഡൽ വ്യവസ്ഥയുടെ അഴുകിയ, എന്നാൽ കേടാകാത്ത സുരക്ഷിത ഫോസിലുകൾ.

സാമ്പത്തികവും ലിംഗപരവുമായ വിവേചനങ്ങൾ മാത്രമല്ല, ജാതി, മതം, വർണ്ണം എന്നിവ സൃഷ്ടിക്കുന്ന സാമൂഹ്യപ്രശ്നങ്ങളെ കണക്കിലെടുക്കാതെ സ്ത്രീകൾക്കെതിരെയുള്ള ഹിംസാത്മകത ശാശ്വതമായി അവസാനിക്കുകയില്ല. അതുകൊണ്ടാണ് ഓരോ വർഗ്ഗീയ കലാപങ്ങളിലും ബലാത്സംഗങ്ങൾ അവിഭാജ്യഘടകമാവുന്നത്.

എല്ലാ ഇസങ്ങളും പരീക്ഷിക്കപ്പെട്ട ഈ മണ്ണിൽ സമത്വ-സ്വാതന്ത്ര്യ-നൈതിക-സാഹോദര്യത്തിനു വേണ്ടിയുള്ള കാഴ്ചപ്പാടുകൾ ഒന്നുചേർന്ന് സർവ്വതലസ്പർശിയായ് മനുഷ്യന്റെ സമഗ്രതയെ ഉത്കൃഷ്ടതയിലേയ്ക്ക് പരുവപ്പെടുത്തേണ്ട അധികാരം, പിടിച്ചെടുക്കലിന്റെ കേവല പരിധിയിലും പരിമിതിയിലും പെട്ടുപോയത് യാദൃച്ഛികമെന്ന് സമാധാനിക്കാനാവുമോ? നിമിഷം തോറും ഓരോ പെൺകുഞ്ഞും ജനിച്ചമണ്ണിലും അമ്മയുടെ ഉദരത്തിലും ഇരയായ് ഒടുങ്ങുമ്പോൾ ...

നെഞ്ചത്തടിയും നിലവിളിയുമല്ല, പുരുഷ-സവർണാധികാരത്തെ അതിന്റെ അധാർമ്മികതയെ പിഴുതെറിയുന്ന ധൈഷണിക ആക്രമണങ്ങളാണ് ഈ സമൂഹപരിച്ഛേദത്തിൽ നിന്നുണ്ടാകേണ്ടത്. ●




പുസ്തകയാത്രകൾ



എം.ഡി.രാധിക

# താവോ വനിത

**പ്രകൃതിക്കനുസരണമായി ജീവിക്കാനാണ് ലാവോത്സു നമ്മോടാവശ്യപ്പെടുന്നത്. കാട്ടിൽ ചുറ്റിക്കറങ്ങി, മുളങ്കൂട്ടങ്ങൾ കണ്ടും മലയിറങ്ങി വരുന്ന അരുവികൾ നിരീക്ഷിച്ചും മാറി മാറി വരുന്ന ഋതുക്കളെ മനസ്സിലാക്കിയും അദ്ദേഹം പഠിച്ച പാഠങ്ങൾ നമുക്ക് പകർന്നുതരികയാണ് "താവോ ദെ ചിങ്ങി' ലെ എൺപത്തിയൊന്നു ഗീതങ്ങൾ.**




ഏതാണ്ട് 2500 വർഷങ്ങൾക്കു മുമ്പാണ് 'താവോ ദെ ചിങ്ങു' (Tao Te Ching) എന്ന ചൈനീസ് വിശുദ്ധഗ്രന്ഥം രചിക്കപ്പെട്ടത്. ലാവോത്സു (Lao-tzu) എന്ന അന്വേഷിയാണ് അതിന്റെ കർത്താവ്. ബൈബിൾ കഴിഞ്ഞാൽ ലോകത്തിൽ ഏറ്റവുമധികം വിവർത്തനം ചെയ്യപ്പെട്ട കൃതിയാണത്.

പ്രകൃതിക്കനുസരണമായി ജീവിക്കാനാണ് ലാവോത്സു നമ്മോടാവശ്യപ്പെടുന്നത്. കാട്ടിൽ ചുറ്റിക്കറങ്ങി, മുളങ്കൂട്ടങ്ങൾ കണ്ടും മലയിറങ്ങി വരുന്ന അരുവികൾ നിരീക്ഷിച്ചും മാറി മാറി വരുന്ന ഋതുക്കളെ മനസ്സിലാക്കിയും അദ്ദേഹം പഠിച്ച പാഠങ്ങൾ നമുക്ക് പകർന്നുതരികയാണ് 'താവോ ദെ ചിങ്ങി' ലെ എൺപത്തിയൊന്നു ഗീതങ്ങൾ. Tao എന്നാൽ വഴി, Te എന്നാൽ വ്യക്തിസത്ത, Ching എന്നാൽ വിശുദ്ധഗ്രന്ഥം. ഹൃദയാനുകൂലമായി ജീവിക്കേണ്ടതെങ്ങനെ എന്ന് ഈ കൃതി നമുക്ക് പറഞ്ഞുതരുന്നു. ജീവിതത്തിലൂടെ കൂടുതൽ വിവേക

ത്തോടെയും ചാരുതയോടെയും നടന്നു പോവാനുള്ള ഈ മാർഗ്ഗത്തിലൂടെ സ്ത്രീകൾ എങ്ങനെ സഞ്ചരിക്കണമെന്ന് കാണിച്ചു തരികയാണ് ഡയേൻ ഡ്രെഹർ (Diane Dreher) തന്റെ 'സ്ത്രീകളുടെ താവോ വിവേകം' (Women's Tao Wisdom) എന്ന പുസ്തകത്തിലൂടെ. കാലിഫോർണിയയിലെ Santa Clara Universtiy ൽ സാഹിത്യവും സർഗ്ഗാത്മക രചനയും പഠിപ്പിക്കുന്ന ഡ്രെഹർ holistic health (പ്രകൃതിജീവനം) ലും aikido (സ്വയംപ്രതിരോധത്തിലൂന്നുന്ന ജാപ്പനീസ് ആയോധനകല)യിലും പ്രാവീണ്യമുള്ള വ്യക്തിയുമാണ്. താവോ ദെ ചിങ്ങിന്റെ ഒരു സ്ത്രീപക്ഷവായന എന്നീ പുസ്തകത്തെ വിശേഷിപ്പിക്കാം.

മനഃശാന്തിയുടെ 'യിൻ' (Yin), വ്യക്തിഗതകരുത്തിന്റെ 'യാങ്ങ്' (yang) എന്നിങ്ങനെ രണ്ടു ഭാഗങ്ങളുണ്ട് ഈ പുസ്തകത്തിന്. യിൻ-യാങ്ങ് എന്നീ ചൈനീസ് പദങ്ങൾ ഇരുധ്രുവങ്ങളെ (twin polarities) കുറിക്കുന്നു. ഒരു മലയുടെ നിഴൽവീണ ഭാഗത്തെയാണ് Yin എന്ന പദം സൂചിപ്പിക്കുന്നത്. ഇത് ആന്തരികതയെ, ധ്യാനത്തെ പ്രതിനിധീകരിക്കുന്നു. Yang മലയുടെ വെളിച്ചം വീഴുന്ന ഭാഗമാണ്. അത് പ്രവൃത്തിയുടെ, ആവിഷ്ക്കാരത്തിന്റെ പ്രതീകമാണ്.

സ്ത്രീകൾക്കായുള്ള സ്വാശ്രയ പുസ്തകങ്ങൾ (self - help books) പരമ്പരാഗതമായി പുരുഷന്മാരാണ് എഴുതാറ്. അവർ നിർവ്വചിക്കുന്ന സ്ത്രൈണതയാണ് അവ മുന്നോട്ട് വെക്കുന്നത്. എന്നാൽ സ്ത്രീത്വം ഇന്ന് സ്വയം അന്വേഷിക്കുകയാണ്. ആ അന്വേഷണത്തിലേക്ക് താവോയുടെ സന്ദേശം ഉൾച്ചേർക്കുകയാണ് ഇവിടെ. പാശ്ചാത്യചിന്ത വിപരീതങ്ങളെ either-or (രണ്ടിലൊന്ന്) എന്ന രീതിയിൽ അവതരിപ്പിക്കുമ്പോൾ, യിൻ-യാങ്ങ് എന്നീ വിരുദ്ധധ്രുവങ്ങളെ സമന്വയിപ്പിക്കുന്ന രീതിയാണ് താവോയിസത്തിൽ കാണുക. നിങ്ങളുടെ സ്ത്രീത്വത്തെ സ്വയം നിർവ്വചിക്കാൻ ഈ പുസ്തകം നിങ്ങളോടാവശ്യപ്പെടുന്നു. താവോ വനിത സ്വന്തം വഴിവിട്ട് ആരേയും സന്തുഷ്ടരാക്കാൻ ശ്രമിക്കുന്നില്ല. മറ്റുള്ളവരുടെ ശ്രദ്ധയാകർഷിക്കാൻ വേണ്ടി എന്തെങ്കിലും ചെയ്യുന്നില്ല. സ്വയം ന്യായീകരിക്കുന്നില്ല. ആരേയും അനുകരിക്കുന്നില്ല. ആരോടും മത്സരിക്കുന്നില്ല. അവൾ തിളക്കത്തോടെ അവൾ തന്നെ ആയിരിക്കുന്നു. അതിനാൽ ആർക്കും അവളെ കീഴടക്കാൻ കഴിയുന്നുമില്ല. എപ്പോഴാണ് നിങ്ങൾക്ക് ശാന്തി ലഭിക്കുന്നത്? നിങ്ങളുടെ കയ്യൊപ്പു പോലെ തീർത്തും വ്യക്തിപരമാണ് അതിനുള്ള ഉത്തരം. ഉറങ്ങുന്ന കുട്ടിയെ മാറോട് ചേർത്തുപിടിച്ചിരിക്കുമ്പോഴാവാം, പാട്ടുകേൾക്കുമ്പോഴാകാം, ഇസ്തിരിയിടുമ്പോൾ പോലുമാകാം. ഇത്തരത്തിൽ സ്വന്തം പ്രകൃതിയോട് സത്യസന്ധത പുലർത്തി ജീവിക്കുമ്പോഴേ നിങ്ങളുടെ ജീവിതം സർഗാത്മകവും സുന്ദരവും ആകുന്നുള്ളൂ.

നിങ്ങൾ തന്നെയായിരിക്കണം നിങ്ങളുടെ ജീവിതത്തിന്റെ കേന്ദ്രം. പടിഞ്ഞാറിന്റെ അറിവ് വടക്ക്,

**നിങ്ങളുടെ സ്ത്രീത്വത്തെ സ്വയം നിർവ്വചിക്കാൻ ഈ പുസ്തകം നിങ്ങളോടാവശ്യപ്പെടുന്നു. താവോ വനിത സ്വന്തം വഴിവിട്ട് ആരേയും സന്തുഷ്ടരാക്കാൻ ശ്രമിക്കുന്നില്ല. മറ്റുള്ളവരുടെ ശ്രദ്ധയാകർഷിക്കാൻ വേണ്ടി എന്തെങ്കിലും ചെയ്യുന്നില്ല. സ്വയം ന്യായീകരിക്കുന്നില്ല. ആരേയും അനുകരിക്കുന്നില്ല. ആരോടും മത്സരിക്കുന്നില്ല. അവൾ തിളക്കത്തോടെ അവൾ തന്നെ ആയിരിക്കുന്നു. അതിനാൽ ആർക്കും അവളെ കീഴടക്കാൻ കഴിയുന്നുമില്ല. എപ്പോഴാണ് നിങ്ങൾക്ക് ശാന്തി ലഭിക്കുന്നത്?**

തെക്ക്, കിഴക്ക്, പടിഞ്ഞാറ് എന്നീ നാലു ദിശകളെപ്പറ്റി പറയുമ്പോൾ, ചൈനക്കാർ അഞ്ചെണ്ണത്തെപ്പറ്റി പറയുന്നു. അഞ്ചാമത്തേത് നിങ്ങളുടെ തന്നെ കേന്ദ്രമാണ്. നാലുദിശകളിലേക്കും ജീവിതം നിങ്ങളെ പിടിച്ചു വലിക്കുമ്പോൾ ഈ അഞ്ചാംദിശയെ മറക്കരുത്. കേന്ദ്രീകൃതമായിരിക്കുക (centred) എന്നാൽ നിങ്ങൾ നിങ്ങളുമായി ആഴത്തിൽ ബന്ധപ്പെട്ടിരിക്കുക എന്നാണർത്ഥം. സ്വന്തം ഊർജ്ജങ്ങളേയും മൂല്യങ്ങളേയും മുൻഗണനകളേയും തിരിച്ചറിഞ്ഞ് അതനുസരിച്ച് ജീവിക്കലാണത്. പുറംലോകത്തോട് വേണ്ടപ്പോഴൊക്കെ 'ചീ' എന്നു പറയാൻ ശീലിക്കണം - തന്നോടുതന്നെ 'yes' പറയാൻ വേണ്ടി. മറ്റുള്ളവരെ സംപ്രീതരാക്കാൻ വേണ്ടി സ്വയം വെട്ടിക്കുറക്കരുത്. സ്വന്തം ലക്ഷ്യബോധത്തിന്റെ ഉൾവാളുകൊണ്ട് അനാവശ്യങ്ങളെ മുറിച്ചു മാറ്റുക. കുറ്റബോധമില്ലാതെ 'വയ്യ' എന്നു പറയുക.

ഒരു പൂവിന്റെ ഇതളുകൾ പോലെ നിങ്ങൾക്കുള്ളിൽ നിന്നും പുറത്തേക്കു വിരിയാൻ നിങ്ങൾക്കു കഴിയട്ടെ. മറ്റുള്ളവരുടെ ആഗ്രഹങ്ങൾക്കനുസരിച്ച് ജീവിക്കുമ്പോൾ നിങ്ങളുടെ ജന്മം പൂവണിയുന്നില്ല. വർഷങ്ങളോളം അക്കാദമിക ജേർണലുകളിൽ കനപ്പെട്ട പ്രബന്ധങ്ങൾ പ്രസിദ്ധീകരിച്ചു പേരെടുത്ത ഒരു കോളേജ് പ്രൊഫസർ തന്നിലെ കവയിത്രിയെ ക

**ചെറുയുവതികളെ നാടകീയമായ മേക്കപ്പിട്ട് ഡിസൈനർ വസ്ത്രങ്ങൾ ധരിപ്പിച്ച് സൗന്ദര്യമാതൃകകളാക്കി പ്രദർശിപ്പിക്കുന്ന ഫാഷൻ ആനുകാലികങ്ങൾ മുതിർന്ന സ്ത്രീകൾക്ക് സ്വന്തം ശരീരം അസ്വീകാര്യമാക്കുന്നു. ഇങ്ങനെ സ്വയം തരംതാഴ്ത്തരുത്.  നിങ്ങളുടെ ശരീരത്തിന്റേയും മനസ്സിന്റേയും ആവശ്യങ്ങളെ തനിമകളെ മാനിക്കുക. മറ്റുള്ളവരുടെ നിങ്ങളെപ്പറ്റിയുള്ള സങ്കുചിത വിധിപ്രസ്താവങ്ങൾക്കപ്പുറം പോകുക.**

ണ്ടെത്തിയ  കഥ ഡ്രെഹർ ഉദാഹരണമായി പറയുന്നുണ്ട്. ഒരു ബിസിനസ്  റൈറ്റർ ആയിരുന്ന Amy Tan തന്നിലെ നോവലിസ്റ്റിനെ കണ്ടെത്തിയതിനെപ്പറ്റിയും. തോറോ ചൂണ്ടിക്കാട്ടിയ പോലെ നൂറായിരം വിശദാംശങ്ങളിൽ നഷ്ടപ്പെട്ടു പോവാതെ ജീവിതം ലളിതമാക്കേണ്ടതുണ്ട്. പലപ്പോഴും വീടു പരിപാലിക്കുന്ന യത്നത്തിൽ വീടിനകത്തെ ജീവിതം ആസ്വദിക്കാൻ നമ്മൾ സ്ത്രീകൾ മറന്നു പോകുന്നു. നമ്മൾ ഭൂമിയിൽ വന്നത് പണിയെടുക്കാൻ വേണ്ടി മാത്രമല്ല, ജീവിതത്തെ സ്നേഹിക്കാനും ആഘോഷിക്കാനും കൂടിയാണ്. ഇഷ്ടസംഗീതത്തിലൂടേയും ഇഷ്ടപുസ്തകത്തിലൂടെയുമൊക്കെ സ്വയം നവീകരിച്ചുകൊണ്ടേയിരിക്കണം.

അലിവിന്റെ (Compassion)  ചൈനീസ് ദേവതയാണ് Quan Yin (ക്വാൺ യിൻ).  ഈ ദേവതയുടെ പ്രതിമ അതിന്റെ ഒരു കൈ എടുത്തമാറ്റാൻ പറ്റുന്ന വിധത്തിലായിരിക്കും എപ്പോഴും. സഹായിക്കുന്ന കയ്യിന്റെ പ്രതീകമാണത്.  To give a helping hand എന്നു പറയാറുണ്ടല്ലോ. എന്നാൽ മറ്റുള്ളവരോടു കാണിക്കുന്ന ഈ കരുണ നമ്മൾ നമ്മോടും കാണിക്കേണ്ടതുണ്ട്. ചെറുയുവതികളെ നാടകീയമായ മേക്കപ്പിട്ട് ഡിസൈനർ വസ്ത്രങ്ങൾ ധരിപ്പിച്ച് സൗന്ദര്യമാതൃകകളാക്കി പ്രദർശിപ്പിക്കുന്ന ഫാഷൻ ആനുകാലികങ്ങൾ മുതിർന്ന സ്ത്രീകൾക്ക് സ്വന്തം ശരീരം അസ്വീകാര്യമാക്കുന്നു. ഇങ്ങനെ സ്വയം തരംതാഴ്ത്തരുത്.  നിങ്ങളുടെ ശരീരത്തിന്റേയും മനസ്സിന്റേയും ആവശ്യങ്ങളെ തനിമകളെ മാനിക്കുക. മറ്റുള്ളവരുടെ നിങ്ങളെപ്പറ്റിയുള്ള സങ്കുചിത വിധിപ്രസ്താവങ്ങൾക്കപ്പുറം പോകുക. ദയയുള്ളവരായിരിക്കുമ്പോൾത്തന്നെ നമുക്കു ചുറ്റുമുള്ള എല്ലാ പ്രശ്നങ്ങൾക്കും നമുക്ക് തനിച്ച് പരിഹാരം കാണാൻ കഴിയില്ല എന്ന യാഥാർത്ഥ്യബോധവും നിലനിർത്തുക.

പരുപരുത്ത പട്ടുപോലെയും ചെത്തിമിനുക്കാത്ത മരത്തടി പോലെയും ജീവിതത്തെ അനാർഭാടമാക്കി വെക്കാനാണ് താവോയിസം പറയുന്നത്. ജീവിതം സ്വത്വാവിഷ്ക്കാരമാകട്ടെ. ഒരു ശില്പിയെപ്പോലെ വേണ്ടാത്തത് ചെത്തിക്കളഞ്ഞ് വേണ്ട രൂപം സ്വീകരിക്കാൻ അതിനെ അനുവദിക്കുക. ചപ്പുചവറുകൾ ഒഴിവാക്കി ജീവിതത്തിൽ തുറന്ന ഇടങ്ങളും തുറന്ന നേരങ്ങളും കൈവരിക്കുക. Fulfilment  എന്നു പറഞ്ഞാൽ നിറയെ ഉണ്ടായിരിക്കുക എന്നല്ല, സാഫല്യമറിയുക എന്നാണർത്ഥം. ഏഷ്യൻ ചിത്രകലയിൽ ഒരുപാട് തുറസ്സായ ഇടങ്ങൾ കാണാം. തലയുടേയോ കയ്യിന്റെയോ ഒരു പണിക്കും ഈ പുഷ്പസമാനമായ നിമിഷത്തെ ഞാൻ വിട്ടുകൊടുക്കുകയില്ല എന്നു പറഞ്ഞു തോറോ, സ്വന്തമായൊരു മുറിക്കു വേണ്ടി വാദിച്ച വേർജീനിയാ വൂൾഫ്, തന്റെ പരീക്ഷണശാലയിൽ എപ്പോഴും ഒരു കട്ടിൽ സൂക്ഷിച്ചിരുന്ന എഡിസൺ (Edison) ഇവരെല്ലാം ഈ തത്വങ്ങൾ ഉൾക്കൊണ്ടവരാണ്. അന്തഃസാരശൂന്യമായ വിശേഷങ്ങൾ പറഞ്ഞ് നിങ്ങളുടെ സമയം കൊള്ളയടിക്കുന്നവരെ (time bandit) , ഒരു മുന്നറിയിപ്പുമില്ലാതെ വെറുതെ കടന്നു വന്ന് നിങ്ങളുടെ ഇടം കയ്യേറുന്നവരെ  (space invaders) സമർത്ഥമായി ഒഴിവാക്കണം. ഇങ്ങനെ തിരക്കും ബഹളവും ഒഴിവാക്കിയാലേ ജീവിതത്തിന് നിങ്ങളാഗ്രഹിക്കുന്ന അടുക്കും ചിട്ടയും കൈവരൂ. മനഃശാസ്ത്രജ്ഞനായ ഏബ്രഹാം മാസ്ലോ (Abraham Maslow) പറഞ്ഞ പോലെ സൗന്ദര്യം നമ്മൾ മനുഷ്യരുടെ ഒരു അടിസ്ഥാനാവശ്യമാണ് എന്ന കാര്യം മറക്കാതിരിക്കുക.

നല്ല ബന്ധങ്ങളിൽ ഒരുമയും ഏകാന്തതയും മാറിമാറി വരും. ഇവക്കിടയിലെ സന്തുലനം അതിലുൾപ്പെട്ട വ്യക്തികൾ തീരുമാനിക്കണം. ഒരുപാടുനേരം ഒട്ടിപ്പിടിച്ചിരുന്നാൽ ശ്വാസംമുട്ടും; ഏറെ നേരം അകന്നു നിന്നാൽ ബന്ധത്തിന്റെ ഗാഢത കുറയുകയും ചെയ്യും. മറ്റൊന്ന്, നിങ്ങൾക്കു വന്നു ചേരുന്ന അവസരങ്ങളെ എങ്ങനെ ഉപയോഗിക്കണം എന്നതാണ്. ഏതായാലും ഒന്നും ഉടനെ സ്വീകരിക്കുകയോ തിരസ്ക്കരിക്കുകയോ ചെയ്യരുത്. വിലയിരുത്താൻ സമയമെടുത്ത ശേഷം മാത്രം ഒരുത്തരം നൽകുക. Aggressive marketing (അതിരുവിടുന്ന വിപണനതന്ത്രങ്ങൾ) ന്റെ കാലമാണല്ലോ ഇത്. അത് നിങ്ങളെ impulsive buying (ആവേശത്തള്ളിച്ചയിലുള്ള വാങ്ങൽ) ലേക്കു നയിക്കും. ആവശ്യമില്ലാത്തത് വാങ്ങിക്കൂട്ടുന്ന സ്വഭാവം കരുതലോടെ (mindfully) ഒഴിവാക്കുക. ഇത്തരത്തിൽ, ബാഹ്യലോകത്തു നിന്നും വരുന്ന പ്രേരണകളെ സ്വന്തം ഉൾത്താളങ്ങളുമായി സംയോജിപ്പിച്ചുകൊണ്ടുള്ള ഒരു നൃത്തമാകുന്നു താവോജീവിതം.

ബാഹ്യമായ ധൈര്യപ്രകടനത്തിലല്ല, ആന്തരി

കമായ ധീരതയിലാണ് ലാവോത്സു ഊന്നുന്നത്. എവറസ്റ്റ് കൊടുമുടി കീഴടക്കുന്ന ധൈര്യമല്ല, സ്വന്തം ബോധ്യങ്ങൾക്കനുസരിച്ചു ജീവിക്കാനുള്ള ധൈര്യമാണ് അത്. കുട്ടിക്കാലത്ത് മരം കയറികളായിരുന്ന പെൺകുട്ടികൾ പിൽക്കാലത്ത് ഭീരുക്കളും ഒരുപാട് ഉൾവിലക്കുകൾക്ക് (inhibitions) അടിമകളും ആയിത്തീരുന്നതു കാണാം. മറ്റുള്ളവരുടെ സ്നേഹം നഷ്ടപ്പെടുമോ എന്നു ഭയന്ന് സ്വന്തം കഴിവുകൾ വളർത്താൻ അവർ മടിക്കുന്നു. പുരുഷാധിപത്യസമൂഹം പെൺകുട്ടികളോട് പുലർത്തുന്ന തെറ്റായ സമീപനത്തിന്റെ ഇരകളാണിവർ. എന്നാൽ നമ്മൾ പൂർണ്ണമായും നമ്മളാവുമ്പോഴാണ്, മറ്റുള്ളവരേയും അങ്ങനെയാവാൻ അനുവദിക്കുമ്പോഴാണ് നമ്മൾ സത്യത്തിൽ സ്നേഹിക്കപ്പെടുക.

സ്വന്തം അഭിപ്രായത്തെ വിഴുങ്ങി നമ്മൾ ആരാധിക്കുന്നവരുടെ അഭിപ്രായത്തെ നമ്മൾ പലപ്പോഴും പിൻപറ്റുന്നു. ഇത് നമ്മുടെ തന്നെ ശക്തിയുടെ നിരാകരണമാണ്. വിവേകിയായ ഒരുവൾ എപ്പോഴും മറ്റുള്ളവരെ ബഹുമാനിക്കുന്നു; എന്നാൽ അവൾ എപ്പോഴും സ്വന്തം ഹൃദയത്തെ മാത്രം അനുസരിക്കുന്നു. പുരുഷാധിപത്യസംസ്ക്കാരം കരുത്തിനെ നിർവചിക്കുന്നത് ബലം, മത്സരം, അധികാരം എന്നിങ്ങനെയാണ്. ഈ മാതൃക അന്ധമായി പിന്തുടരുന്ന സ്ത്രീകൾ തങ്ങളിൽ നിന്നു തന്നെ അകലുകയാണ്. തുറന്ന മനസ്സായിരിക്കുക, യാതൊരു മുൻവിധികളുമില്ലാതിരിക്കുക, ഉൾക്കൊള്ളാൻ കഴിയുക (to be receptive, open and empty) എന്നതിലാണ് യഥാർത്ഥ കരുത്ത് സ്ഥിതി ചെയ്യുന്നത് എന്നറിയുക. മൃദുവായി പാറയെ അലിയിക്കുന്ന ജലവും കൊടുങ്കാറ്റിൽ ആടിയുലഞ്ഞ് സ്വയം നിലനിർത്തുന്ന അകം ശൂന്യമായ മുളയും താവോയുടെ ഇഷ്ടബിംബങ്ങളാവുന്നത് അതുകൊണ്ടാണ്. പലപ്പോഴും നാം നമ്മുടെ ബലം ബാഹ്യമായ കാര്യങ്ങളിലാണ് ഉറപ്പിച്ചു നിർത്തുന്നത്. ഇങ്ങനെയുള്ളവരാണ് ജോലിയിൽ നിന്നു പിരിഞ്ഞു പോകുമ്പോൾ, സ്ഥാനമാനങ്ങൾ നഷ്ടപ്പെടുമ്പോൾ എല്ലാം തീർന്ന് എന്ന് ഉള്ളാലെ വിലപിക്കുന്നത്. സ്വന്തം മൂല്യങ്ങളിലും ആർജ്ജവത്തിലും ആത്മീയശക്തിയിലും തനിമയിലും വേരാഴ്ത്തിയവർക്ക് ഒരിക്കലും അത്തരം ദുരന്തങ്ങൾ സംഭവിക്കുന്നില്ല.

ഉള്ളിലേക്കു നോക്കി ജീവിക്കുമ്പോൾ ചിലപ്പോൾ ആത്മശങ്ക ഉണ്ടാവാം. ഞാനനുഭവിക്കുന്നത് യഥാർത്ഥ അന്തർജ്ഞാനമോ (intuition) അതോ വെറുമൊരു വൈകാരിക ചോദനയോ എന്ന്. രണ്ടിനേയും തിരിച്ചറിയാൻ ഡ്രെഹർ ഒരു മാർഗ്ഗം നിർദ്ദേശിക്കുന്നുണ്ട്. അതിൽ രണ്ടുകാര്യങ്ങളാണ്. ഒന്ന്, അന്തർജ്ഞാനം അമിതാവേശത്തോടെയല്ല സംഭവിക്കുന്നത്. അത് ശാന്തവും കേന്ദ്രീകൃതവും ദൃഢവുമാണ്. മറ്റൊന്ന്, അതൊരിക്കലും നിങ്ങളോട് ദുഷ്ടത്തരങ്ങൾ ചെയ്യാൻ പറയില്ല.

അവസാനമായി, എന്താണ് നിത്യയൗവനത്തിന്റെ താവോരഹസ്യം എന്നു ചോദിച്ചാൽ, അത് നിങ്ങൾക്കപ്പുറമുള്ള നിങ്ങളേക്കാൾ വലിയ എന്തിനോടെങ്കിലുമുള്ള ആനന്ദകരമായ സമർപ്പണത്തിലും അനുബന്ധപ്രവർത്തനങ്ങളിലും കുടികൊള്ളുന്നു എന്ന ഉത്തരമാവും ലഭിക്കുക.

പുസ്തകത്തിൽ നിന്ന് :

'നിങ്ങൾ നിങ്ങളേക്കാൾ എത്രയോ അധികമാണ്; നിങ്ങളുടെ കുടുംബവും തൊഴിലും ആവശ്യപ്പെടുന്നതിനേക്കാൾ എത്രയോ അധികം നിങ്ങളുടെ ജീവിതം അനന്യവും പ്രപഞ്ചത്തിന് ഒഴിച്ചുകൂടാൻ പറ്റാത്തതുമത്രെ. (p.28)

Book : Women's TAO Wisdom
Author : Diane Dreher
Publisher : Harper Collins Publishers

## കാർട്ടൂൺ



ശാസ്ത്രം



# അങ്ങകലെ വേറെയും ഭൂമികൾ ?

സീമ ശ്രീലയം

ഈ പ്രപഞ്ചത്തിൽ നാം തനിച്ചാണോ എന്ന ചോദ്യത്തിനു പഴക്കമേറെയുണ്ട്. അനന്തവും അജ്ഞാതവും അവർണ്ണനീയവുമായ ഈ പ്രപഞ്ചത്തിൽ അതിവിദൂരതയിൽ ഏതെങ്കിലുമൊരു ആകാശഗോളത്തിൽ ഏതെങ്കിലും തരത്തിലുള്ള ജീവൻ ഉണ്ടാകില്ലേ? ഈ ആകാംക്ഷച്ചോദ്യത്തിന് ഇതുവരെ കൃത്യമായൊരുത്തരം കിട്ടിയിട്ടില്ല . ഭൌമേതര ജീവൻ തേടുന്ന ഗവേഷണങ്ങൾ സമീപത്തും വിദൂരതയിലുമുള്ള ആകാശഗോളങ്ങളിൽ ജീവസാന്നിധ്യം തിരഞ്ഞുകൊണ്ടേയിരിക്കുന്നു. എക്സോബയോളജി ഗവേഷണങ്ങൾക്ക് പുതിയ ഊർജം പകരുന്നതാണ് അമേരിക്കൻ ബഹിരാകാശ ഏജൻസിയായ നാസയുടെ പുതിയ കണ്ടെത്തൽ .

സൂര്യനെപ്പോലുള്ള ഒരു നക്ഷത്രത്തിനു ചുറ്റും പരിക്രമണം ചെയ്യുന്ന ഭൌമ സമാനമായ ഏഴു ഗ്രഹങ്ങൾ ! നാസയുടെ സ്പിറ്റ്സർ ബഹിരാ!കാശ ടെലസ്കോപ്പ് ആണ് ഈ വിസ്മയദൃശ്യം ലോകത്തിനു കാണിച്ചുതന്നത്. ഇതിൽ മൂന്ന് ഗ്രഹങ്ങളിൽ ജീവന് അനുയോജ്യമായ സാഹചര്യം ഉണ്ടാവാം എന്നാണ് ഇപ്പോഴത്തെ നിഗമനം . സൌരയൂഥത്തിനപ്പുറം ഒരൊറ്റ നക്ഷത്രത്തെ ചുറ്റുന്ന ഇത്രയും ഭൌമസമാന ഗ്രഹങ്ങളെ തിരിച്ചറിയുന്നത് ഇതാദ്യം. പാറകൾ നിറഞ്ഞ ഉറച്ച പ്രതലമുള്ള ഈ ഗ്രഹങ്ങളിൽ ജലസാന്നിധ്യം ഉണ്ടാകുമെന്നു തന്നെയാണ് ഇപ്പോഴത്തെ നിഗമനം. . ഇക്കൂട്ടത്തിൽ ജീവന്റെ നിലനില്പിന് അനുയോജ്യമായ സാഹചര്യങ്ങൾ ഉള്ള മൂന്നു ഗ്രഹങ്ങളിൽ ഏതെങ്കിലും തരത്തിലുള്ള ജീവൻ ഉണ്ടോ ,അല്ലെങ്കിൽ ഉണ്ടായിരുന്നോ എന്ന സമസ്യയ്ക്ക് ഉത്തരം കണ്ടെത്താനുള്ള ശ്രമത്തിലാണ് ഇപ്പോൾ ശാസ്ത്രലോകം. ഭൂമിയിൽ നിന്നും നാല്പത് പ്രകാശവർഷം അകലെയാണ് ഈ ഗ്രഹക്കൂട്ടത്തിന്റെ സ്ഥാനം. .


സൌരയൂഥത്തിനപ്പുറം ഇപ്പോൾ കണ്ടുപിടിക്കപ്പെട്ട എക്സോപ്ലാനറ്റുകളെ ട്രാപ്പിസ്റ്റ്1 എന്നാണ് വിളിക്കുന്നത്. ചിലിയിലെ ട്രാപ്പിസ്റ്റ് ടെലസ്കോപ്പിന്റെ പേരാണ് ഈ കൊച്ചു 'സൌരയൂഥ'ത്തിനു നൽകിയിരിക്കുന്നത്. .ട്രാൻസിറ്റിങ് പ്ലാനറ്റ്സ് ആന്റ് പ്ലാനറ്റ്സിമൽസ് സ്മാൾ ടെലസ്കോപ്പ് എന്നാണ് ഠഞഅജജകടഠ ന്റെ പൂർണ്ണരൂപം. 2016 മെയ് മാ!സത്തിൽ ട്രാപ്പിസ്റ്റ് ടെലസ്കോപ്പിന്റെ സഹായത്തോടെ നടത്തിയ ഗവേഷണത്തിൽ നിന്നും ശാസ്ത്രജ്ഞർ സൌരയൂഥത്തിനപ്പുറം ഭൂമിയോളം വലിപ്പമുള്ള മൂന്ന് ഗ്രഹങ്ങളുടെ സാന്നിധ്യത്തെക്കുറിച്ചുള്ള സൂചന നൽകിയിരുന്നു. യൂറോപ്യൻ സതേൺ ഒബ് സർവേറ്ററിയുടെ വെരി ലാർജ് ടെലസ്കോപ്പും ഈ ഗവേഷണത്തിൽ പ്രയോജനപ്പെടുത്തി..ഒടുവിൽ സ്പിറ്റ്സർ ബഹിരാകാശ ടെലസ്കോപ്പ് ആണ് ഇക്കൂട്ടത്തിൽ ഏഴു ഗ്രഹങ്ങൾ ഉണ്ടെന്ന് സ്ഥിരീകരിക്കാൻ സഹായിച്ചത്. സ്പിറ്റ്സർ ലഭ്യമാക്കിയ വിവരങ്ങളിൽ നിന്നും ഗ്രഹങ്ങളുടെ വലിപ്പം, മാസ്സ്, സാന്ദ്രത എന്നിവ നാസ ഗവേഷകർ കണക്കാക്കുകയും ചെയ്തു. താഴ്ന്ന താപനിലയുള്ള ഒരു കുള്ളൻ നക്ഷത്രത്തിനു ചുറ്റുമാണ് ഏഴു ഗ്രഹങ്ങളുടെ സഞ്ചാരം. പാറകൾ നിറഞ്ഞ ഉപരിതലമുള്ള ഈ ആകാശഗോളങ്ങളുടെ ഉപരിതലത്തിൽ ദ്രാവകജലം കാണപ്പെടാനുള്ള സാധ്യത ഏറെയാണെന്ന് ഗവേഷകർ പറയുന്നു. എന്നാൽ ഇതിൽ നക്ഷത്രത്തിൽ നിന്നും ഏറ്റവും അകലത്തിലുള്ള ഏഴാമത്തെ ഗ്രഹം ഒരു മഞ്ഞുഗോളമാകാനാണ് സാധ്യത എന്നും അനുമാനിക്കപ്പെടുന്നു.

കഴിഞ്ഞ ഒരു പതിറ്റാണ്ടിനിടയിൽ സ്പിറ്റ്സർ ലഭ്യമാക്കിയ വിവരങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് ഇതെന്ന് ശാസ്ത്രലോകം വിലയിരുത്തുന്നു..ഭൌമ സമാന ഗ്രഹങ്ങൾ ,അവാസയോഗ്യമായ അന്തരീക്ഷമുള്ള ഗ്രഹങ്ങൾ , ജീവസാന്നിധ്യത്തിനു സാധ്യതയുള്ള ഗ്രഹങ്ങൾ എന്നിവ തേടുന്ന ഗവേഷണങ്ങളിലെ പുതിയ വഴിത്തിരിവാണ് ഈ കണ്ടെത്തൽ .ഇത് പ്രപഞ്ചത്തെക്കുറിച്ചുള്ള നമ്മുടെ പല ധാരണകളെയും തിരുത്തിക്കുറിക്കുകയും അറിവിന്റെ ചക്രവാളം വിശാലമാക്കുകയും ജിജ്ഞാസ വർധിപ്പിക്കുകയും ചെയ്യുന്നു. സ്പിറ്റ്സർ , ഹബ്ബിൾ , കെപ്ലർ ബഹിരാകാശ ടെലസ്കോപ്പുകളുടെ സഹായത്തോടെ തുടർഗവേഷണങ്ങൾ സാധ്യമാക്കും. 2018 ൽ നാസ വിക്ഷേപിക്കാൻ ഉദ്ദേശിക്കുന്ന ജയിംസ് വെബ്ബ് ബഹിരാകാശ ടെലസ്കോപ്പും പ്രപഞ്ചത്തിന്റെ വിദൂരതയിൽ ജീവസാന്നിധ്യവും വാസയോഗ്യമായ ആകാശഗോളങ്ങളും തേടുന്ന ഗവേഷണങ്ങളിൽ നിർണ്ണായക പങ്കു വഹിക്കും.



Printed, Published and Owned by K.Ajitha, Harithakam, Kozhikode-17
Editor : Sheeba K.M., Trishna, Ashramam Road, Kalady-683574, EKM
Email : sanghadithacalicut@gmail.com, Printed at A-one Offset Prints, Ramanattukara



INTERNATIONAL WOMEN'S DAY
MARCH on MARCH 11th
Assemble TOWN HALL 10am
Food, Concert & Films.
..PARIS THEATRE 12noon



INTERNATIONAL
March-3-2012-Monterey, Ca.
WOMEN'S DAY CELEBRATION
SECOND ANNUAL POSTER-THE WIP



INTERNATIONAL
WOMEN'S DAY
8 MARCH 2011
100 Years
WOMEN.UNIONS.RIGHTS.POWER.
PUBLIC SERVICES INTERNATIONAL www.world-psi.org


Sisters Across Borders
International Women's Day
March 8, 2007
B.C. Government and Service Employees' Union
bcgeu


8. MARCH - INTERNATIONAL
WOMEN'S DAY


International Women's Day.
March 8th
Women of the world Unite!


NO TO WATER CHARGES
INTERNATIONAL WOMEN'S DAY
WOMEN IN THE WATER CHARGES RESISTANCE
RECOGNISING WOMEN'S CONTRIBUTION
SPEAKERS ANN FARRELLY (SWORDS) JESSICA HUGHES (FINGLAS)
CAT INGLIS (DUBLIN NORTH-EAST) CAROLE WATSON PURCELL (TALLAGHT
CHAIRPERSON BETTY PURCELL
SATURDAY 7TH MARCH 2PM
JAMES CONNOLLY HOUSE
43 EAST ESSEX ST. TEMPLE BAR DUBLIN 2


March 8th
International Woman's Day
FIGHTERS FOR
NATIONAL
INDEPENDENCE

# സ്വാതന്ത്ര്യത്തിലേക്കുള്ള




**1911** ഇന്ത്യയിലെ സ്ത്രീകൾക്ക് വോട്ടവകാശം എന്ന ആവശ്യമുന്നയിച്ച് നടന്ന പ്രകടനം.




**1970** അമേരിക്ക വിയറ്റ്നാമിൽ നടത്തുന്ന യുദ്ധത്തിനെതിരെ പ്രതിഷേധവുമായി തെരുവിലിറങ്ങിയ സ്ത്രീകൾ.




**1956** കറുത്ത വർഗ്ഗക്കാരായ സ്ത്രീകൾ പ്രത്യേക പാസ്സുകൾ കൊണ്ടു നടക്കണമെന്ന ദക്ഷിണാഫ്രിക്കയിലെ വർണ്ണവെറിയൻ നയത്തിനെതിരെ സ്ത്രീകൾ വമ്പൻ പ്രകടനം നടത്തിയപ്പോൾ.


# പോരാട്ടമുഹൂർത്തങ്ങൾ




**1968** മിസ്സ് അമേരിക്കൻ സൗന്ദര്യമത്സര ത്തിനെതിരെ പ്രകടനം നടത്തി പ്രക്ഷോഭകർ ബ്രാ കത്തിച്ചപ്പോൾ.



**1973** പരിസ്ഥിതി ഒരു സ്ത്രീപ്രശ്നമാണെന്ന് സ്ഥാപിച്ചുകൊണ്ട് ചിപ്‌ക്കോ പ്രസ്ഥാനത്തിൽ സ്ത്രീകൾ മരങ്ങളെ ചുറ്റിപ്പിടിച്ച് മരംമുറി തടയുന്നു.




**1983-** പാക്കിസ്ഥാനിൽ സിയ ഉൽ ഹഖ് നടപ്പാക്കാൻ ശ്രമിച്ച നിർബന്ധിത ഇസ്ലാമീകരണത്തിനെതിരെ പ്രതിഷേധിച്ച് ദുപ്പട്ട കത്തിക്കുന്ന പ്രക്ഷോഭകർ.

# വ്യത്യസ്തമായ സമരങ്ങൾ




പെൻഷൻ ആവശ്യപ്പെട്ട് ദേവദാസികൾ മുംബൈയിൽ സമരം ചെയ്യുന്നു.




മുലയൂട്ടൽ അശ്ലീലമല്ല എന്ന മുദ്രാവാക്യവുമായി പോളണ്ടിൽ പരസ്യമായി മുലയൂട്ടുന്ന അമ്മമാർ.



ഫിലിപ്പീൻസിൽ അടിവസ്ത്ര നിർമ്മാണശാലയിലെ തൊഴിലാളികൾ വേതനവർദ്ധനവ് ആവശ്യപ്പെട്ടു നടത്തിയ അടവസ്ത്രപ്രതിഷേധം.



ഇറാനിൽ നടക്കുന്ന വധശിക്ഷകൾക്കെതിരെ പാരീസിൽ ഫിമെൻ പ്രവർത്തക പ്രതിഷേധിക്കുന്നു.



സെർബിയയിൽ ന്യൂനപക്ഷ അവകാശധ്വംസനങ്ങൾക്കെതിരെ പ്ലാസ്റ്റിക്ബാഗ് കൊണ്ട് സ്വയം പൊതിഞ്ഞ് പ്രതിഷേധം.




തങ്ങളെ പ്രതികൂലമായി ബാധിക്കുന്ന പെൻഷൻ ഭേദഗതിക്കെതിരെ പ്രതിഷേധിക്കുന്നവരെ റയട്ട് പോലീസിൽനിന്നും പ്രതിരോധിക്കുന്ന സ്ത്രീ.